# കാഞ്ഞിരപ്പള്ളി
# രൂപതാ ബുള്ളറ്റിൻ



**ജനുവരി 2024**

**ദനഹാത്തിരുനാൾ മംഗളങ്ങൾ**

ജനുവരി 20–ന് നാമഹേതുകത്തിരുനാൾ
ആഘോഷിക്കുന്ന സിഞ്ചെല്ലൂസ്
പെരിയ ബഹുമാനപ്പെട്ട സെബാസ്റ്റ്യൻ
(ബോബി അലക്സ്) മണ്ണംപ്ലാക്കലച്ചന്
രൂപതാകുടുംബത്തിന്റെ
പ്രാർത്ഥനാശംസകൾ





# നവവൈദികർക്ക് പ്രാർത്ഥനാശംസകൾ



**ഫാ. ജോസഫ് ഇരുപ്പക്കാട്ട്**
സെന്റ് മേരീസ് ചർച്ച്
കാഞ്ചിയാർ
27 - 12 - 2023



**ഫാ. തോമസ് ചേനപ്പുരയ്ക്കൽ**
സെന്റ് തോമസ് ചർച്ച്
അമലഗിരി
28 - 12 - 2023



**ഫാ. തോമസ് കണ്ടത്തിൽ**
സെന്റ് ജോസഫ് ചർച്ച്
വെച്ചൂച്ചിറ
30 - 12 - 2023



**ഫാ. ജേക്കബ് ചാത്തനാട്ട്**
ഫാത്തിമമാതാ ചർച്ച്
പ്ലാച്ചേരി
30 - 12 - 2023



**ഫാ. അബ്രാഹം വെള്ളാപ്പള്ളി**
സെന്റ് ജോർജ് ചർച്ച്
നെയ്യാട്ടുശ്ശേരി
01 - 01 - 2024



# കാഞ്ഞിരപ്പള്ളി രൂപതാ ബുള്ളറ്റിൻ

**Vol. XLVIII** **No. 1** **ജനുവരി 2024**

# കാഞ്ഞിരപ്പള്ളി
# രൂപതാ ബുള്ളറ്റിൻ

**Vol. XLVIII** **No. 1** **ജനുവരി 2024**



| | | |
|---|---|---|
| സർക്കുലർ - കർഷകദിനം | - | 3 |
| സംയുക്ത സർക്കുലർ | - | 9 |
| സർക്കുലർ - യുവജനവർഷം | - | 13 |
| സർക്കുലർ | - | 18 |
| കച്ചേരിക്കാര്യം | - | 20 |
| പാസ്റ്ററൽ കൗൺസിൽ സമ്മേളന റിപ്പോർട്ട് | - | 22 |
| പ്രീസ്റ്റ് വെൽഫെയർ അസോസിയേഷൻ | - | 24 |
| അജപാലനോത്തേജനവിഭാഗം | - | 25 |
| റെയിൻബോ - 2021 | - | 29 |
| വിശ്വാസജീവിതപരിശീലനരംഗം | - | 30 |
| ചെറുപുഷ്പ മിഷൻലീഗ് | - | 34 |
| ബൈബിൾ അപ്പോസ്തലേറ്റ് | - | 38 |
| സീറോ മലബാർ യൂത്ത് മൂവ്മെന്റ് | - | 40 |
| കുടുംബപ്രേഷിതത്വം | - | 44 |
| പിതൃവേദി | - | 45 |
| മാതൃവേദി | - | 46 |
| മേരി മാതാ മൈനർ സെമിനാരി | - | 49 |
| മാർത്തോമാശ്ലീഹാ ദയാറ നല്ലതണ്ണി | - | 51 |
| കാത്തലിക്ക് കരിസ്മാറ്റിക് നവീകരണം | - | 52 |
| മരിയൻ റിട്രീറ്റ് സെന്റർ | - | 54 |
| സന്യസ്തർ | - | 57 |
| കെ.സി.എസ്.എൽ. | - | 62 |
| കത്തോലിക്കാ കോൺഗ്രസ് | - | 63 |
| തേനി മിഷൻ വാർത്തകൾ | - | 66 |
| മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റൽ | - | 67 |
| ഡി.സി.എം.എസ്. | - | 72 |
| ലീജിയൻ ഓഫ് മേരി | - | 73 |
| ഫ്രാൻസിസ്ക്കൻ അല്മായസഭ | - | 74 |
| വിൻസെൻഷ്യൻ വേദി | - | 75 |
| ആരോഗ്യപുനരധിവാസ മദ്യവിരുദ്ധ സമിതി | - | 78 |
| വിമല പബ്ലിക്കേഷൻസ് | - | 79 |
| Special Care Homes & Charitable institution | - | 81 |
| മലനാട് ഡവലപ്മെന്റ് സൊസൈറ്റി | - | 84 |
| ഇൻഫാം | - | 85 |
| പീരുമേട് ഡവലപ്മെന്റ് സൊസൈറ്റി | - | 86 |
| രൂപതാവാർത്തകൾ | - | 92 |
| Bishop's Engagements | - | 99 |

Ref: 39908/K-5/KCBC/OL/DS

# 2024 ജനുവരി 14 കർഷകദിനം
# കെസിബിസി ഇൻഫാം കമ്മീഷൻ
# പുറപ്പെടുവിക്കുന്ന സർക്കുലർ

മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

ഞാൻ പരാജയപ്പെട്ട കർഷകനാണ്, നെല്ലെടുത്തിട്ട് സർക്കാർ എനിക്ക് കാശ് തന്നില്ല എന്ന് പറഞ്ഞ് പൊട്ടിക്കരഞ്ഞ്, ആത്മഹത്യ ചെയ്ത കർഷകന്റെ വിലാപം ആബേലിന്റെ നിലവിളി പോലെ, കേരളത്തിന്റെ ആകാശത്തെ നൊമ്പരപ്പെടുത്തിക്കൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിലാണ്, കേരള മെത്രാൻ സമിതിയുടെ (KCBC) ഇൻഫാം കമ്മീഷൻ, കർഷകർക്കു വേണ്ടി ഈ സർക്കുലർ എഴുതുന്നത്. ഗതികെട്ട് ദാരിദ്ര്യത്തിന്റെ പിച്ചച്ചട്ടിയേന്തി, അടിമാലി ടൗണിൽ രണ്ടു വയോധിക സ്ത്രീകൾ പ്രതിഷേധിച്ചതും നമുക്ക് മറക്കാറായിട്ടില്ല. തങ്ങളെ സംരക്ഷിക്കാൻ ഭരണഘടനാപരമായി ഉത്തരവാദിത്തപ്പെട്ട സർക്കാരിനു മുമ്പിൽ, കർഷകരും കർഷക ബന്ധുക്കളും നിലനിൽപ്പിനായി പ്രതിഷേധിക്കുമ്പോൾ, 'ഇവിടെ കൃഷി ചെയ്തില്ലെങ്കിലും ഒന്നും സംഭവിക്കാനില്ല' എന്ന തരത്തിലുള്ള നിരുത്തരവാദപരമായ പ്രസ്താവനകൾ, ബഹുമാന്യരായ ഭരണകർത്താക്കളിൽ നിന്നുണ്ടായതും നമ്മെ വല്ലാതെ അസ്വസ്ഥതപ്പെടുത്തുകയും ആശങ്കപ്പെടുത്തുകയും ചെയ്ത കാലം കൂടിയാണിത്. എല്ലാത്തരത്തിലും അവഗണിക്കപ്പെട്ട് കർഷകർ അതീവ ഗുരുതരമായ സ്വത്വപ്രതിസന്ധി അനുഭവിക്കുകയാണ്.

ഉല്പാദനം മുതൽ വിപണനം വരെയുള്ള സകല മേഖലകളിലും കർഷകർ സമാനതകളില്ലാത്ത അവഗണന നേരിടു

കയാണ്. കർഷകർക്ക് ആശ്രയമായ ഏതുതരം കൃഷിയും; അത് നെല്ലോ, ഏലമോ, റബ്ബറോ, കപ്പയോ ഏതുമാകട്ടെ കർഷകന്റെ ജീവസന്ധാരണത്തിന് ഉപകരിക്കപ്പെടാത്തവിധം വിലത്തകർച്ചയെ നേരിടുകയോ, വൻകിട കമ്പനികളുടെ ചൂഷണത്തിന് വിധേയമാവുകയോ ചെയ്യുകയാണ്. തങ്ങൾ വിൽക്കുന്ന ഏലക്കായ്ക്ക് പണം കിട്ടണമെങ്കിൽ കമ്പനികൾക്ക് പലിശ നൽകേണ്ട വിചിത്ര സ്ഥിതിയിലാണ് ഏലം കർഷകർ. ഒരു ലക്ഷം രൂപയുടെ ഏലം സ്പൈസസ് ബോർഡിന്റെ അംഗീകാരമുള്ള ഓക്ഷൻ സെന്ററുകളിലൂടെ ഒരു കർഷകൻ വിറ്റാൽ അപ്പോൾത്തന്നെ പണം ലഭിക്കണമെങ്കിൽ 7.5% മുതൽ 12% വരെ പലിശ നൽകണം. സ്വന്തം ഉല്പന്നം വിറ്റിട്ട് അതിന്റെ പണം കിട്ടാൻ പലിശ നൽകണമെന്ന വ്യവസ്ഥയേക്കാൾ ഹീനമായ ചൂഷണം മറ്റെന്തുണ്ട്?

ഇതിനേക്കാൾ ദാരുണമാണ് നെൽ കർഷകന്റെ സ്ഥിതി. വിറ്റ നെല്ലിന്റെ വില ബാങ്ക് വായ്പയായി വാങ്ങേണ്ടിവരുന്ന ദുർഗതിയിലാണ് നെൽ കർഷകർ. ചോര നീരാക്കി പാടത്തു പണിചെയ്യുന്ന കർഷകന്റെ നെല്ല് വാങ്ങിയശേഷം, രൊക്കം പണം നൽകുന്നതിനു പകരം സർക്കാർ തിരിച്ചടച്ചോളാം എന്ന വ്യവസ്ഥയിൽ വായ്പ തരപ്പെടുത്തിക്കൊടുത്തിട്ട്, കർഷകനെ കുടുക്കിലാക്കുന്ന ചതിയാണ് നെൽക്കർഷകരോട് ചെയ്യുന്നത്. സർക്കാർ വായ്പ തിരിച്ചടയ്ക്കുന്നില്ല. അതിന്റെ ഭാരം കർഷകന്റെ മേൽ വരുന്നു. വായ്പ കുടിശ്ശിക ചൂണ്ടിക്കാട്ടി ബാങ്കുകൾ കർഷകന് പുതിയ വായ്പ നിഷേധിക്കുന്നു. ഓർക്കണം തകഴിയിൽ കർഷകൻ ആത്മഹത്യ ചെയ്തത് ഈ ഊരാക്കുടുക്കിൽ പെട്ടാണ്. കർഷകർക്കു മുൻഗണന നൽകാതെ മാറിമാറി ഭരണം നടത്തിയ എല്ലാ സർക്കാർ സംവിധാനങ്ങളും

കർഷകനെ ദരിദ്രനും നിസ്സഹായനുമാക്കിക്കളഞ്ഞു. 1980കളിൽ 44 ശതമാനമായിരുന്ന കേരളത്തിന്റെ കാർഷിക വളർച്ച കേവലം 40 വർഷം കഴിയുമ്പോൾ വെറും 12% എന്ന ദയനീയ സ്ഥിതിയിലേയ്ക്ക് കൂപ്പുകുത്തിയിരിക്കുകയാണ്.

മലബാറിലും മധ്യകേരളത്തിലും മലയോര മേഖലകളിലും റബ്ബറിനെ മുഖ്യ ഉപജീവനമാർഗ്ഗമായി കരുതിയിരുന്നവരും കുട്ടികൾക്ക് വിദ്യാഭ്യാസം കൊടുക്കാൻ പോലും പറ്റാത്തവിധം സാമ്പത്തികമായി ശോചനീയ അവസ്ഥയിലായിക്കഴിഞ്ഞിരിക്കുന്നു. റബ്ബറിന് 250 രൂപ നൽകുമെന്ന് പ്രകടന പത്രികയിൽ പറഞ്ഞവർക്ക് ഒന്നും ചെയ്യാനാകുന്നില്ല. കർഷകരുടെ പക്ഷം നിൽക്കുന്നുവെന്ന് പറയുന്ന രാഷ്ട്രീയ പാർട്ടികൾക്കുപോലും ആർജ്ജവത്തോടെ ശബ്ദിക്കാനാകുന്നില്ല. അവരെല്ലാം കർഷകന്റെ ശബ്ദം ഉച്ചത്തിൽ വിളിച്ചു പറയുന്നവരുടെ വായടപ്പിക്കാൻ പാടുപെടുകയാണ്. മാധ്യമങ്ങൾപോലും കർഷകനെ കയ്യൊഴിയുന്ന സങ്കടകരമായ അവസ്ഥയാണ്. പ്രകൃതി ക്ഷോഭം മൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് വർഷങ്ങളായി നഷ്ടപരിഹാരം ലഭിക്കുന്നില്ല. ഉത്തരവാദിത്തപ്പെട്ടവർക്ക് കർഷകർ പരാതി നൽകുമ്പോൾ 'വെറുതെ നടന്ന് കാലു തേയാമെന്നേയുള്ളു' എന്ന മനസ്സു മടുപ്പിക്കുന്ന മറുപടിയാണ് തിരികെ ലഭിക്കുന്നത്. ഇതിനെല്ലാം പുറമേയാണ് വനം വകുപ്പിന്റെ ഭാഗത്തുനിന്നുണ്ടാകുന്ന അന്യായവും അനീതിപരവുമായ നീക്കങ്ങൾ. അവർ കൃഷിഭൂമി കയ്യേറുന്നു. വന്യമൃഗങ്ങൾ കാടിറങ്ങുന്നു. ആനയും കടുവയും കാട്ടുപന്നിയുമൊക്കെ കർഷകന്റെ ഭൂമിയിലിറങ്ങി പൂണ്ടുവിളയാട്ടം നടത്തുകയും ജീവനെടുക്കുകയുമാണ്. എരുമേലിയിലും അഞ്ചലിലും കാട്ടുപോത്തിന്റെ ആക്രമണങ്ങളിൽ കൊല്ലപ്പെട്ട തോമായും ചാക്കോയും സാമുവലും കാട്ടാന

കളുടെ ശല്യംമൂലം വീടു പോലും ഉപേക്ഷിച്ചു പോകേണ്ടിവന്ന് ഒടുവിൽ പെൻഷൻ പോലും മുടങ്ങി ജീവനൊടുക്കിയ ഇരുട്ടിയിലെ സുബ്രഹ്മണ്യനുമൊക്കെ മനുഷ്യനേക്കാൾ മൃഗത്തിനു പ്രാധാന്യം കൊടുക്കുന്ന കർഷകവിരുദ്ധമായ നയങ്ങളുടെ ഇരകളാണെന്ന് നമുക്ക് മറക്കാതിരിക്കാം. മനുഷ്യവിരുദ്ധമായ എല്ലാ മൃഗസ്നേഹവാഴ്ത്തലുകളെയും നാം സംഘടിതമായി പ്രതിരോധിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. മനുഷ്യന്റെ ആവാസ വ്യവസ്ഥിതിയിൽ കടന്നു കയറി ജീവനും സ്വത്തിനും നാശം വരുത്തുന്ന വന്യമൃഗങ്ങളെ വെടിവെച്ചു കൊല്ലാനുള്ള അധികാരം ആ പ്രദേശത്തെ കർഷക കൂട്ടായ്മകൾക്കു നൽകണമെന്ന് കർഷകർക്കുവേണ്ടി കെ.സി.ബി.സി. ഇൻഫാം സമിതി സർക്കാരിനോട് ആവശ്യപ്പെടുന്നു.

സാമാന്യ ബോധത്തിനും യുക്തിക്കും നിരക്കാത്ത നിയമങ്ങൾ ആർക്കുവേണ്ടിയാണ് നിർമ്മിക്കുന്നത്? കയ്യേറ്റക്കാരെന്ന് ചിത്രീകരിച്ച് കാട്ടുമൃഗങ്ങളുടെ മുമ്പിൽ സ്വജീവൻ രക്ഷിക്കാനുള്ള അവകാശങ്ങൾ പോലും നിഷേധിച്ച്, വിൽക്കാൻ പോലും കഴിയാത്തവിധം കർഷകന്റെ വസ്തുക്കളെ നിയമത്തിൽ കുടുക്കുന്ന നടപടി ഏതു നിയമസഭയിൽ നിന്നുണ്ടായാലും അത് അവരെ വംശഹത്യ ചെയ്യുന്നതിനു കൂട്ടുനിൽക്കുന്നതിനു തുല്യമാണ്. പരിഷ്കൃത രാജ്യങ്ങളിൽ നിയതമായ എണ്ണത്തിൽ കൂടുതലായാൽ ദേശീയ മൃഗമാണെങ്കിൽപ്പോലും അതിന്റെ മാംസം ചന്തയിൽ വാങ്ങാൻ കിട്ടും എന്നോർക്കണം. എന്തൊരു യുക്തിഭദ്രതയില്ലാത്ത നിയമമാണ് നമ്മുടേത്? മുനുഷ്യൻ മരിച്ചാലും മൃഗത്തിന്റെ മഹിമ ആഘോഷിക്കപ്പെടണം. അക്രമകാരികളായ മൃഗങ്ങളെ കൊല്ലാനുള്ള നിയമം പാസ്സാക്കാൻ ജനങ്ങളുടെ പ്രതിനിധികളായവർ തയ്യാറാകുന്നില്ലെങ്കിൽ ഈ

സംസ്കാരത്തെ പ്രാകൃതമായ ഏതോ ഭൂതകാലത്തേക്ക് തിരികെ നയിക്കുന്നതിനു തുല്യമാകും.

ഭരിക്കുന്ന സർക്കാരുകൾക്കേ കർഷകരെ രക്ഷിക്കാനാകൂ. ഇനിയും കർഷകന്റെ കണ്ണീർ നമ്മുടെ മണ്ണിൽ വീഴാൻ ഇടവരുത്തരുത്. അവരുടെ മുടങ്ങിക്കിടക്കുന്ന ക്ഷേമപെൻഷനുകൾ നൽകണം. പ്രകൃതിക്ഷോഭം മൂലം നശിച്ച കൃഷികൾക്ക് ആശ്വാസപ്രദമായ നഷ്ടപരിഹാരമെങ്കിലും നൽകണം. കർഷകന്റെ ഭൂമിയിൽ കടന്നു കയറുന്ന വനംവകുപ്പിന്റെ നടപടികൾ അവസാനിപ്പിക്കണം. മനുഷ്യന്റെ ആവാസ വ്യവസ്ഥിതിയിലേക്ക് വന്യമൃഗങ്ങൾ കടന്നു കയറാത്തവിധം പരിഷ്കൃത രാജ്യങ്ങളിലേതുപോലെ വനത്തിനു ചുറ്റും ഫലപ്രദമായ കിടങ്ങുകളോ വേലിക്കെട്ടുകളോ നിർമ്മിക്കണം. റബ്ബറിന് പ്രകടന പത്രികയിൽ വാഗ്ദാനം ചെയ്ത വിലനൽകാൻ ആർജ്ജവം കാണിക്കണം. നെല്ലുകർഷകനും ഏലം കർഷകനും അവരുടെ വിളവിന്റെ വില നൽകണം. കർഷകനുവേണ്ടി ശബ്ദമുയർത്താനുള്ള ധൈര്യം രാഷ്ട്രീയപാർട്ടികൾക്കും മാധ്യമങ്ങൾക്കുമുണ്ടാകണം.

ഈ സർക്കുലർ അവസാനിപ്പിക്കുമ്പോൾ കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ (കെ.സി.ബി.സി.) ഇൻഫാം കമ്മീഷന് കുടുംബങ്ങൾക്ക് നല്കാൻ പ്രത്യേകമായൊരാഹ്വാനമുണ്ട്. കൃഷിയുടെ പാരമ്പര്യം നാം കൈമോശം വരുത്തരുത്. നമ്മുടെ കർത്താവ് ഈശോമിശിഹാ കൃഷിയേയും അതിന്റെ പാരമ്പര്യത്തേയും സ്നേഹിച്ചവനാണ്. അവിടുന്ന് പറഞ്ഞ ഉപമകളിൽ, അത് മുന്തിരിത്തോട്ടത്തിന്റെയും കൃഷിക്കാരുടെയും ഉപമയാകട്ടെ, വിതക്കാരന്റെ ഉപമയാകട്ടെ, കടുകുമണിയുടെ ഉപമയാകട്ടെ, വയലിന്റെയും നിധിയുടെയും ഉപമയാകട്ടെ,

ഭൂരിഭാഗവും കൃഷിയുമായി ബന്ധപ്പെട്ടതായിരുന്നു. അതിനാൽ നമ്മുടെ ഭവനങ്ങളോട് ചേർന്ന് ഓരോ വീടിനും സ്വന്തമായി ഒരു കൃഷിത്തോട്ടമുണ്ടാകണം. അവിടെ ആഴ്ചയിൽ ഒരു ദിനമെങ്കിലും മണ്ണിൽ പണിയാൻ ഡോക്ടറോ, എഞ്ചിനീയറോ, ബിസിനസ്സുകാരനോ, അധ്യാപകനോ ആരുമാകട്ടെ തയ്യാറാകണം. ദിവസം ഒരു നേരമെങ്കിലും നമ്മൾ സ്വന്തമായി ഉദ്പാദിപ്പിച്ച ഭക്ഷ്യവിഭവങ്ങൾ കൂട്ടി ആഹാരം കഴിക്കാൻ നമുക്കാവണം. അങ്ങനെ നമുക്ക് കാർഷികവൃത്തിയെ നമ്മുടെ സംസ്കാരത്തിന്റെ ഭാഗമായി നിലനിർത്താം. കർഷകന്റെ ശബ്ദമായ ഇൻഫാമിന് സകല പിന്തുണയും നൽകാൻ തയ്യാറാകാം.

മിശിഹായിൽ സ്നേഹപൂർവ്വം,

കെ.സി.ബി.സി. ഇൻഫാം സമിതിക്കുവേണ്ടി

**ബിഷപ്പ് റെമേജിയൂസ് ഇഞ്ചനാനിയിൽ**

ഇൻഫാം ദേശീയ കമ്മീഷൻ ചെയർമാൻ

പി.ഒ.സി.,
കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി - 682 025

NB: 2024 ജനുവരി 14-ാം തീയതി ഈ സർക്കുലർ കേരള കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്കു വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

# സംയുക്ത സർക്കുലർ

## ജീവന്റെ മൂല്യം ഉയർത്തിപ്പിടിക്കാം, സംരംഭകത്വ മുന്നേറ്റത്തിലൂടെ രാജ്യപുരോഗതിയിൽ പങ്കുചേരാം

ഈശോയിൽ പ്രിയസഹോദരരേ,

പുതുവത്സരത്തിന്റെയും ദനഹാത്തിരുനാളിന്റെയും മംഗളങ്ങൾ ഏവർക്കും സ്നേഹപൂർവം നേരുന്നു.

തിരുസഭയിലെ ഏറ്റവും പ്രധാനപ്പെട്ട തിരുനാളുകളിലൊന്നാണ് ദനഹാ തിരുനാൾ. ഈശോയുടെ മാമോദീസായും അതോടനുബന്ധിച്ച് പരിശുദ്ധ ത്രിത്വത്തിന്റെ വെളിപ്പെടുത്തലും പിതാവായ ദൈവം പുത്രനായ മിശിഹായെ സാക്ഷ്യപ്പെടുത്തുന്നതുമാണ് ദനഹാത്തിരുനാളിൽ നാം ആഘോഷിക്കുന്നത്.

വെളിച്ചത്തിന്റെ തിരുനാളുമാണ് ദനഹാ. ലോകത്തിന്റെ പ്രകാശമായി ഈശോ തന്നെത്തന്നെ വെളിപ്പെടുത്തി. ഈ വെളിച്ചത്തിൽ ദൈവത്തെ നമ്മൾ അറിയുന്നു. ദൈവം നന്മയാണെന്നും സ്നേഹമാണെന്നും രക്ഷകനാണെന്നും നമ്മോടൊത്തു വസിക്കുന്നുവെന്നുമൊക്കെ ഈശോയിലൂടെ അറിയുന്നു. ദൈവം നമുക്കു ധാരാളം കഴിവുകൾ നൽകിയിട്ടുണ്ടെന്നും അവയെ തിരിച്ചറിഞ്ഞ് പ്രയോജനപ്പെടുത്തിയാൽ ജീവിതം വിജയിപ്പിക്കാമെന്നും ഈശോ പഠിപ്പിച്ചു (താലന്തിന്റെ ഉപമ). സ്വന്തം കഴിവുകൾ തനിക്കുവേണ്ടി മാത്രമല്ല, മറ്റുള്ളവർക്കുവേണ്ടിക്കൂടി വിനിയോഗിക്കണമെന്നും പഠിപ്പിച്ചു. പരസ്പരം സ്നേഹിച്ചും പങ്കുവച്ചും സഹായിച്ചും സഹകരിച്ചും കൂട്ടായ്മയിൽ ജീവിക്കാൻ ഈശോ തന്റെ ശിഷ്യരെ പരിശീലിപ്പിച്ചു. നമ്മുടെ ജീവിതത്തെ മുഴുവൻ പ്രകാശിപ്പിക്കുകയും ഉത്തേജിപ്പിക്കുകയും ചെയ്യുന്ന സത്യവെളിച്ചമായ ഈശോയിലൂടെയുള്ള ദൈവാവിഷ്കാരത്തിന്റെ ആഘോഷമായ ദനഹാത്തിരുന്നാളിൽ ക്രിയാത്മകമായ സംരംഭകമുന്നേറ്റത്തിനുള്ള ഒരുക്കത്തിന് ഔദ്യോഗികമായി ആരംഭംകുറിക്കുകയാണ്.

2023 ഒക്ടോബറിൽ ചങ്ങനാശ്ശേരി, പാലാ, കാഞ്ഞിരപ്പള്ളി രൂപതകൾക്കായി നടത്തപ്പെട്ട NEST 23 ന്റെ തുടർച്ചയായി, WINGS 2.0

രാജ്യത്തിന്റെ വികസനസ്വപ്നങ്ങൾക്കു കൂടുതൽ പ്രതീക്ഷകൾ നൽകി ജനുവരി 05 വൈകുന്നേരം ദനഹാത്തിരുനാളിനോടനുബന്ധിച്ച് തുടക്കംകുറിക്കുന്നു.

നസ്രാണിമാർഗം കൂട്ടായ്മ ഒരുക്കിയ NEST 23 ന്റെ തുടർച്ചയാണ് WINGS 2.0 സഭയുടെ ചൈതന്യത്തോടു ചേർന്നുനിന്നുകൊണ്ട് ഏറ്റവും വിജയപ്രദമായ രീതിയിൽ NEST 23 പൂർത്തീകരിച്ച നസ്രാണിമാർഗം കൂട്ടായ്മയിലെ ഏവരെയും പ്രത്യേകം അനുമോദിക്കുന്നു.

2024 ജൂൺ 15, 16, 17 തീയതികളിൽ ചങ്ങനാശ്ശേരി സെന്റ് ബർക്മൻസ് കോളേജിൽ നടത്തപ്പെടുന്ന ഈ ത്രിദിനസംഗമത്തിൽ ജീവന്റെ മൂല്യവും പരിസ്ഥിതിയുടെ സംരക്ഷണവും കാർഷികമേഖലയും അസിസ്റ്റീവ് ടെക്നോളജിയും ഹാക്കതോണിലെ പ്രധാനവിഷയങ്ങളാണ്. അതോടൊപ്പം, ജീവന്റെ മൂല്യത്തിനു പ്രാധാന്യംനൽകുന്ന ഫിലിം ഫെസ്റ്റിവലും രാജ്യത്തിന്റെ സമൂഹിക-രാഷ്ട്രീയ-വിദ്യാഭ്യാസവിഷയങ്ങളിൽ ചർച്ചകളും എക്യുമെനിക്കൽ കോൺഫറൻസും മികച്ച ഫാർമേഴ്സ് പ്രൊഡ്യൂസർ ഓർഗനൈസേഷനുകൾക്കു തങ്ങളുടെ കാർഷികോത്പന്നങ്ങൾ പ്രദർശിപ്പിക്കാൻ അവസരവും എക്സിബിഷനുമുണ്ടായിരിക്കും. ഇതോടനുബന്ധിച്ച് ജനുവരി മാസം മുതൽ മെയ് മാസംവരെ, സഭയുടെ ആരാധനക്രമവുമായി ബന്ധപ്പെട്ട പഠനങ്ങൾ നടത്തുന്നതും വിജയകരമായി പൂർത്തിയാക്കുന്നവർക്ക് ഇടവകതലത്തിൽ സമ്മാനങ്ങൾ നൽകുന്നതുമാണ്.

എല്ലാവരെയും ഉൾക്കൊണ്ടുകൊണ്ട് രാജ്യത്തിന്റെയും സമൂഹത്തിന്റെയും നന്മയ്ക്കായി ആധുനികസാങ്കേതികവിദ്യകളുടെ സഹായത്തോടെ സംരംഭങ്ങളാരംഭിക്കുന്നതിനും ഫണ്ടിങ്ങിന് സാധ്യതകൾ ഒരുക്കിയും ഉയർന്ന ഗവേഷണങ്ങൾക്കു സാങ്കേതികവിദ്യകൾ പ്രയോജനപ്രദമാകുന്ന രീതിയിൽ അവസരം സൃഷ്ടിച്ചുമാണ് വിങ്സ് 2.0 ഒരുക്കിയിരിക്കുന്നത്.

ഇന്ത്യയിലെ മികച്ച ഇൻസ്റ്റിറ്റ്യൂട്ടുകളും മെഡിക്കൽകോളേജുകളും അന്താരാഷ്ട്രകമ്പനികളും ഇതിന്റെ ഭാഗമാകും. ചങ്ങനാശ്ശേരി അസംപ്ഷൻ കോളേജിന്റെയും പാലാ അൽഫോൻസാ കോളേജിന്റെയും നേതൃത്വത്തിൽ സ്ത്രീകൾക്കു പ്രത്യേകമായി ഫണ്ടിങ്ങിന് അവസരവും സ്ത്രീസംരംഭകർക്കു പിന്തുണയും നൽകുന്നതാണ്.

ഇതിനൊരുക്കമായി ഏതാണ്ട് ആറുമാസകാലയളവിൽ ഘട്ടംഘട്ടമായി രൂപതാതലത്തിൽ യുവദീപ്തി, മാതൃവേദി, പിതൃവേദി എന്നിവയുടെ ആഭിമുഖ്യത്തിൽ കൂടുതൽ ആളുകളെ ഹാക്കതോണിനായി ഒരുക്കുവാനും അങ്ങനെ ഒരിടവകയ്ക്ക് ഒരു സംരംഭം എന്ന സ്വപ്നം സാക്ഷാത്കരിക്കാനും ഇതിലൂടെ അവസരമൊരുങ്ങും. രാജ്യത്തെ മികച്ച ഗവേഷകരും സംരംഭകരും സിവിൽസർവീസ് ഓഫീസേഴ്സും രൂപതയുടെ വിവിധ സംഘടനകൾവഴി വിശ്വാസികൾക്കു പരിശീലനങ്ങൾ നൽകും.

നമ്മുടെ മുമ്പിലുള്ള സാധ്യതകളെ നല്ല സംരംഭങ്ങളാക്കിയുയർത്തി കൂടുതൽ ആളുകൾക്കു ജോലികൾ നൽകുവാനും അതിലൂടെ രാജ്യത്തിന്റെ സമ്പദ്‌വ്യവസ്ഥയെ ശക്തിപ്പെടുത്തുവാനും നിങ്ങൾക്കേവർക്കും സാധിക്കട്ടെയെന്നു പ്രത്യേകം ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

## തയ്യാറെടുപ്പ്

ആറുമാസക്കാലം പ്രാർത്ഥനകളും പഠനങ്ങളും കാലോചിതമായ ചർച്ചകളും ഗവേഷണങ്ങളും നടത്തപ്പെടുന്നു. രാജ്യത്തെ മുൻനിര കമ്പനികളോടൊപ്പം മൂന്നു രൂപതകളുടെയും പ്രവാസി അപ്പോസ്തലേറ്റ് വഴിയും മികച്ചസംരംഭങ്ങൾക്കു നിക്ഷേപങ്ങളുറപ്പാക്കുവാൻ WINGS 2.0 അവസരമൊരുക്കുന്നതാണ്.

ഇതിനു തുടക്കംകുറിച്ച് ലോകത്തിന്റെ പ്രകാശമായ മിശിഹായെ, നമ്മുടെ ഭവനങ്ങളിലും സ്ഥാപനങ്ങളിലും ദനഹാത്തിരുനാളിൽ സ്വീകരിക്കുവാൻ സഭ പ്രത്യേകമായി പ്രാർത്ഥിച്ചൊരുങ്ങുന്നു.

ചങ്ങനാശ്ശേരി മാർക്കറ്റിലുള്ള കുരിശുപള്ളിയിൽ ഇതിനു തുടക്കമെന്നോണം ആഘോഷപൂർവകമായ റംശാനമസ്കാരവും പ്രദക്ഷിണവും പിണ്ടികുത്തിത്തിരുനാളുമുണ്ടായിരിക്കുന്നതാണ്. ഇതേസമയം ജനുവരി 5 വൈകുന്നേരം, പാലാ കത്തീഡ്രൽപള്ളിയിലും കാഞ്ഞിരപ്പള്ളി സെന്റ് ഡോമിനിക്സ് കത്തീഡ്രലിലും അഭിവന്ദ്യ പിതാക്കന്മാർ ദനഹാത്തിരുനാളിനു നേതൃത്വം കൊടുക്കുന്നതാണ്.

ചങ്ങനാശ്ശേരിയിലും കാഞ്ഞിരപ്പള്ളിയിലും പാലായിലും നടത്തപ്പെടുന്ന ദനഹാത്തിരുനാളിൽ യുവജനങ്ങളെയും മാതാപിതാക്ക

ളെയും സംരംഭകരെയും പ്രത്യേകം സ്വാഗതം ചെയ്യുകയും നമ്മുടെയെല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും കുടുംബങ്ങളിലും തിരുനാളിന്റെ അർത്ഥം ഉൾക്കൊണ്ടുകൊണ്ട് ഏറ്റവും മനോഹരമായരീതിയിൽ ദനഹാത്തിരുനാൾ ആഘോഷിക്കുവാൻവേണ്ട ക്രമീകരണങ്ങൾ ചെയ്യണമെന്ന് ഓർമിപ്പിക്കുകയും ചെയ്യുന്നു.

അന്യംനിന്നുപോകുന്ന സംരംഭകത്വത്തിനു ദനഹാത്തിരുനാളിൽ തെളിയുന്ന ദീപങ്ങൾ പുതിയ പ്രതീക്ഷകൾ നൽകട്ടെ. നമ്മുടെ പൂർവികരുടെ ഇടയിലുണ്ടായിരുന്ന മികച്ച സംരംഭകത്വത്തിന്റെ നല്ല സംസ്കാരം തിരികെപ്പിടിക്കുവാൻ ഈ തിരുനാൾ യുവതലമുറയ്ക്ക് ഉണർവേകട്ടെയെന്ന് ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തുകൊണ്ട്

ഈശോയിൽ സ്നേഹപൂർവം,

**ആർച്ചുബിഷപ് ജോസഫ് പെരുന്തോട്ടം**

ചങ്ങനാശ്ശേരി അതിരൂപതാ മെത്രാപ്പോലീത്ത

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**

പാലാ രൂപതാ മെത്രാൻ

**ബിഷപ് ജോസ് പുളിക്കൽ**

കാഞ്ഞിരപ്പള്ളി രൂപതാ മെത്രാൻ

വിശദവിവരങ്ങൾക്ക്: www.nazranimargam.org സന്ദർശിക്കുക

ഫോൺ: 9567616202

പിറവിക്കാലം ഒന്നാംതിങ്കൾ

നമ്മുടെ കർത്താവീശോമിശിഹായുടെ പിറവിത്തിരുനാൾദിനത്തിൽ നൽകപ്പെട്ടത്.

25.12.2023

പിറവിത്തിരുനാൾ

---

NB: 2023 ഡിസംബർ 31 ഞായറാഴ്ച വായിക്കുകയോ ഉള്ളടക്കം വിശ്വാസികൾക്കു വിശദീകരിച്ചുകൊടുക്കുകയോ ചെയ്യാനായി നൽകപ്പെട്ട സർക്കുലർ.

No. 3997/K-5/KCBC/OL/DS

# 2024 യുവജനവർഷം
# കെ.സി.ബി.സി പുറപ്പെടുവിക്കുന്ന സർക്കുലർ

ക്രിസ്തുവിൽ പ്രിയ സഹോദരീസഹോദരന്മാരേ,

യേശുവിന്റെ തിരുപ്പിറവിയുടെയും പുതുവർഷത്തിന്റെയും ആശംസകൾ ഏവർക്കും സ്നേഹപൂർവ്വം നേരുന്നു.

പരിശുദ്ധ ഫ്രാൻസിസ് പാപ്പാ 2022-ൽ പ്രഖ്യാപിച്ച സിനഡാത്മക സഭയുടെ നവീകരണയത്നത്തിന്റെ പശ്ചാത്തലത്തിൽ 2022 ജൂൺ 5-ന് കേരള കത്തോലിക്കാസഭയിൽ 'സഭ ക്രിസ്തുവിൽ പണിയപ്പെട്ടു കൊണ്ടിരിക്കുന്ന ഭവനം' എന്ന ആപ്തവാക്യവുമായി നവീകരണ കാലഘട്ടം ആരംഭിച്ചുവെന്നത് ഏവർക്കും അറിവുള്ളതാണല്ലോ. അതിന്റെ ഭാഗമായി 2023 ദിവ്യകാരുണ്യ വർഷമായി ആചരിച്ചു. യുവജനശുശ്രൂഷയിൽ പുതിയ ഉണർവ് നല്കുന്നതിന് കേരള കത്തോലിക്കാമെത്രാൻ സമിതി (KCBC) 2024-നെ കേരള കത്തോലിക്കാസഭയിൽ യുവജനവർഷമായി പ്രഖ്യാപിക്കുന്നു. ഈ യുവജനവർഷാചരണം കേരള കത്തോലിക്കാ സഭയ്ക്ക് വലിയ പ്രചോദനവും ആവേശവും ലഭ്യമാക്കട്ടെയെന്ന് പ്രത്യാശിക്കുന്നു.

**കെസിബിസി യുവജനകമ്മീഷൻ**

കേരളത്തിലെ വ്യക്തിഗതസഭകളായ സീറോ-മലബാർ, ലത്തീൻ, സീറോ-മലങ്കര സഭകളുടെ സംയുക്ത വേദിയായ കെസിബിസിയുടെ യുവജനകമ്മീഷനാണ് 2024 ലെ യുവജനവർഷാചരണത്തിനുള്ള കർമ്മപദ്ധതികൾക്ക് നേതൃത്വം നല്കുന്നത്. കെസിബിസി യുവജനകമ്മീഷന് സാരഥ്യം വഹിക്കുന്നത് അഭിവന്ദ്യ ക്രിസ്തുദാസ് പിതാവ് ചെയർമാനായും വന്ദ്യരായ മാത്യൂസ് മാർ പോളികാർപ്പസ് പിതാവും മാർ ജോസഫ് പണ്ടാരശ്ശേരി പിതാവും

വൈസ് ചെയർമാന്മാരും ബഹു. ഫാദർ സ്റ്റീഫൻ തോമസ് ചാലക്കര സെക്രട്ടറിയും ആയിട്ടുള്ള ടീമാണ്. കമ്മീഷന്റെ പ്രവർത്തനമേഖല യിൽ വരുന്ന എല്ലാ യുവജന പ്രസ്ഥാനങ്ങളെയും ചേർത്തുനിർത്തി യുള്ള യുവജനവർഷാചരണത്തിന് ഇവർ നേതൃത്വം നല്കുന്നതാ ണ്. കേരളത്തിലെ മൂന്നു റീത്തുകളിലെയും യുവജനപ്രസ്ഥാനങ്ങൾ, കേരളത്തിൽ പ്രവർത്തിച്ചുവരുന്ന വിവിധ കത്തോലിക്കാ യുവജന സംഘടനകൾ എന്നിവർ ഒരുമിച്ചു സഹകരിച്ച് യുവജനവർഷം ഉചി തമായി ആചരിക്കണമെന്ന് താല്പര്യപ്പെടുന്നു.

**യുവജന വർഷത്തിന്റെ ആപ്തവാക്യം**

'കണ്ണിൽ കനിവും കരളിൽ കനലും കാലിൽ ചിറകുമുള്ള ക്രൈസ്തവ യുവത്വം' (Christian Youth with Compassionate Eyes, Passionate Heart and Fire winged Feets). പിതാവായ ദൈവത്തിന്റെ കരുണയുള്ള കണ്ണുകളും പുത്രനായ ദൈവത്തിന്റെ തീക്ഷ്ണ ഹൃദയവും പരിശുദ്ധാത്മാവായ ദൈവത്തിന്റെ അഗ്നി ചിറകുള്ള കാലുകളും ക്രൈസ്തവ യുവതയുടെ ലക്ഷണങ്ങളായി മാറണമെന്ന ആഹ്വാനം പേറുന്നതാണ് ഈ ആപ്തവാക്യം. 'ക്രിസ്തുവിൽ വേരൂന്നിയതും വിശ്വാസത്തിൽ ഉറച്ചതുമായ യുവജനം' എന്ന യുവജന കമ്മീഷന്റെ മുഖ്യ പ്രമേയത്തിൽ നിന്ന് ഉരുത്തിരിഞ്ഞതാണ് യുവജന വർഷത്തിന്റെ ഈ ആപ്തവാക്യം.

**യുവജനവർഷ പ്രഖ്യാപനത്തിന്റെ ലക്ഷ്യങ്ങൾ**

മനുഷ്യജീവിതത്തിന്റെ സുവർണ്ണ കാലഘട്ടമാണ് യുവത്വം. സജീവവും സർഗ്ഗാത്മകവുമായ ഇടപെടലുകളിലൂടെ കുടുംബത്തിലും സഭയിലും സമൂഹത്തിലും മാറ്റങ്ങൾ സൃഷ്ടിക്കാൻ കഴിയുന്ന കാലം. യേശു ജ്ഞാനത്തിലും പ്രായത്തിലും ദൈവപ്രീതിയിലും വളർന്നതുപോലെ (ലൂക്കാ 5.52) യുവജനങ്ങൾ പക്വതയിലേക്ക് വളരുവാൻ സജ്ജരാക്കുകയെന്ന സഭയുടെ ലക്ഷ്യം തീക്ഷ്ണമായി ഓർമ്മിപ്പിക്കുന്നതിന് ഉതകുന്നതാകണം യുവജനവർഷം. സഭ അവരെ ചേർത്തു പിടിക്കുന്നു എന്ന

ബോധ്യവും അവർ സഭയോട് ചേർന്നു നടക്കുന്നു എന്ന തിരിച്ചറിവും നല്കാൻ തക്കവിധം പ്രചോദനാത്മകമാകണം ആചരണം.

**യുവജന വർഷാചരണത്തിന്റെ പൊതു മാർഗ്ഗനിർദേശങ്ങൾ**

സഭയിൽ യുവജനങ്ങൾക്കായ് നടത്തുന്ന അനേകം പരിപാടികളിൽ ഒന്നായി യുവജനവർഷാചരണം മാറാതിരിക്കാൻ എല്ലാ പദ്ധതികൾക്കും ബാധകമാവുന്ന ചില പൊതുനിർദ്ദേശങ്ങൾ ചേർക്കുന്നു.

1. സഭയേയും സമൂഹത്തേയും സംബന്ധിച്ച് യുവജനങ്ങൾക്ക് പങ്കുവയ്ക്കുവാനുള്ള ആശയങ്ങളും അഭിപ്രായങ്ങളും തുറന്ന മനസ്സോടെ കേൾക്കാൻ തക്ക വേദികൾ സൃഷ്ടിക്കപ്പെടണം.
2. കത്തോലിക്കാ സ്വത്വബോധം നൽകുന്ന കൂടിവരവുകൾ, തീർത്ഥയാത്രകൾ ഇവയ്ക്ക് പ്രാധാന്യം.
3. യുവജനങ്ങൾക്ക് മിഷൻ ചൈതന്യം നൽകുന്ന പരിശീലന പദ്ധതികൾ.
4. കേരള കത്തോലിക്കാസഭയിലെ 3 റീത്തുകളിലെയും യുവജനസംഘടനകളുടെ സഹവർത്തിത്വവും, സഹകരണവും ഉറപ്പാക്കുന്ന സംഗമങ്ങളും, പഠന ശിബിരങ്ങളും.
5. ആഴമാർന്ന ക്രൈസ്തവ വിശ്വാസവും മൂല്യങ്ങളും പ്രഘോഷിക്കുന്ന രാഷ്ട്രീയ, സാമൂഹിക, സാംസ്കാരിക നേതൃത്വത്തെ രൂപപ്പെടുത്തുന്ന പദ്ധതികൾ.

യുവജനവർഷത്തിന് ആരംഭം കുറിക്കുന്നതിന്റെ ഭാഗമായി 2024 ജനുവരി 7-ാം തിയതി ഞായറാഴ്ച എല്ലാ ഇടവകകളിലും യുവജന പതാക ഉയർത്തുകയും ഇതോടൊപ്പം തന്നിട്ടുള്ള പ്രത്യേക പ്രാർഥന ചൊല്ലുകയും വേണം. എല്ലാ യുവജനസംഗമങ്ങളിലും ഈ പ്രാർഥന ഉപയോഗിക്കാവുന്നതാണ്.

**യുവജനസഭയും വെല്ലുവിളികളും**

പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പ 'ക്രിസ്തൂസ് വിവിത്' എന്ന

അപ്പസ്തോലികാഹ്വാനത്തിൽ ഇപ്രകാരം പറയുന്നു, 'യുവജനങ്ങൾ സഭയുടെ ഇന്നാണ്'(അദ്ധ്യായം 3). ക്രൈസ്തവ യുവത്വം വെല്ലുവിളികളുടെ കാലഘട്ടത്തിലൂടെയാണ് ഇന്ന് കടന്നുപോകുന്നത്. എല്ലാകാലത്തും അത് അങ്ങനെതന്നെയാണുതാനും. കത്തോലിക്കാ സ്വത്വബോധത്തിൽ നിന്നും അക ലുന്ന യുവത്വം, ലഹരിയുടെയും ആസക്തികളുടെയും വലയിൽപ്പെടുന്നവർ, പ്രവാസ ജീവിതത്തിനായ് കുടിയേറ്റം നടത്തുന്ന യുവാക്കളുടെ വർദ്ധനവ്, അക്രമത്തെയും ഹിംസയെയും പ്രോത്സാഹിപ്പിക്കുന്ന പ്രത്യയശാസ്ത്രങ്ങളുടെ വളർച്ച, മാറിവരുന്ന മാധ്യമ സംസ്ക്കാരം, ന്യൂനപക്ഷ ആനുകൂല്യങ്ങളുടെ അനീതിപരമായ വിതരണം, കാർഷിക രംഗത്തിന്റെ തകർച്ച, വനനിയമങ്ങളുടെയും തീരപരിപാലന നിയമങ്ങളുടെയും ഇടയിൽ തകരുന്ന മനുഷ്യ ജീവിതങ്ങൾ, വന്യമൃഗങ്ങളുടെ ആക്രമണങ്ങൾ, ധ്രുവീകരണ പരിശ്രമങ്ങൾ, നിരീശ്വരവാദ പ്രത്യയശാസ്ത്രങ്ങൾ, കുടുംബങ്ങളെ അലോസരപ്പെടുത്തുന്ന അരാജകത്വവാദവും അയഞ്ഞ ലൈംഗിക ധാർമ്മികതകളും, ദളിത് ക്രൈസ്തവരോടുള്ള വിവേചനങ്ങൾ, അഴിമഴിയുടെയും സ്വജന പക്ഷപാതത്തിന്റെയും മൂല്യരാഹിത്യത്തിന്റെയും രാഷ്ട്രീയം, മയക്ക്മരുന്ന്, തീവ്രവാദം, കള്ളപ്പണം ഇവയുടെ അവിശുദ്ധ കൂട്ടുകെട്ട് തുടങ്ങിയവ വെല്ലുവിളികളാണ്. ഇവയെ സമചിത്തതയോടെ കൈകാര്യം ചെയ്യാൻ പ്രാപ്തിയും പക്വതയും ആത്മീയതയും ഉള്ള യുവജനങ്ങളിലാണ് സഭയുടെ പ്രതീക്ഷ.

പ്രാർത്ഥനയോടെ കാലത്തിന്റെ ചുവരെഴുത്തുകൾ മനസ്സിലാക്കുവാൻ സജ്ജരായ യുവജനങ്ങളാണ് സഭയുടെ കരുത്ത്. ഈ യുവജനങ്ങളെ സഹഗമിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന മുതിർന്നവരുടെ സാന്നിധ്യം യുവജന ശുശ്രൂഷയെ സമ്പന്നമാക്കുന്നു. അവരെ ധീരരായ മിഷനറിമാരും ക്രിസ്തുവുമായി സൗഹൃദമുള്ള സമർപ്പിതരുമാക്കിത്തീർക്കുന്നു. നായിനിലെ വിധവയുടെ മകനോട് 'യുവാവേ, എഴുന്നേൽക്കുക' (ലൂക്കാ 7.14) എന്നും ജായ്റോസിന്റെ മകളോട് 'ബാലികേ എഴുന്നേൽക്കുക' (മർക്കോ 5.41) എന്നും പറഞ്ഞ യേശുക്രിസ്തു ഈ യുവജന

വർഷത്തിൽ കേരളസഭയിലെ മുഴുവൻ യുവജനങ്ങളെയും അതുവഴി കേരളസഭയെയും വിശുദ്ധീകരിക്കുകയും വഴിനടത്തുകയും ചെയ്യട്ടെ.

സെഹിയോൻ ശാലയിൽ യേശുവിന്റെ ശിഷ്യരോടൊത്ത് പ്രാർത്ഥിച്ച പരിശുദ്ധ മറിയം തന്റെ മാധ്യസ്ഥ്യം കേരള സഭയിലെ യുവജനങ്ങൾക്കും അവരെ നയിക്കുന്നവർക്കും നൽകട്ടെ. ഈ യുവജന വർഷം ത്രീയേക ദൈവത്തിന്റെ കൃപയാൽ കേരള കത്തോലിക്കാസഭയിൽ സദ്ഫലങ്ങൾ പുറപ്പെടുവിക്കട്ടെയെന്ന് ആഗ്രഹിച്ചുകൊണ്ടും പ്രാർത്ഥിച്ചു കൊണ്ടും ഏവർക്കും പൈതൃകാശീർവാദം നേരുന്നു. ദൈവം ഏവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

**കർദിനാൾ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവ**
കെസിബിസി പ്രസിഡന്റ്

**ബിഷപ്പ് മാർ പോളി കണ്ണൂക്കാടൻ**
കെസിബിസി വൈസ് പ്രസിഡന്റ്

**ബിഷപ്പ് ഡോ. അലക്സ് വടക്കുംതല**
കെസിബിസി സെക്രട്ടറി ജനറൽ

കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം,
പി.ഒ.സി.,
കൊച്ചി - 682 025

---

NB: 2023 ഡിസംബർ 31-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

# സർക്കുലർ

മിശിഹായിൽ പ്രിയ ബഹുമാനപ്പെട്ട വൈദികരേ,
സന്ന്യസ്തരേ, സഹോദരീസഹോദരന്മാരേ,

2023 ഡിസംബർ 21 വ്യാഴാഴ്ച സീറോ മലബാർ ഹയരാർക്കി അഥവാ ഭരണസംവിധാനം സ്ഥാപിതമായിട്ട് 100 വർഷം തികയുകയാണല്ലോ. പോർട്ടുഗീസുകാരുടെ ആഗമനംവരെ ഭാരതത്തിലെ സുറിയാനി ക്രൈസ്തവർക്ക് തങ്ങളുടേതായ സ്വയംഭരണ സംവിധാനം ഉണ്ടായിരുന്നു. കാലക്രമേണ വൈദേശിക ആധിപത്യത്തിൻ കീഴിലായ മാർത്തോമ്മാനസ്രാണികളെ 1887 –ൽ തൃശൂർ, കോട്ടയം വികാരിയാത്തുകൾ സ്ഥാപിച്ച് വരാപ്പുഴ ലത്തീൻ അതിരൂപതയിൽ നിന്ന് വേർപെടുത്തി. 1896–ൽ ഒരു പുനഃക്രമീകരണത്തിലൂടെ തൃശൂർ, എറണാകുളം, ചങ്ങനാശ്ശേരി വികാരിയാത്തുകൾ നിലവിൽ വരികയും സുറിയാനി ക്രൈസ്തവർക്ക് നാട്ടുമെത്രാന്മാരെ ലഭിക്കുകയും ചെയ്തു. 1923 ഡിസംബർ 21 ന് പതിനൊന്നാം പീയൂസ് മാർപാപ്പാ 'റൊമാനി പൊന്തിഫിച്ചെസ്' എന്ന തിരുവെഴുത്തിലൂടെ എറണാകുളം അതിരൂപതയായും തൃശൂർ, ചങ്ങനാശ്ശേരി, കോട്ടയം എന്നിവ സാമന്തരൂപതകളായും പ്രഖ്യാപിച്ചുകൊണ്ട് സീറോ മലബാർ ഹയരാർക്കി സ്ഥാപിച്ചു.

വികാരിയാത്ത് സമ്പ്രദായത്തിൽ തുടങ്ങി ഏതാനും രൂപതകളായി വളർന്ന മാർത്തോമ്മാ നസ്രാണി സമൂഹത്തിന് ഇന്ന് കേരളത്തിലും കേരളത്തിനു വെളിയിൽ ഭാരതത്തിലും വിദേശത്തുമായി 35 രൂപതകളും 51 ലക്ഷത്തോളം വിശ്വാസികളുമുണ്ട്. വളർച്ചയുടെ പടവുകൾ പിന്നിട്ട സഭ 1992 ൽ സ്വയാധികാര മേജർ ആർക്കി എപ്പിസ്ക്കോപ്പൽ സഭയായി ഉയർത്തപ്പെട്ടു. ആഗോള സീറോ മലബാർസഭ 24 സ്വയാധികാര സഭകൾ ഉൾപ്പെടുന്ന കത്തോലിക്കാ സഭാ കൂട്ടായ്മയിലെ നിർണ്ണായക ശക്തിയും സാന്നിദ്ധ്യവുമാണ്. അംഗബലത്തിൽ ഉക്രേനിയൻ സഭയ്ക്കുശേഷമുള്ള രണ്ടാമത്തെ വലിയ പൗരസ്ത്യസഭയുമാണ്.

സീറോ മലബാർ സഭയുടെ മക്കൾക്ക് അതിന്റെ ശ്രേഷ്ഠമായ

പൈതൃകത്തെ അറിയുവാനും അതിൽ അഭിമാനിക്കാനും കഴിയണം. ആരാധനക്രമപരവും ആദ്ധ്യാത്മികവും ദൈവശാസ്ത്രപരവും ഭരണപരവുമായ അതിന്റെ വ്യക്തിത്വവും തനിമയും വീണ്ടെടുക്കാനും ആഗോളസഭയ്ക്ക് മുതൽക്കൂട്ടാകുംവിധം സംരക്ഷിക്കാനും സാധിക്കണം.

സഭയുടെ ഹയരാർക്കി സ്ഥാപനം നടന്നിട്ട് ഒരു നൂറ്റാണ്ട് പിന്നിടുമ്പോൾ ദൈവം വളർത്തിയതിനെയും ഇന്നോളം വഴി നടത്തിയതിനെയുമോർത്ത് നന്ദിപറയാം. പിതാവും തലവനുമെന്ന നിലയിൽ കഴിഞ്ഞ 12 വർഷക്കാലം സീറോ മലബാർ സഭയ്ക്ക് ധീരമായ നേതൃത്വം നല്കിയ മാർ ജോർജ് ആലഞ്ചേരി മെത്രാപ്പോലീത്തായെ നമുക്ക് സ്നേഹപൂർവം സ്മരിക്കാം. കാലഘട്ടത്തിന്റെ വെല്ലുവിളികളെയും ലോകത്തിന്റെ പ്രലോഭനങ്ങളെയും സാത്താന്റെ തന്ത്രങ്ങളെയും അതിജീവിച്ച് മുന്നേറാനുള്ള കരുത്തും ധൈര്യവും നല്കി കർത്താവ് നമ്മുടെ സഭയെ മുന്നോട്ട് നയിക്കട്ടെ.

ഹയരാർക്കി സ്ഥാപനത്തിന്റെ ശതാബ്ദിയെക്കുറിച്ച് ദൈവജനത്തിന് അറിവു നല്കുവാൻ ബഹു. വികാരിയച്ചന്മാർ ശ്രദ്ധിക്കുമെന്ന് കരുതുന്നു. ഡിസംബർ 21 ന് രാവിലെ ഞാൻ കത്തീഡ്രൽ പള്ളിയിൽ വിശുദ്ധകുർബാനയർപ്പിച്ച് പ്രാർത്ഥിക്കുന്നതാണ്. നമ്മുടെ എല്ലാ ദൈവാലയങ്ങളിലും അന്നേദിവസം മാതൃസഭയ്ക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുമല്ലോ. പുതിയ ഒരു മേജർ ആർച്ച് ബിഷപ്പിനുവേണ്ടി നമ്മുടെ സഭ ഒന്നാകെ പ്രാർത്ഥനാപൂർവം കാത്തിരിക്കുകയാണല്ലോ. നല്ല ദൈവം നമ്മെ ഏവരേയും അനുഗ്രഹിക്കട്ടെ.

ഈശോയിൽ സ്നേഹത്തോടെ,

മാർ ജോസ് പുളിക്കൽ
കാഞ്ഞിരപ്പള്ളി രൂപതയുടെ മെത്രാൻ

കാഞ്ഞിരപ്പള്ളി
15-12-2023

# കച്ചേരിക്കാര്യം

**1. ദനഹാത്തിരുനാൾ – ജനുവരി 6**

നമ്മുടെ കർത്താവീശോമിശിഹായുടെ പ്രത്യക്ഷീകരണത്തിരുനാൾ (മാമ്മോദീസാത്തിരുനാൾ – കടമുള്ള ദിവസം) സമുചിതമായി ആഘോഷിക്കുന്നതിനുവേണ്ട ക്രമീകരണങ്ങൾ ബഹു. വികാരിയച്ചന്മാർ ചെയ്യേണ്ടതാണ്.

**2. മാർ നെസ്തോറിയസിന്റെ അനാഫൊറ**

ദനഹത്തിരുനാൾദിനം ജനുവരി 6, വി. യോഹന്നാൻ മാംദാനയുടെ തിരുനാൾദിനം ജനുവരി 12 (ദനഹാ ഒന്നാം വെള്ളി) മൂന്ന് നോമ്പ് സമാപനദിനം ജനുവരി 24 (ദനഹാ മൂന്നാം ബുധൻ) ഈ അവസരങ്ങൾ മാർ നെസ്തോറിയസിന്റെ അനാഫൊറയാണ് വിശുദ്ധ കുർബാനയിൽ ഉപയോഗിക്കേണ്ടത്.

**3. പാസ്റ്ററൽ സെന്ററിൽ അവധി**

ദനഹാത്തിരുനാളിനോടനുബന്ധിച്ച് ജനുവരി 6–ാം തീയതി ശനിയാഴ്ച രൂപത കച്ചേരിക്കും പാസ്റ്ററൽ സെന്ററിലെ ഓഫീസുകൾക്കും അവധിയായിരിക്കും.

**4. സീറോ മലബാർ പ്രേഷിത വാരാചരണം**


സീറോ മലബാർ സഭ മിഷൻ വാരമായി 2024 ജനുവരി 6 മുതൽ 12 വരെ ആഘോഷിക്കുകയാണ്. 2024 ജനുവരി 14–ാം തീയതി ഞായറാഴ്ചയിലെ സ്തോത്രക്കാഴ്ച പ്രേഷിത പ്രവർത്തനത്തിനായി നൽകേണ്ടതിനാൽ പിരിഞ്ഞുകിട്ടുന്ന തുക ജനുവരി 31 നു മുമ്പായി രൂപതാ പ്രൊക്യുറേറ്ററെ ഏല്പിക്കേണ്ടതാണ്.

**4. സഭൈക്യവാരം ജനുവരി 18 - 25**

ജനുവരി 18 മുതൽ 25 വരെ സഭൈക്യവാര പ്രാർത്ഥന നമ്മുടെ എല്ലാ ഇടവകകളിലും സ്ഥാപനങ്ങളിലും നടത്തുന്നതും എക്യുമെനിക്കൽ യോഗങ്ങൾ സംഘടിപ്പിക്കുന്നതും ഉചിതമാണ്.

---

## സ്നേഹസ്മരണയ്ക്ക്



**ഫാ. മാത്യു വയലുങ്കൽ**
**(11.4.1911 – 4.1.1987)**



**ഫാ. ജോർജ് പരുവനാനി**
**(03.08.1928 – 12.01.1986)**



**ഫാ. തോമസ് പള്ളിപ്പുറത്തുശ്ശേരി**
**(1931 – 13.01.1996)**



**ഫാ. ജേക്കബ് പൊട്ടനാനിക്കൽ**
**(19.7.1913 – 22.1.1983)**



**ഫാ. ജോസഫ് മേപ്രക്കരോട്ട്**
**(1914 – 26.01.1981)**



**ഫാ. ആന്റണി താന്നിക്കൽ**
**(10.01.1934 – 26.01.2017)**

# കാഞ്ഞിരപ്പള്ളി രൂപത പന്ത്രണ്ടാം പാസ്റ്ററൽ കൗൺസിൽ നാലാമത് സമ്മേളന റിപ്പോർട്ട്

കാഞ്ഞിരപ്പള്ളി രൂപതയുടെ പന്ത്രണ്ടാം പാസ്റ്ററൽ കൗൺസിലിന്റെ നാലാമത് സമ്മേളനം 2023 ഡിസംബർ ഒൻപതാം തിയതി കാഞ്ഞിരപ്പള്ളി പാസ്റ്ററൽ സെന്ററിൽ ചേർന്നു. ശനിയാഴ്ച രാവിലെ 9.30 ന് രജിസ്ട്രേഷനോടെ സമ്മേളനം ആരംഭിച്ചു.

വൈസ് ചാൻസിലർ റവ. ഡോ. മാത്യു ശൗര്യാംകുഴി പ്രാർത്ഥന ശുശ്രൂഷയ്ക്ക് നേതൃത്വം നൽകി.

വികാരി ജനറാളും ചാൻസിലറുമായ റവ. ഡോ. കുര്യൻ താമരശ്ശേരി സമ്മേളനത്തിൽ സ്വാഗതം ആശംസിച്ചു. തുടർന്ന് പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി കഴിഞ്ഞ സമ്മേളനത്തിന്റെ റിപ്പോർട്ട് അവതരിപ്പിച്ചു.

അഞ്ചാമത് സീറോ മലബാർ മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലിയുടെ മാർഗ്ഗരേഖ 'കാലാനുസൃതമായ സഭാജീവിതവും ദൗത്യവും സീറോ മലബാർ സഭയിൽ' എന്നതിനെ ആസ്പദമാക്കിയുള്ള ക്ലാസ്, ബൈബിൾ അപ്പസ്തോലേറ്റ് രൂപതാ ഡയറക്ടർ റവ. ഡോ. ആന്റണി ചെല്ലന്തറ നയിച്ചു. തുടർന്ന് അംഗങ്ങൾ എട്ട് ഗ്രൂപ്പുകളായി തിരിഞ്ഞു നൽകപ്പെട്ടിരുന്ന വിഷയങ്ങൾ ചർച്ച ചെയ്തു. കമ്മീഷൻ സെക്രട്ടറിമാർ ചർച്ചകൾക്ക് നേതൃത്വം കൊടുക്കുകയും റിപ്പോർട്ട് നൽകുകയും ചെയ്തു.

തുടർന്ന് നടന്ന പൊതുവായ ചർച്ചകൾക്ക് വെരി. റവ. ഡോ. ജോസഫ് വെള്ളമറ്റം മോഡറേറ്റർ ആയിരുന്നു. റവ. ഫാ. ബോബി അലക്സ് മണ്ണംപ്ലാക്കൽ, റവ. ഡോ. കുര്യൻ താമരശ്ശേരി എന്നിവർ അംഗങ്ങളുടെ ചോദ്യങ്ങൾക്കു മറുപടി നൽകി.

സീറോ മലബാർ സഭയെ സധൈര്യം നയിക്കുകയും പ്രതിസന്ധികളിൽ വിശ്വാസത്തിന് സാക്ഷ്യം നൽകുകയും ചെയ്ത ഇടയനാണ് മാർ ജോർജ് ആലഞ്ചേരി എന്ന് മാർ ജോസ് പുളിക്കൽ പറഞ്ഞു.

സിറോ മലബാർ സഭയെ ആഗോളതലത്തിൽ വളർത്തുന്നതിന് നിർണായ പങ്കുവഹിച്ച കർദിനാൾ മാർ ജോർജ് ആലഞ്ചേരിയോടുള്ള രൂപതയുടെ സ്നേഹാദരവുകൾ അറിയിക്കുന്നതായി പിതാവ് പറഞ്ഞു. സീറോ മലബാർ സഭയുടെ അഡ്മിനിസ്ട്രേറ്ററായി നിയമിതനായ മാർ സെബാസ്റ്റ്യൻ വാണിയപുരക്കലിന് കൗൺസിൽ ആശംസകൾ നേർന്നു. പൈതൃക വാത്സല്യത്തോടെ സഭാ മക്കൾക്ക് എഴുതിയ മാർപാപ്പയുടെ കത്ത് ഉൾക്കൊണ്ട് ഒരുമിച്ചു മുന്നോട്ടു പോകണമെന്നു പാസ്റ്റർ കൗൺസിൽ ആഹ്വാനം ചെയ്തു.

1980-ലെ വനം സംരക്ഷണ നിയമം രണ്ടാം വകുപ്പിന്റെ പുതിയ നിയമഭേദഗതിയിലൂടെ കൈവശഭൂമി ഉടമസ്ഥർക്ക് ഉപാധിരഹിത പട്ടയം ലഭ്യമാക്കുവാൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്ന സ്വാതന്ത്ര്യവും അവസരവും സമയബന്ധിതമായി നിർവ്വഹിക്കാൻ സംസ്ഥാന സർക്കാർ തയ്യാറാകണമെന്ന് പ്രമേയത്തിലൂടെ പാസ്റ്ററൽ കൗൺസിൽ ആവശ്യപ്പെട്ടു. മുൻ പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി അഡ്വ. വി. സി. സെബാസ്റ്റ്യൻ പ്രമേയം അവതരിപ്പിച്ചു. പ്രമേയം അംഗങ്ങൾ ഏകകണ്ഠമായി അംഗീകരിച്ചു

സീറോ മലബാർ സഭയിലെ സമഗ്രവും സജീവമായ പ്രവർത്തിക്കുന്ന മതബോധനം, കാലഘട്ടത്തിന്റെ ആവശ്യങ്ങളെ തിരിച്ചറിഞ്ഞ് നവീകരിക്കപ്പെടണമെന്ന് സമാപന സന്ദേശത്തിൽ മാർ ജോസ് പുളിക്കൽ പറഞ്ഞു. ക്രിസ്ത്യൻ സമുദായത്തിന്റെ ശാക്തീകരണത്തിന് പാസ്റ്ററൽ കൗൺസിൽ പ്രേരകശക്തിയായി നിലകൊള്ളണമെന്ന് പിതാവ് ഉദ്ബോധിപ്പിച്ചു. ഡോ.ജോസ് കല്ലറക്കൽ സമ്മേളനത്തിന് നന്ദി പ്രകാശിപ്പിച്ചു.

ജന്മദിനം ആഘോഷിച്ച മാർ മാത്യു അറക്കൽ പിതാവിന് കൗൺസിൽ ആശംസകൾ നേർന്നു. ഉച്ച ഭക്ഷണത്തോടെ സമാപിച്ച സമ്മേളനത്തിൽ 74 അംഗങ്ങൾ പങ്കെടുത്തു.

**ഫാ. കുര്യൻ താമരശ്ശേരി**
സിഞ്ചെല്ലൂസ്

**ഡോ.ജൂബി മാത്യു**
സെക്രട്ടറി



# പ്രീസ്റ്റ് വെൽഫെയർ അസോസിയേഷൻ

**Contribution of Priests**

| | |
|---|---|
| റവ. ഫാ. അബ്രാഹം തൊമ്മിക്കാട്ടിൽ | 15,000/- |
| റവ. ഫാ. ജോസ് ചിറ്റടിയിൽ | 15,000/- |
| റവ. ഫാ. തോമസ് ചിന്താർമണിയിൽ | 12,500/- |
| റവ. ഫാ. സോണി മണക്കാട്ട് | 9,000/- |
| റവ. ഫാ. അബ്രാഹം കൊച്ചുവീട്ടിൽ | 30,000/- |
| റവ. ഫാ. ബിജു മങ്കന്താനം | 16,000/- |
| റവ. ഫാ. കുര്യൻ നരിതൂക്കിൽ | 10,000/- |
| റവ. ഫാ. അഗസ്റ്റിൻ തെക്കേമുറിയിൽ | 6,750/- |

**ഫാ. മാർട്ടിൻ വെള്ളിയാംകുളം**
**(പ്രസിഡന്റ്)**

# അജപാലനോത്തേജന വിഭാഗം

**വഴിവെളിച്ചം : കുടുംബക്കൂട്ടായ്മ ലീഡേഴ്സിനുള്ള പരിശീലന പരിപാടി**

കുടുംബക്കൂട്ടായ്മ ലീഡേഴ്സിനുള്ള പരിശീലന പരിപാടി ചെമ്മണ്ണ്, പുഞ്ചവയൽ, അഞ്ചിലിപ്പ ഇടവകകളിൽ ഡിസംബർ 3 ഞായറാഴ്ച നടത്തപ്പെട്ടു. പെരുവന്താനം ഫൊറോനയിലെ അഴങ്ങാട്, കണയങ്കവയൽ, മുറിഞ്ഞപുഴ ഇടവകകളിലാണ് ഡിസംബർ 3 ഞായറാഴ്ച വിവിധ ഇടവകകളുൾക്കൊള്ളുന്ന ഗ്രൂപ്പുകൾ വഴിവെളിച്ചം പരിശീലന പരിപാടിയ്ക്കായി ഒത്തുചേർന്നത്. പത്തനംതിട്ട ഫൊറോനയിലെ പരിശീലന പരിപാടി ഡിസംബർ 9 ശനിയാഴ്ച പേഴുംപാറ ഇടവകയിലും ഡിസംബർ 10 ഞായറാഴ്ച പത്തനംതിട്ട, സീതത്തോട് ഇടവകകളിലും നടത്തപ്പെട്ടു.

തരകനാട്ടുകുന്ന്, പൊൻകുന്നം, ആനിക്കാട്, വലിയതോവാള, കൊച്ചുതോവാള ഇടവകകളിലെ പരിശീലനം ഡിസംബർ 17 ഞായറാഴ്ചയാണ് ക്രമീകരിച്ചത്. റാന്നി ഫൊറോനയിലെ പരിശീലന പരിപാടി റാന്നിയിൽ ഡിസംബർ 16 ശനിയാഴ്ചയും പെരുനാട്, കണ്ണമ്പള്ളി, ചെമ്പനോലി ഇടവകകളിൽ ഡിസംബർ 17 ഞായറാഴ്ചയും നടത്തപ്പെട്ടു. ഓരോ ഫൊറോനയ്ക്കും നിശ്ചയിക്കപ്പെട്ടിരുന്ന ദിവസങ്ങളിൽ പരിശീലനപരിപാടി ക്രമീകരിക്കാനാവാത്ത 8 ഇടവകകളിലും പരിശീലനപരിപാടി പൂർത്തിയാക്കി. 12 ഫൊറോനകളിലെ 7 ഇടവകകളിൽ വിവിധ അസൗകര്യങ്ങൾ മൂലം പരിശീലനപരിപാടി ക്രമീകരിക്കുവാൻ സാധിച്ചിട്ടില്ല. പ്രസ്തുത ഇടവകകൾ യോഗം സംഘടിപ്പിക്കുന്നതിനാവശ്യമായ ക്രമീകരണങ്ങൾക്കായി പാസ്റ്ററൽ ആനിമേഷൻ ഓഫീസിനെ സമീപിക്കേണ്ടതാണ്.

രൂപതാദിനത്തിനൊരുക്കമെന്ന നിലയിലും പ്രാദേശികമായ അസൗകര്യങ്ങൾ മൂലവും എരുമേലി ഫൊറോനയിലെ പരിശീലന പരിപാടി പിന്നീട് ക്രമീകരിക്കുന്നതാണ്.

**ഫൊറോന വൈദിക കോൺഫറൻസുകളിൽ പരിശീലനം**

ക്രൈസ്തവ ആധ്യാത്മികത സകല സാഹചര്യങ്ങളോടും സംവദിക്കുവാൻ കരുത്തുള്ളതാണെന്നും സകല പ്രതിസന്ധികളെയും അതിജീവിക്കുവാൻ ശക്തിപകരുന്നതാണെന്നുമുള്ള വിഷയത്തെ അധികരിച്ച് താമരശ്ശേരി ഏറ്റവും ബഹുമാനപ്പെട്ട കുര്യനച്ചൻ രൂപതയിലെ എല്ലാ ഫൊറോനകളിലും ക്ലാസ് നയിച്ചു. അടിസ്ഥാന ക്രൈസ്തവ വിശ്വാസത്തെ ക്രമബദ്ധമായവതരിപ്പിച്ചുകൊണ്ട് ക്രൈസ്തവവിശ്വാസത്തിന്റെ അനന്യതയും ശ്രേഷ്ഠതയും ഓർമപ്പെടുത്തുന്നതാണ് ഈ ക്ലാസ്സ്.

എരുമേലി, കാഞ്ഞിരപ്പള്ളി, പെരുവന്താനം, പത്തനംതിട്ട, റാന്നി, വെളിച്ചിയാനി, ഉപ്പുതറ, മുണ്ടിയെരുമ, അണക്കര, പൊൻകുന്നം, കുമളി, കട്ടപ്പന, മുണ്ടക്കയം ഫൊറോനാകളിൽ യഥാക്രമം നവംബർ 29, 30 ഡിസംബർ 4,5,6,7,11,12,13,14,18,19 തീയതികളിൽ നടത്തപ്പെട്ടു.

രണ്ട് മണിക്കൂർ ദൈർഘ്യമുള്ള അവതരണത്തിലും തുടർന്നുള്ള ചർച്ചകളിലും വൈദികരെല്ലാവരും പങ്കെടുത്തു. പരിശീലന പരിപാടി ക്രമീകരിക്കുന്നതിന് നേതൃത്വം നല്കിയ ഏറ്റവും ബഹുമാനപ്പെട്ട ഫൊറോന വികാരി അച്ചൻമാരെയും സഹവൈദികരെയും സ്നേഹപൂർവം സ്മരിക്കുന്നു. വിവിധ വിഭാഗങ്ങൾക്കായുള്ള തുടർപരിശീലന പരിപാടികളെ സംബന്ധിച്ച് പിന്നീട് അറിയിക്കുന്നതാണ്.

**കുടുംബക്കൂട്ടായ്മ പ്രാർത്ഥന സഹായി**

കുടുംബക്കൂട്ടായ്മ പ്രാർത്ഥന സഹായി പുനഃപ്രസിദ്ധീകരിക്കുന്നു. പുതുക്കിയ പതിപ്പ് കോപ്പിയൊന്നിന് 40 രൂപയാണ് വില നിശ്ചയിച്ചിരിക്കുന്നത്. ലഭിച്ചിരിക്കുന്ന ഓഡറുകൾക്കനുസരിച്ചുള്ള രണ്ടാം പതിപ്പ് ജനുവരി 20-ാം തീയതിക്കുള്ളിൽ ലഭ്യമാക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

ആദ്യപതിപ്പ് വാങ്ങിയ ഇടവകകൾ താഴെ നല്കിയിരിക്കുന്ന അക്കൗണ്ടിലേക്ക് കഴിയുന്നതും വേഗം തുക ട്രാൻസ്ഫർ ചെയ്യുകയും പാസ്റ്ററൽ ആനിമേഷൻ ഓഫീസിൽ അറിയിക്കുകയും (Message/ Call) ചെയ്യുമല്ലോ.

Department of Liturgy
A/c No.: 10310100294439
IFSC : FDRL0001031
Federal Bank, Kanjirapally

**ആരാധനാവത്സര കലണ്ടർ**

ആരാധനാവത്സര കലണ്ടർ ഭവനങ്ങളിലെത്തിക്കുന്നതിന് നേതൃത്വം നല്കിയവരെ സ്നേഹപൂർവം സ്മരിക്കുന്നു.

കലണ്ടറിന് കോപ്പിയൊന്നിന് 60/- രൂപയാണ് വില നിശ്ചയിച്ചിരിക്കുന്നത്. താഴെ നല്കിയിരിക്കുന്ന അക്കൗണ്ടിലേക്ക് പ്രസ്തുത തുക ട്രാൻസ്ഫർ ചെയ്ത് പാസ്റ്ററൽ ആനിമേഷൻ ഓഫീസിൽ (Message/ Call) അറിയിക്കുമല്ലോ.

Diocese of Kanjirapally, Department of Pastoral Animation
A/c No.: 10310100264341
IFSC : FDRL0001031
Federal Bank, Kanjirapally

**ശുശ്രൂഷ പൗരോഹിത്യ സ്വീകരണ രജതജൂബിലി**

ശുശ്രൂഷ പൗരോഹിത്യ സ്വീകരണ രജതജൂബിലി വർഷം പൂർത്തിയാക്കുന്ന ബഹുമാനപ്പെട്ട വൈദികരായ ഉപ്പുകുന്നേൽ മാർട്ടിനച്ചൻ, മുണ്ടിയാനിക്കൽ തോമസച്ചൻ, നരിതൂക്കിൽ കുര്യനച്ചൻ, കാരിക്കാട്ടിൽ ഡൊമിനിക്കച്ചൻ, പുതുപ്പറമ്പിൽ ജോർജച്ചൻ, നിരപ്പേൽ മാത്യു അച്ചൻ, പുതുപ്പറമ്പിൽ വർഗീസച്ചൻ, വാളന്മനാൽ ഡൊമിനിക്കച്ചൻ, നെടുംപതാലിൽ ജോസഫച്ചൻ, അറയ്ക്കൽ സെബാസ്റ്റ്യനച്ചൻ എന്നിവർക്ക് ആശംസകൾ നേരുന്നതിന് നവംബർ 20 തിങ്കളാഴ്ച വൈകുന്നേരം രൂപതാധ്യക്ഷൻ മാർ ജോസ് പുളിക്കൽ പിതാവിന്റെ അധ്യക്ഷതയിൽ പാസ്റ്ററൽ സെന്ററിൽ അനുമോദനയോഗം ചേർന്നു.

വൈകുന്നേരം 6.15 ന് പുതുപ്പറമ്പിൽ ഏറ്റവും ബഹുമാനപ്പെട്ട വർഗ്ഗീസച്ചന്റെ കാർമ്മികത്വത്തിൽ റംശ നമസ്കാരം നടത്തപ്പെട്ടു. തുടർന്ന് നടത്തപ്പെട്ട അനുമോദന സംഗമത്തിൽ രജതജൂബിലി ആഘോഷിക്കുന്ന വൈദികർക്ക് ആശംസകൾ നേർന്ന് അഭിവന്ദ്യ മാർ ജോസ് പുളിക്കൽ, അഭിവന്ദ്യ മാർ മാത്യു അറയ്ക്കൽ എന്നിവർ സംസാരിച്ചു. രജതജൂബിലി ആഘോഷിക്കുന്ന ബഹുമാനപ്പെട്ട വൈദികർ തങ്ങളുടെ ശുശ്രൂഷാനുഭവങ്ങൾ പങ്കുവച്ചു. വിദേശത്ത് ശുശ്രൂഷ നിർവഹിക്കുന്ന ബഹുമാനപ്പെട്ട ഉപ്പുകുന്നേലച്ചൻ, കാരിക്കാട്ടിലച്ചൻ, പുതുപ്പറമ്പിൽ ജോർജച്ചൻ, നെടുംപതാലിൽ അച്ചൻ എന്നിവരുടെ ശുശ്രൂഷകളെ സ്നേഹപൂർവം സ്മരിക്കുകയും അനുമോദന സംഗമത്തിൽ സന്നിഹിതരായ മുണ്ടിയാനിക്കലച്ചൻ, നരിതൂക്കിലച്ചൻ, നിരപ്പേലച്ചൻ, പുതുപ്പറമ്പിൽ വർഗീസച്ചൻ, വാളന്മനാലച്ചൻ, അറയ്ക്കലച്ചൻ എന്നിവരെ അനുമോദിക്കുകയും ചെയ്തു. യോഗത്തിൽ പാസ്റ്ററൽ സെന്ററിലെ വൈദികർ, വൈദികവിദ്യാർത്ഥികൾ, സന്യാസിനികൾ എന്നിവർ പങ്കുചേർന്നു.

### എപ്പാർക്കിയൽ അസംബ്ലി മാർഗ്ഗരേഖ

2024 ഏപ്രിൽ, മെയ് മാസങ്ങളിൽ നടത്തുവാൻ ഉദ്ദേശിക്കുന്ന രൂപതാ അസംബ്ലിയുടെ മാർഗ്ഗരേഖ സംബന്ധിച്ചുള്ള ചർച്ചയ്ക്കായി ജനുവരി 2 ചൊവ്വാഴ്ച 10 മണി മുതൽ പാസ്റ്ററൽ സെന്ററിൽ വിവിധ തലത്തിലുള്ള പ്രതിനിധികളുടെ യോഗം ചേരുന്നതാണ്. വിവിധ ഘട്ടങ്ങളിലെ ആശയരൂപീകരണം ലക്ഷ്യമാക്കിയുള്ള യോഗമാണിത്.

### റിസോഴ്സ് ടീം സംഗമം

വിശ്വാസജീവിത പരിശീലകർക്കുള്ള 'തെളിച്ചം', കുടുംബക്കൂട്ടായ്മ ലീഡേഴ്സിനുള്ള 'വഴിവെളിച്ചം' പരിശീലന പരിപാടി പൂർത്തിയാകുന്നതിനെ തുടർന്നുള്ള റിസോഴ്സ് ടീം സമ്മേളനം ജനുവരി 14, ഞായറാഴ്ച പാസ്റ്ററൽ സെന്റർ കോൺഫറൻസ് ഹാളിൽ ഉച്ചകഴിഞ്ഞ് 2.00 മണി മുതൽ നടത്തപ്പെടുന്നതാണ്. ഇടവകകളിൽ നിന്നും ലഭിച്ച വിലയിരുത്തലുകളുൾപ്പെടെ അഭിവന്ദ്യ പിതാവിന്റെ പക്കലവതരിപ്പിക്കുകയും വിവിധ മേഖലകളെക്കുറിച്ച് ചർച്ച നടത്തുകയും ചെയ്യുന്നതാണ്.

# റെയിൻബോ 2021

റെയിൻബോ പദ്ധതിയിൽ നിർമ്മാണത്തിലായിരിക്കുന്ന അഞ്ച് ഭവനങ്ങളുടെ നിർമ്മാണം പുരോഗമിക്കുന്നു. ഫെബ്രുവരി മാസത്തിനുള്ളിൽ എല്ലാ ഭവനങ്ങളുടെയും നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

**ഫാ. സ്റ്റാൻലി പുള്ളോലിക്കൽ**

**ജനറൽ കോർഡിനേറ്റർ**

---

## അജപാലനോത്തേജന വിഭാഗം

**ജനറൽ/പ്രൊവിൻഷ്യൽ ടീം സംഗമം**

രൂപതാതിർത്തിയിൽ പ്രൊവിൻഷ്യൽ/ജനറൽ ഭവനങ്ങളുടെ സന്യാസിനി സമൂഹങ്ങളുടെ ജനറൽ/പ്രൊവിൻഷ്യൽ ടീമംഗങ്ങളുടെ സംഗമം ജനുവരി 23, ചൊവ്വാഴ്ച ഉച്ചകഴിഞ്ഞ് 2 മണി മുതൽ പാസ്റ്ററൽ സെന്റർ കോൺഫറൻസ് ഹാളിൽ നടത്തപ്പെടുന്നതാണ്. താമരശ്ശേരി ഏറ്റവും ബഹുമാനപ്പെട്ട കുര്യനച്ചൻ ആമുഖമായി ക്ലാസ് നയിക്കുന്നതാണ്. അജപാലന സാമൂഹ്യസേവന രംഗത്തെ ഇടപെടലുകളെക്കുറിച്ച് അഭിവന്ദ്യ പിതാവിന്റെ സാന്നിധ്യത്തിൽ ചർച്ചയും നടത്തപ്പെടുന്നതാണ്.

**ഫാ. സ്റ്റാൻലി പുള്ളോലിക്കൽ**

**ഡയറക്ടർ**

# വിശ്വാസജീവിത പരിശീലനം

**2024 ജനുവരി മാസത്തെ കർമ്മപരിപാടികൾ**

| | |
|---|---|
| 2 ചൊവ്വ | HDC കോഴ്സ്<br>(പാസ്റ്ററൽ സെന്റർ, കാഞ്ഞിരപ്പള്ളി) |
| 3 ബുധൻ | വി. ചാവറ കുര്യാക്കോസ് ഏലിയാസ് അച്ചന്റെ തിരുനാൾ |
| 6 ശനി | ദനഹാ തിരുനാൾ |
| 13 ശനി | CTC ക്ലാസ് (മരിയൻ കോളേജ്, കുട്ടിക്കാനം) |
| 20,21 ശനി, ഞായർ | ലൈഫ് ലൈൻ (8-ാം ക്ലാസിലെ കുട്ടികൾക്ക്)<br>റാന്നി, പത്തനംതിട്ട ഫൊറോനകൾ<br>സ്ഥലം : സിറ്റഡൽ സ്കൂൾ, റാന്നി<br>20-ാം തീയതി 9.30 a.m. മുതൽ 4.00 p.m. വരെയും<br>21-ാം തീയതി 9.30 a.m. മുതൽ 4.00 p.m. വരെയും |
| 31 ബുധൻ | കയ്യെഴുത്തുമാസിക രൂപത ഓഫീസിൽ ലഭിക്കേണ്ട അവസാന തീയതി. |

**2024 ഫെബ്രുവരി**

| | |
|---|---|
| 3,4 ശനി, ഞായർ | ലൈഫ് ലൈൻ (8-ാം ക്ലാസിലെ കുട്ടികൾക്ക്)<br>അണക്കര, മുണ്ടിയെരുമ ഫൊറോനകൾ<br>സ്ഥലം : പുളിയന്മല<br>3-ാം തീയതി 9.30 a.m. മുതൽ 4.00 p.m. വരെയും<br>4-ാം തീയതി 9.30 a.m. മുതൽ 4.00 p.m. വരെയും |

9 വെള്ളി സകല മരിച്ചവരുടെയും തിരുനാൾ

8 ശനി CTC ക്ലാസ്

**രൂപതാ ആനിമേറ്റർമാരുടെ സന്ദർശനം**

രൂപതാ ആനിമേറ്റർമാരുടെ സൺഡേസ്കൂൾ സന്ദർശനം ജനുവരി, ഫെബ്രുവരി മാസങ്ങളിലായി നടത്തുന്നതാണ്. ആനിമേറ്റർമാർക്ക് ന്യായമായ യാത്രാപടി നൽകുന്ന കാര്യം ശ്രദ്ധിക്കുമല്ലോ.

സാമ്പത്തിക ഇടപാടുകൾ രൂപതാ ഓഫീസിൽ അടയ്ക്കാനുള്ള തുകകൾ ജനുവരി 31 ന് മുമ്പ് അടച്ച് പൂർത്തിയാക്കാൻ അഭ്യർത്ഥിക്കുന്നു.

**സെന്റ് തോമസ് വിഭാഗത്തിന്റെ (10, 11, 12 ക്ലാസുകൾ) വാർഷികപരീക്ഷ**

ഫെബ്രുവരി 11 ഞായർ 1.30 pm - 4.00 pm ആണ് സെന്റ് തോമസ് വിഭാഗത്തിന്റെ വാർഷികപരീക്ഷാ സമയം. ഈ സമയത്തിന് യാതൊരു കാരണവശാലും മാറ്റം വരുത്താൻ പാടില്ല. പരീക്ഷ നടത്തിപ്പിൽ സഹായിക്കാൻ രൂപതാ കേന്ദ്രത്തിൽ നിന്ന് അധ്യാപകരെ നിയോഗിക്കുന്നതാണ്. നിയോഗിക്കപ്പെടുന്ന അധ്യാപകർക്കും വികാരിയച്ചന്മാർക്കും ആ വിവരം അറിയിച്ചുകൊണ്ട് കത്ത് നൽകുന്നതാണ്.

**4 – 9 ക്ലാസുകളിലെ സ്കോളർഷിപ്പ് പരീക്ഷ**

ഫെബ്രുവരി 11–ാം തീയതി 1.30 pm മുതൽ 3.30 pm വരെ സെന്റ് തോമസ് വിഭാഗത്തിന്റെ വാർഷികപരീക്ഷയ്ക്കൊപ്പം സ്കോളർഷിപ്പ് പരീക്ഷയും നടക്കുന്നു. പ്രധാനമായും ഒറ്റവാക്കിൽ ഉത്തരമെഴുതാനുള്ള ചോദ്യങ്ങൾ ആയിരിക്കും ഉള്ളത്. അതാത് ക്ലാസുകളിലെ മുഴുവൻ പാഠപുസ്തകത്തിൽ നിന്നും, സിലബസിൽ ഉൾപ്പെടുത്തിയിരിക്കുന്ന മറ്റുകാര്യങ്ങളിൽ നിന്നും ചോദ്യങ്ങൾ ഉണ്ടായിരിക്കും. ഓരോ ക്ലാസിൽ നിന്നും ആദ്യമൂന്നു സ്ഥാനങ്ങൾ നേടുന്നവർക്ക് രൂപതാതലത്തിൽ ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും ലഭി

ക്കുന്നതാണ്. സ്കോളർഷിപ്പ് പരീക്ഷയിൽ വൈജ്ഞാനികതലം മാത്രമാണ് പരിഗണിക്കപ്പെടുന്നത്.

## ഡിസംബർ ഡയറി

### CTC ക്ലാസ്

CTC 38-ാം ബാച്ചിന്റെ 5-ാമത്തെ ക്ലാസ് ഡിസംബർ 9-ാം തീയതി ഓൺലൈനായി നടന്നു. ശ്രീ. ബിനോ പി. ജോസ് പെരുന്തോട്ടം "How to write scientific papers" എന്ന വിഷയത്തെ അധികരിച്ച് ക്ലാസ് നയിച്ചു.

### ലൈഫ് ലൈൻ ക്ലാസ്

8-ാം ക്ലാസിലെ കുട്ടികൾക്കായുള്ള ലൈഫ് ലൈൻ ക്ലാസുകൾ ഡിസംബർ 9,10 തീയതികളിൽ കാഞ്ഞിരപ്പള്ളി, വെളിച്ചിയാനി ഫൊറോനകളിലെ കുട്ടികൾക്ക് പൊടിമറ്റം സെന്റ് ഡോമിനിക്സ് കോളേജിലും ഡിസംബർ 30, 31 തീയതികളിൽ മുണ്ടക്കയം, പെരുവന്താനം ഫൊറോനയിലെ കുട്ടികൾക്കായി മുണ്ടക്കയം ഫൊറോനാപ്പള്ളിയിൽ വച്ചും നടത്തപ്പെട്ടു.

### വിശ്വാസ പരിശീലക ക്വിസ്

ശ്രീ. മാത്യു കുര്യാക്കോസ് മേപ്പലക്കാട്ടിന്റെ (കുട്ടിസാർ) അനുസ്മരണാർത്ഥമുള്ള വിശ്വാസപരിശീലക ക്വിസ് ഡിസംബർ 23-ാം തീയതി ശനിയാഴ്ച കാഞ്ഞിരപ്പള്ളി പാസ്റ്ററൽ സെന്ററിൽ വച്ച് നടന്നു. കാഞ്ഞിരപ്പള്ളി രൂപതാ വികാരി ജനറാൾ പെരിയ ബഹു. ബോബി അലക്സ് മണ്ണംപ്ലാക്കലച്ചൻ ക്വിസ് മത്സരം ഉദ്ഘാടനം ചെയ്തു. 40 ഇടവകകളിൽ നിന്നുള്ള അധ്യാപകർ പങ്കെടുത്ത ക്വിസ് മത്സരത്തിന് ബഹു. ഫാ. ബിന്നി കയ്യാണിയിൽ (മരിയൻ കോളേജ്, കുട്ടിക്കാനം) നേതൃത്വം നൽകി. രൂപതാ പ്രൊക്യുറേറ്റർ പെരിയ ബഹുമാനപ്പെട്ട ഫിലിപ്പ് തടത്തിലച്ചൻ സമ്മാനദാനം നിർവഹിച്ചു.

**മത്സര വിജയികൾ**

| | | | |
|---|---|---|---|
| Ist | - | ജസ്റ്റിൻ ജോസ് കൈപ്പള്ളി<br>പ്രറ്റി റോസ് തോമസ് അടിച്ചിലാമാക്കൽ | - എരുമേലി |
| IInd | - | ജെസ്സി രാജേഷ് മൂലയിൽ<br>സ്നേഹ ഇമ്മാനുവേൽ ചെങ്ങളത്ത് | - ചെങ്ങളം |
| IIIrd | - | ആന്റണി ഒ.എ. ഓലിക്കൽ<br>ബിന്ദു ആന്റണി ഓലിക്കൽ | - ആനിക്കാട് |
| IVth | - | അന്നമ്മ കാവാലംപുതുപ്പറമ്പിൽ<br>സോഫിയ പുല്ലുവയലിൽ | - പുത്തൻകൊരട്ടി |
| Vth | - | പൗളി എം. പോൾ വട്ടക്കാട്ട്<br>ലൗലി ജേക്കബ് നെല്ലരികയിൽ | - കപ്പാട് |

**അഭിനന്ദനങ്ങൾ**

ഡിസംബർ 27 മുതൽ 29 വരെ സീറോമലബാർ സഭാ ആസ്ഥാനമായ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വച്ച് എല്ലാ രൂപതകളിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട 12-ാം ക്ലാസിലെ കുട്ടികൾക്കായി നടത്തിയ സീറോ മലബാർ പ്രതിഭാസംഗമത്തിൽ സെറിൻ ബിനോയ് പാഴിയാങ്കൽ (താമരക്കുന്ന്), നിയ ഷിജി കൊല്ലംപറമ്പിൽ (കോരുത്തോട്), റയാൻ നെൽസൺ ഒളശ്ശയിൽ (മുണ്ടക്കയം) എന്നിവർ പങ്കെടുത്തു. റയാൻ നെൽസൺ സീറോ മലബാർ സഭാതാരമായി തെരഞ്ഞെടുക്കപ്പെട്ടു. അഭിനന്ദനങ്ങൾ.

**ഫാ. ഫിലിപ്പ് വട്ടയത്തിൽ**
**ഡയറക്ടർ**

# ചെറുപുഷ്പ മിഷൻ ലീഗ്

**ജനുവരി മാസത്തെ കർമ്മപരിപാടികൾ**

| | |
|---|---|
| 6 ശനി | ദനഹാതിരുനാൾ |
| | : സീറോ മലബാർ സഭയുടെ മിഷൻവാരം ആരംഭിക്കുന്നു. |
| 12 വെള്ളി | സീറോ മലബാർ സഭയുടെ മിഷൻവാരം അവസാനിക്കുന്നു. |
| 26 വെള്ളി | നിലയ്ക്കൽ തീർത്ഥാടനം |
| 31 ബുധൻ | മിശിഹാനുഭവ ധ്യാനത്തിൽ പങ്കെടുക്കുന്ന കുട്ടികളുടെ ലിസ്റ്റ് കേന്ദ്ര ഓഫീസിൽ ഏൽപ്പിക്കേണ്ട അവസാന തീയതി |

**നിലയ്ക്കൽ തീർത്ഥാടനം**

രൂപതാ ചെറുപുഷ്പമിഷൻലീഗ് നേതൃത്വം നല്കുന്ന നിലയ്ക്കൽ തീർത്ഥാടനം ജനുവരി 26 വെള്ളിയാഴ്ച നടത്തുകയാണ്. നമ്മുടെ പിതാവായ മാർത്തോമ്മാശ്ലീഹാ നിലയ്ക്കൽ കേന്ദ്രമാക്കി സ്ഥാപിച്ച വിശ്വാസസമൂഹത്തിന്റെ പിൻതുടർച്ചക്കാരായ നാം നമ്മുടെ പൂർവികർ വിശ്വാസം ജീവിച്ച പ്രദേശത്ത് ഇന്ന് തീർത്ഥാടനകേന്ദ്രങ്ങളായി നിലകൊള്ളുന്ന തുലാപ്പള്ളി - നിലയ്ക്കൽ മാർത്തോമ്മാശ്ലീഹാ തീർത്ഥാടന ദൈവാലയത്തിലേയ്ക്കും നിലയ്ക്കൽ എക്യുമെനിക്കൽ ദൈവാലയത്തിലേക്കും തീർത്ഥാടനം നടത്തുക ഉചിതമാണല്ലോ. രാവിലെ 10 മണിക്ക് കാഞ്ഞിരപ്പള്ളി രൂപതയിലെ നവവൈദികർ തുലാപ്പള്ളി മാർത്തോമ്മാശ്ലീഹാപള്ളിയിൽ വിശുദ്ധ കുർബാനയർപ്പിക്കുകയും അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവ് തീർത്ഥാടന സന്ദേശം നൽകുകയും ചെയ്യും. നേർച്ച

ഭക്ഷണത്തിനും തിരുശ്ശേഷിപ്പ് വണക്കത്തിനും ശേഷം തീർത്ഥാടകർ നിലയ്ക്കൽ എക്യുമെനിക്കൽ ദൈവാലയത്തിലേയ്ക്ക് തിരിക്കും. ഉച്ചകഴിഞ്ഞ് 1.30 ന് ആരംഭിക്കുന്ന പദയാത്ര നിലയ്ക്കൽ എക്യുമെനിക്കൽ പള്ളിയിലെ പ്രാർത്ഥനാ ശുശ്രൂഷയോടെ സമാപിക്കുന്നതാണ്. മാർത്തോമ്മാശ്ലീഹായുടെ പാവനസ്മരണയും വിശ്വാസപൈതൃകവും നിറഞ്ഞുനിൽക്കുന്ന നിലയ്ക്കലേയ്ക്കുള്ള ഈ തീർത്ഥാടനത്തിൽ പങ്കുചേരുവാൻ എല്ലാ പ്രേഷിതരേയും സ്നേഹപൂർവം സ്വാഗതം ചെയ്യുന്നു.

**മിശിഹാനുഭവധ്യാനം**

10-ാം ക്ലാസിൽ വിശ്വാസപരിശീലനം പൂർത്തിയാക്കിയ കുട്ടികൾക്കായി ഏപ്രിൽ മാസത്തിൽ നടത്തുന്ന ധ്യാനമാണ് മിശിഹാനുഭവധ്യാനം.

1. ഏപ്രിൽ 9 മുതൽ 11 വരെയുള്ള തീയതികളിൽ കട്ടപ്പന, മുണ്ടിയെരുമ, ഉപ്പുതറ, ഫൊറോനകൾ. - പാസ്റ്ററൽ ആനിമേഷൻ സെന്റർ, അണക്കര. 9-ാം തീയതി 9.30 a.m. മുതൽ 11-ാം തീയതി 3.00 p.m. വരെ. (ആദ്യം രജിസ്റ്റർ ചെയ്യുന്ന 100 പേർക്ക്).
2. ഏപ്രിൽ 15 മുതൽ 17 വരെയുള്ള തീയതികളിൽ കുമളി, അണക്കര ഫൊറോനകൾ - പാസ്റ്ററൽ ആനിമേഷൻ സെന്റർ, അണക്കര. 15-ാം തീയതി 9.30 a.m. മുതൽ 17-ാം തീയതി 3.00 p.m. വരെ. (ആദ്യം രജിസ്റ്റർ ചെയ്യുന്ന 100 പേർക്ക്).
3. ഏപ്രിൽ 20 മുതൽ 22 വരെയുള്ള തീയതികളിൽ എരുമേലി, മുണ്ടക്കയം, പെരുവന്താനം, റാന്നി, പത്തനംതിട്ട ഫൊറോനകൾ. - തമ്പലക്കാട് ഇമ്മാനുവൽ ധ്യാനകേന്ദ്രം. 20-ാം തീയതി 9.30 a.m. മുതൽ 22-ാം തീയതി 3.00 p.m. വരെ. (ആദ്യം രജിസ്റ്റർ ചെയ്യുന്ന 150 പേർക്ക്).
4. ഏപ്രിൽ 24 മുതൽ 26 വരെയുള്ള തീയതികളിൽ കാഞ്ഞിരപ്പള്ളി, വെളിച്ചിയാനി, പൊൻകുന്നം ഫൊറോനകൾ. - തമ്പലക്കാട് ഇമ്മാനുവൽ ധ്യാനകേന്ദ്രം. 24-ാം തീയതി 9.30 a.m. മുതൽ 26-ാം തീയതി 3.00 p.m. വരെ. (ആദ്യം രജിസ്റ്റർ ചെയ്യുന്ന 150 പേർക്ക്).

## ഡിസംബർ 15 വരെ മിഷൻ സന്ദേശ് തുക നൽകിയ ഇടവകകൾ

| | | |
|---|---|---|
| അണക്കര | - | 100000 |
| ചക്കുപള്ളം | - | 3250 |
| കമ്പംമേട് | - | 45000 |
| കരുണാപുരം | - | 10000 |
| കുഴിത്തൊളു | - | 19000 |
| നെറ്റിത്തൊഴു | - | 45000 |
| നസ്രാണിപുരം | - | 3050 |
| വെള്ളാരംകുന്ന് | - | 50000 |
| കട്ടപ്പന | - | 66180 |
| ഗ്രേസ്മൗണ്ട് | - | 5000 |
| മേരികുളം | - | 40000 |
| കാഞ്ചിയാർ | - | 20000 |
| മേപ്പാറ | - | 11800 |
| നരിയംപാറ | - | 5000 |
| സ്വരാജ് | - | 5000 |
| അന്യാർതൊളു | - | 10650 |
| ചേമ്പളം | - | 21990 |
| നിർമ്മലാപുരം | - | 7050 |
| സന്യാസിയോട | - | 10000 |
| ഉപ്പുതറ | - | 15000 |
| ചിന്നാർ | - | 10000 |
| രാജഗിരി | - | 10000 |
| ചാമംപതാൽ | - | 25000 |
| ചെങ്ങളം | - | 91530 |
| ചെങ്കൽ | - | 38280 |
| ചെന്നാക്കുന്ന് | - | 14370 |
| ഇളങ്ങുളം | - | 50000 |
| എലിക്കുളം | - | 33000 |
| പടനിലം | - | 5000 |
| തച്ചപ്പുഴ | - | 24500 |
| എരുമേലി | - | 40000 |
| എലിവാലിക്കര | - | 2000 |
| എരുത്വാപ്പുഴ | - | 26860 |
| പഴയകൊരട്ടി | - | 24000 |
| മണിപ്പുഴ | - | 20500 |
| മുക്കൂട്ടുതറ | - | 36000 |
| തുലാപ്പള്ളി | - | 15000 |
| ഉമ്മിക്കുപ്പ | - | 20000 |
| ചെമ്പനോലി | - | 15050 |
| പെരുന്തേനരുവി | - | 5000 |
| ചീങ്കൽത്തടം | - | 2700 |
| വകയാർ | - | 4500 |
| പേഴുംപാറ | - | 7050 |
| കോന്നി | - | 7000 |
| സീതത്തോട് | - | 10440 |
| കാഞ്ഞിരപ്പള്ളി | - | 80000 |
| കപ്പാട് | - | 50000 |
| കൂവപ്പള്ളി | - | 25000 |
| പുത്തൻകൊരട്ടി | - | 57000 |
| ഇടക്കുന്നം | - | 10000 |
| ഇഞ്ചിയാനി | - | 10200 |
| കാരികുളം | - | 35690 |

| | | |
|---|---|---|
| മാങ്ങാപ്പാറ | - | 5000 |
| പാലപ്ര | - | 6800 |
| ജോൺ പോൾ II[nd] | - | 32010 |
| പൊടിമറ്റം | - | 90000 |
| മുണ്ടക്കയം | - | 31300 |
| മുളങ്കുന്ന് | - | 6000 |
| പുഞ്ചവയൽ | - | 25165 |
| തെക്കേമല | - | 10000 |

| | | |
|---|---|---|
| വണ്ടൻപതാൽ | - | 30000 |
| ഏന്തയാർ | - | 9360 |
| പെരുവന്താനം | - | 5500 |
| അഴങ്ങാട് | - | 7700 |
| ഏലപ്പാറ | - | 15000 |
| കുട്ടിക്കാനം | - | 9350 |
| പീരുമേട് | - | 6000 |

ഇനിയും മിഷൻ സന്ദേശ് തുക തരാത്ത ഇടവകകൾ എത്രയും പെട്ടെന്ന് നൽകുമല്ലോ. പ്രഥമാദ്ധ്യാപകരുടെ മീറ്റിംഗിൽ അറിയിച്ചിരുന്നതുപോലെ പതിനായിരത്തിനുമുകളിലുള്ള തുക രൂപതാ മിഷൻലീഗിന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് അയയ്ക്കാൻ ശ്രദ്ധിക്കുമല്ലോ.

**ഫാ. ആന്റണി തുണ്ടത്തിൽ**
**അസി. ഡയറക്ടർ**

**ഫാ. ഫിലിപ്പ് വട്ടയത്തിൽ**
**ഡയറക്ടർ**

# ബൈബിൾ അപ്പോസ്തലേറ്റ്

## ബൈബിൾ ദൈവശാസ്ത്ര ഡിപ്ലോമാ കോഴ്സ് ഉദ്ഘാടനം

നമ്മുടെ രൂപതയിൽ ബൈബിൾ അപ്പസ്തോലേറ്റിന്റെയും കെരിഗ്മാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് തിയോളജിയുടെയും സംയുക്താഭിമുഖ്യത്തിൽ ആരംഭിക്കുന്ന ബൈബിൾ ദൈവശാസ്ത്ര ഡിപ്ലോമാ കോഴ്സ് ആദ്യബാച്ചിന്റെ ഉദ്ഘാടനവും ആദ്യക്ലാസും 2024 ജനുവരി 2-ാം തീയതി ചൊവ്വാഴ്ച രാവിലെ 10 മണിക്ക് കാഞ്ഞിരപ്പള്ളി പാസ്റ്ററൽ സെന്റർ കോൺഫറൻസ് ഹാളിൽ വച്ചു നടത്തപ്പെടും. കാഞ്ഞിരപ്പള്ളി രൂപതാധ്യക്ഷൻ അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവ് ഉദ്ഘാടനകർമ്മം നിർവഹിക്കും.

രണ്ടാമത്തെ ബാച്ചിന്റെ ഉദ്ഘാടനവും ആദ്യക്ലാസും 2024 ജനുവരി 13-ാം തീയതി രണ്ടാം ശനിയാഴ്ച രാവിലെ 10 മണിക്ക് കാഞ്ഞിരപ്പള്ളി പാസ്റ്ററൽ സെന്റർ കോൺഫറൻസ് ഹാളിൽ വച്ചു നടത്തപ്പെടുന്നതായിരിക്കും.

## ബൈബിൾ ദൈവശാസ്ത്ര ഡിപ്ലോമാ കോഴ്സിലേക്ക് പ്രവേശനം

ഈ ഡിപ്ലോമാ കോഴ്സിന്റെ 2-ാമത്തെ ബാച്ചിൽ ഏതാനും സീറ്റുകൾ കൂടി ഒഴിവുണ്ട്. ബൈബിൾ വിഷയങ്ങൾ പഠിക്കാൻ താല്പര്യമുള്ളവർ എത്രയും നേരത്തെ ബൈബിൾ അപ്പോസ്തലേറ്റ് ഡിപ്പാർട്ട്മെന്റിന്റെ നമ്പരിലേക്ക് (8589985736) വിളിക്കുകയോ മെസേജ് നൽകുകയോ ചെയ്യുമല്ലോ. 2024 ജനുവരി 12-ാം തീയതിയോടെ പ്രവേശനം അവസാനിപ്പിക്കുന്നതായിരിക്കും.

## കഴിഞ്ഞ പരിപാടികൾ

### ധ്യാനം

നവംബർ 30-ാം തീയതി വ്യാഴാഴ്ച, തമ്പലക്കാട് പെനുവേൽ ആശ്രമത്തിൽ വച്ചു നടത്തപ്പെട്ട ധ്യാനത്തിൽ 'ജീവിതനവീകരണവും സാക്ഷ്യജീവിതവും' എന്ന വിഷയത്തെ ആസ്പദമാക്കി ക്ലാസുകളെടുത്തു.

### പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾക്ക് സെമിനാർ

ഡിസംബർ 9-ാം തീയതി ശനിയാഴ്ച കാഞ്ഞിരപ്പള്ളി രൂപതാ പാസ്റ്ററൽ കൗൺസിൽ സമ്മേളനത്തിന്റെ സീറോ മലബാർ ആർക്കി എപ്പിസ്ക്കോപ്പൽ അസംബ്ലിയുടെ മാർഗ്ഗരേഖയെ അടിസ്ഥാനമാക്കി ക്ലാസ്സെടുത്തു. തുടർന്ന് പ്രസ്തുത മാർഗ്ഗരേഖയിലെ വിവിധ വിഷയങ്ങളെക്കുറിച്ച് അംഗങ്ങൾ വിശദമായി ചർച്ചചെയ്തു.

### വിശ്വാസപരിശീലക പ്രതിനിധികൾക്ക് സെമിനാർ

കാഞ്ഞിരപ്പള്ളി രൂപതയിലെ വിശ്വാസപരിശീലനകർക്കായി പാസ്റ്ററൽ ആനിമേഷൻ ഡിപ്പാർട്ടുമെന്റും വിശ്വാസപരിശീലന കാര്യാലയവും സംയുക്തമായി സംഘടിപ്പിച്ച സെമിനാറിൽ സീറോമലബർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലിയുടെ മാർഗ്ഗരേഖ വിശദീകരിച്ചു കൊടുത്ത് വിശ്വാസപരിശീലകർക്ക് സ്വന്തം ഇടവകകളിൽ പ്രസ്തുത വിഷയത്തെക്കുറിച്ച് ക്ലാസ്സെടുക്കാൻ പരിശീലനം നൽകി.

**ഫാ. ആന്റണി ചെല്ലംതറ**
**ഡയറക്ടർ**

# സീറോ മലബാർ യൂത്ത് മൂവ്മെന്റ് (എസ്.എം.വൈ.എം.)

**ജനുവരി**

7 യൂണിറ്റ് വിസിറ്റ്

13 നൈറ്റ് വിജിൽ

14 യൂണിറ്റ് വിസിറ്റ്

21 യൂണിറ്റ് വിസിറ്റ്

28 യൂണിറ്റ് വിസിറ്റ്

**നസ്രാണിയുവശക്തി**

കാഞ്ഞിരപ്പള്ളി രൂപത എസ്.എം.വൈ.എം യുവജനങ്ങളുടെ മഹാസംഗമം നസ്രാണി യുവശക്തി ഡിസംബർ 26 ചൊവ്വാഴ്ച പൊടിമറ്റം സെന്റ് മേരീസ് പാരിഷ് ഹാളിൽവച്ച് നടത്തപ്പെട്ടു. എസ്.എം.വൈ.എം കാഞ്ഞിരപ്പള്ളി രൂപതാ സമിതി നേതൃത്വം നൽകിയ ഈ സംഗമത്തിൽ രൂപതയിലെ 147 ഇടവകകളിൽ നിന്നായി നാലായിരത്തിലധികം യുവജനങ്ങൾ പങ്കെടുത്തു. ചങ്ങനാശ്ശേരി അതിരൂപത സഹായമെത്രാൻ അഭിവന്ദ്യ മാർ തോമസ് തറയിൽ യുവജനങ്ങൾക്കായി അനുഗ്രഹപ്രഭാഷണം നടത്തി. അഭിവന്ദ്യ മാർ. ജോസ് പുളിക്കൽ ഉദ്ഘാടനം ചെയ്ത് സംസാരിച്ചു. പ്രശസ്ത വാഗ്മിയും എഴുത്തുകാരനും വിശ്വപൗരനുമായ ശ്രീ. ശശി തരൂർ നസ്രാണി യുവശക്തി മഹാ സംഗമത്തിന്റെ വിശിഷ്ട അതിഥി. യുവജനങ്ങളുടെ ബൗദ്ധിക ആത്മീയ സാമൂഹിക കഴിവുകളെ പ്രചോദിപ്പിക്കുന്ന പ്രഭാഷണവും യുവജനങ്ങളുമായി നേരിട്ട് സംവാദവും സംഗമത്തിന്റെ മുഖ്യആകർഷണമായിരുന്നു.

അസിസ്റ്റന്റ് ഡയറക്ടർ ഫാ. തോമസ് നരിപ്പാറയിൽ അധ്യക്ഷത വഹിച്ച ചടങ്ങിൽ, ഫ. വർഗീസ് കൊച്ചുപുരയ്ക്കൽ, വികാരി ജനറാൾ ഫാ. ബോബി അലക്സ് മണ്ണംപ്ലാക്കൽ എന്നിവർ യുവജനങ്ങളെ അഭിസംബോധന ചെയ്ത് സംസാരിച്ചു. മലനാട് ഡെവലപ്മെന്റ് സൊസൈറ്റി ഡയറക്ടർ ഫാ. തോമസ് മറ്റമുണ്ടയിലിനെ സംഗമത്തിൽ ആദരിച്ചു. യുവജന ശുശ്രൂഷാമേഖലകളിലെ നിസ്തുല സംഭാവനകൾ മാനിച്ച് അഡ്വ. ജസ്റ്റിൻ പള്ളിവാതുക്കൽ, ശ്രീ അമൽ സിറിയക്ക്, മിസ്സ്. അലോക ബെന്നി എന്നിവർക്ക് അവാർഡുകൾ നൽകി. രൂപതാ വൈസ് പ്രസിഡന്റ് ശ്രീമതി അനിറ്റ് കണ്ടത്തിൽ ഏവർക്കും സ്വാഗതം ആശംസിച്ചു. കാഞ്ഞിരപ്പള്ളി, ചിറക്കടവ്, മുക്കൂട്ടുതറ ഇടവകകളിലെ കുട്ടികളും, എം.എം.റ്റി ഹോസ്പിറ്റലിലെ നേഴ്സിങ് വിദ്യാർത്ഥികളും വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു. പ്രശസ്ത സംഗീത സംവിധായകനും ഗായകനുമായ ശ്രീ. ജോബ് കുര്യൻ നയിച്ച രണ്ടുമണിക്കൂർ നീളുന്ന സംഗീത വിരുന്നു യുവജനങ്ങൾക്ക് സമ്മാനിച്ചു. യുവജനങ്ങൾക്കായി ഒരുക്കിയ സ്നേഹവിരുന്നും സംഗമത്തിന്റെ മുഖ്യ ആകർഷണം ആയിരുന്നു.

**നൈറ്റ് വിജിൽ**

ഡിസംബർ 1 വൈകുന്നേരം 6 മണി മുതൽ ഡിസംബർ 2 രാവിലെ 6 മണി വരെ കോഴഞ്ചേരി ഹോളി ഫാമിലി ഇടവകയിലെ യുവജനങ്ങൾക്കായി നൈറ്റ് വിജിലും തെയ്സെ പ്രാർത്ഥനയും നടത്തപ്പെട്ടു. 25 യുവജനങ്ങൾ പങ്കെടുത്തു. വിശുദ്ധ കുർബാനയോടെ നൈറ്റ് വിജിൽ സമാപിച്ചു. ഫാ. വർഗീസ് കൊച്ചുപുരയ്ക്കൽ, ബ്ര. സിജോ വടക്കേടത്ത് എന്നിവർ നൈറ്റ് വിജിലിന് നേതൃത്വം നൽകി.

**ടീൻ ഫെസ്റ്റ്**

കൗമാരക്കാരെ വിശ്വാസ ബോധ്യങ്ങളിൽ ഉറപ്പിക്കുക എന്ന ലക്ഷ്യത്തോടെ ഡിസംബർ 2, 3 തീയതികളിൽ ടീൻ ഫെസ്റ്റ്, ദ്വിദിന

ക്യാമ്പ് നടത്തപ്പെട്ടു. പെരുവന്താനം സെന്റ് ജോസഫ് പള്ളിയിൽ വച്ച് നടത്തപ്പെട്ട ടീൻ ഫെസ്റ്റിൽ പെരുവന്താനം ഫൊറോനയിലെ 60 കൗമാരക്കാർ പങ്കെടുത്തു. പെരുവന്താനം ഫൊറോന വികാരി ഫാ. തോമസ് നല്ലൂർക്കാലായിപ്പറമ്പിൽ ഉദ്ഘാടനം ചെയ്ത് സംസാരിച്ചു. ഫാ. വർഗീസ് കൊച്ചുപുരയ്ക്കൽ, അഡ്വ. ജസ്റ്റിൻ പള്ളിവാതുക്കൽ, ബ്ര. സിജോ വടക്കേടത്ത് എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകി. ടീൻ ഫെസ്റ്റിനായി മുഴുവൻ സൗകര്യങ്ങളും തന്നു സഹായിച്ച വികാരിയച്ചനും സിസ്റ്റേഴ്സിനും പെരുവന്താനം ഫൊറോന എക്സിക്യൂട്ടീവ് അംഗങ്ങൾക്കും, കൂട്ടായ്മകൾ ഒരുക്കിത്തന്ന കൂട്ടായ്മാലീഡേഴ്സിനും, കൈക്കാരന്മാർക്കും ഇടവക ജനങ്ങൾക്കും ഒത്തിരി നന്ദി.

### വോളന്റിയേഴ്സ് മീറ്റ്

നസ്രാണി യുവശക്തി യുവജന മഹാസംഗമത്തിന് മുന്നോടിയായി ഡിസംബർ 10 ഞായറാഴ്ച്ച വോളണ്ടിയേഴ്സ് മീറ്റ് നടത്തപ്പെട്ടു. പൊടിമറ്റം പാരിഷ്ഹാളിൽ നടന്ന വോളണ്ടിയേഴ്സ് മീറ്റ് ഫൊറോന വികാരി ഫാ. മാർട്ടിൻ വെള്ളിയാംകുളം ഉദ്ഘാടനം ചെയ്തു. പരിപാടികളുടെ ക്രമീകരണത്തിന്റെ ഭാഗമായി വിവിധ കമ്മറ്റികൾക്ക് രൂപം നൽകി. വോളന്റിയേഴ്സ് മീറ്റിൽ 180 പേർ പങ്കെടുത്തു.

### ഉത്സവ് 2023

കെ.സി.വൈ.എം. സംസ്ഥാന സമിതിയുടെ 'ഉത്സവ് 2023' കലാ മത്സരങ്ങൾ കാഞ്ഞിരപ്പള്ളി രൂപതയുടെ ആതിഥേയത്വത്തിൽ കുട്ടിക്കാനം മരിയൻ കോളജിൽ വച്ച് നടത്തപ്പെട്ടു. കെ.സി.വൈ.എം. സംസ്ഥാന പ്രസിഡന്റ് ശ്രീ. ഷാരോൺ കെ.റെജി അദ്ധ്യക്ഷത വഹിച്ച ഉദ്ഘാടന സമ്മേളനം

പൂഞ്ഞാർ എം.എൽ.എ. ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ ഉത്ഘാടനം നിർവ്വഹിച്ചു. കേരളത്തിലെ 32 രൂപതകളിൽ നിന്നുള്ള യുവപ്രതിഭകൾ മാറ്റുരച്ചു.

ഈ വർഷത്തെ ഓവറോൾ ചാമ്പ്യൻഷിപ്പ് നെയ്യാറ്റിൻകര രൂപത കരസ്ഥമാക്കി. ഇടുക്കി രൂപത ഫസ്റ്റ് റണ്ണറപ്പും മാനന്തവാടി രൂപത സെക്കൻഡ് റണ്ണറപ്പും സ്ഥാനങ്ങൾ കരസ്ഥമാക്കി.

സംസ്ഥാന ഡയറക്ടർ ഫാ. സ്റ്റീഫൻ ചാലക്കര, സംസ്ഥാന ജനറൽ സെക്രട്ടറി ശ്രീ.ജോജി ടെന്നിസൻ, വൈസ് പ്രസിഡന്റുമാരായ കുമാരി ഗ്രാലിയ അന്ന അലക്സ്, ശ്രീ.ലിബിൻ മുരിങ്ങലത്ത്, സെക്രട്ടറിമാരായ കുമാരി അനു ഫ്രാൻസിസ്, കുമാരി മറിയം റ്റി.തോമസ്, ശ്രീ. ഷിബിൻ ഷാജി, ട്രഷറർ ശ്രീ.ഫ്രാൻസിസ് എസ്സ്., എന്നിവർ നേതൃത്വം നൽകി.

**ഇലക്ഷൻ**

2024 വർഷത്തെ SMYM യൂണിറ്റ് ഇലക്ഷനുകൾ ഫെബ്രുവരി 10 ന് പൂർത്തിയാക്കണം. താഴെ പറയുന്ന യൂണിറ്റ് ഭാരവാഹികളെ യാണ് തിരഞ്ഞെടുക്കേണ്ടത്.

1) പ്രസിഡന്റ് 2)വൈസ് പ്രസിഡന്റ് 3)ജനറൽ സെക്രട്ടറി 4)സെക്രട്ടറി 5)ട്രഷറർ 6)കൗൺസിലർ 7)കൗൺസിലർ

ഇടവകയിലെ യുവജനങ്ങളുടെ എണ്ണം അനുസരിച്ച് A, B വിഭാഗങ്ങളിൽ ഭാരവാഹികളെ തിരഞ്ഞെടുക്കേണ്ടതാണ്.

**ഫാ. തോമസ് നരിപ്പാറയിൽ**
**അസി. ഡയറക്ടർ**

**ഫാ. വർഗീസ് കൊച്ചുപുരയ്ക്കൽ**
**ഡയറക്ടർ**

# കുടുംബപ്രേഷിതത്വം

**വിവാഹ ഒരുക്ക ധ്യാനം**

ഡിസംബർ 7,8,9 തീയതികളിലും 21,22,23 തീയതികളിലും പൊടിമറ്റം നിർമ്മല റിന്യൂവൽ സെന്റർ (NRC) യിലും ഡിസംബർ 14,15,16 തീയതികളിൽ അണക്കര പാസ്റ്ററൽ ആനിമേഷൻ സെന്റർ (PAC) യിലും വച്ച് വിവാഹ ഒരുക്ക ധ്യാനങ്ങൾ നടത്തപ്പെട്ടു.

**വരുന്ന ധ്യാന തീയതികൾ**

പൊടിമറ്റം നിർമ്മല റിന്യൂവൽ സെന്റർ (NRC) യിലും അണക്കര പാസ്റ്ററൽ ആനിമേഷൻ സെന്റർ (PAC) യിലും വച്ചാണ് വിവാഹ ഒരുക്ക ധ്യാനം നടത്തപ്പെടുന്നത്. ധ്യാനസമയം ഒന്നാം ദിവസം രാവിലെ 8.30 മുതൽ മൂന്നാം ദിവസം വൈകിട്ട് 4 മണിവരെയാണ്.

i) ജനുവരി 4,5,6 (വ്യാഴം - ശനി) - നിർമ്മല റിന്യൂവൽ സെന്റർ (NRC), പൊടിമറ്റം

ii) ജനുവരി 18,19,20 (വ്യാഴം - ശനി) - പാസ്റ്ററൽ ആനിമേഷൻ സെന്റർ (PAC), അണക്കര

iii) ഫെബ്രുവരി 1,2,3 (വ്യാഴം - ശനി) - നിർമ്മല റിന്യൂവൽ സെന്റർ (NRC), പൊടിമറ്റം

രജിസ്ട്രേഷൻ ഫീസ് : Rs. 1700 (ആയിരത്തി എഴുന്നൂറു രൂപ). രജിസ്റ്റർ ചെയ്യുമ്പോൾ അഡ്വാൻസായി 700 രൂപ അടയ്ക്കേണ്ടതാണ്. രജിസ്ട്രേഷനായി ബന്ധപ്പെടേണ്ട നമ്പർ : 9497096431, 04828 205628, 201100.

**ഹോംമിഷൻ**

ഡിസംബർ 3-9 തീയതികളിൽ കട്ടപ്പന സെന്റ് ജോർജ് ഇടവകയിൽ SCJG, FCC, SH, CSN, SABS തുടങ്ങിയ സന്യാസിനി

# പിതൃവേദി

ഡിസംബർ 17, 23 തീയതികളിൽ ഡയറക്ടറച്ചന്റെ നേതൃത്വത്തിൽ പിതൃവേദി രൂപതാ എക്സിക്യൂട്ടീവ് മീറ്റിംഗ് നടന്നു.

**ഫാ. സെബാസ്റ്റ്യൻ പുളിക്കക്കുന്നേൽ**
**അസി. ഡയറക്ടർ**

**ഫാ. മാത്യു ഓലിക്കൽ**
**ഡയറക്ടർ**

---

## കുടുംബപ്രേഷിതത്വം

സമൂഹങ്ങളിലെ ബഹുമാനപ്പെട്ട സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ ഹോംമിഷൻ നടത്തപ്പെട്ടു.

ഡിസംബർ 3-8 തീയതികളിൽ ഉമ്മിക്കുപ്പ ലൂർദ്ദ് മാതാ ഇടവകയിൽ സി.എം.സി. സന്യാസിനി സമൂഹത്തിലെ ബഹുമാനപ്പെട്ട സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ ഹോംമിഷൻ നടത്തപ്പെട്ടു.

ഡിസംബർ 12-16 തീയതികളിൽ അമലഗിരി സെന്റ് തോമസ് ഇടവകയിൽ SH സന്യാസിനി സമൂഹത്തിലെ ബഹുമാനപ്പെട്ട സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ ഹോം മിഷൻ നടത്തപ്പെട്ടു.

**കുടുംബവിശുദ്ധീകരണ ധ്യാനം**

ഫാമിലി അപ്പസ്തോലേറ്റിന്റെ നേതൃത്വത്തിൽ ഡിസംബർ 3,4,5 തീയതികളിൽ നെയ്യാട്ടുശ്ശേരി സെന്റ് ജോർജ് ഇടവകയിൽ കുടുംബവിശുദ്ധീകരണ ധ്യാനം നടത്തപ്പെട്ടു.

ഹോംമിഷനൊരുക്കമായി ഡിസംബർ 10-ാം തീയതി അമലഗിരി സെന്റ് തോമസ് ഇടവക സന്ദർശിക്കുകയും ഇടവക ജനത്തെ ഒരുക്കുകയും ചെയ്തു.

**ഫാ. സെബാസ്റ്റ്യൻ പുളിക്കക്കുന്നേൽ**
**അസി. ഡയറക്ടർ**

**ഫാ. മാത്യു ഓലിക്കൽ**
**ഡയറക്ടർ**

# മാതൃവേദി

**മംഗളവാർത്താധ്യാനം**

ഡിസംബർ 1,2,3 തീയതികളിൽ ഗർഭസ്ഥശിശുക്കളുടെ മാതാപിതാക്കൾക്കും കുഞ്ഞുങ്ങളെ സ്വീകരിക്കാൻ ഒരുങ്ങുന്നവർക്കും കുഞ്ഞുങ്ങളില്ലാത്തവർക്കുമായുള്ള മംഗളവാർത്താധ്യാനം തമ്പലക്കാട് പെനുവേൽ ആശ്രമത്തിൽ വച്ച് നടത്തപ്പെട്ടു.

**പ്രചോദിനി**

ഡിസംബർ 6, 13 തീയതികളിൽ ഹൈറേഞ്ചിലും ലോറേഞ്ചിലും പ്രചോദിനിയിൽ ഈ വർഷം പങ്കെടുത്തുകൊണ്ടിരുന്നവരുടെ സർട്ടിഫിക്കറ്റ് വിതരണവും സമാപന സമ്മേളനവും നടന്നു. രൂപതാ വികാരി ജനറാൾ പെരിയ ബഹുമാനപ്പെട്ട ബോബി അലക്സ് മണ്ണംപ്ലാക്കൽ അച്ചൻ അമ്മമാരെ കേൾക്കുകയും പ്രചോദിനിയിൽ പരിശീലനം നേടിയ പ്രചോദിനിമാരുടെ ദൗത്യത്തെക്കുറിച്ച് ഓർമ്മിപ്പിക്കുകയും ചെയ്തു.

**രൂപതാ വാർഷികം**

മാതൃവേദിയുടെ കാഞ്ഞിരപ്പള്ളി രൂപതാവാർഷികം 2023 ഡിസംബർ 11 – ന് പൊടിമറ്റം സെന്റ് മേരീസ് ദൈവാലയത്തിൽ വച്ച് നടത്തപ്പെട്ടു. തുവാനിസാ സംഗമം എന്ന പേരിലാണ് നടത്തപ്പെട്ടത്. രാവിലെ 9.30 ന് വെരി. റവ. ഫാ. ഫിലിപ്പ് തടത്തിൽ വിശുദ്ധ കുർബാന അർപ്പിച്ചു. തുടർന്ന് 11 മണിക്ക് പൊതുസമ്മേളനമായിരുന്നു.

തുവാനീസാ എന്ന വാക്കിന്റെ അർത്ഥം ഭാഗ്യവതി എന്നതുപോലെ കർത്താവ് അരുളിച്ചെയ്ത കാര്യങ്ങൾ നിറവേറുമെന്ന് വിശ്വ

സിച്ച പരിശുദ്ധ അമ്മയെപ്പോലെ ജീവിതത്തിന്റെ സന്തോഷങ്ങളും പ്രതിസന്ധികളും ദൈവം അനുഗ്രഹമാക്കി മാറ്റുമെന്ന് വിശ്വസിക്കുവാനും ദൈവത്തിൽ ആശ്രയിച്ച് മുന്നേറുവാനും ഈ കാലഘട്ടത്തിൽ ഓരോ അമ്മമാർക്കും സാധിക്കട്ടെയെന്ന് ആഹ്വാനം ചെയ്തുകൊണ്ട് കാഞ്ഞിരപ്പള്ളി രൂപതാ അദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവ് ഈ സംഗമം ഉദ്ഘാടനം ചെയ്തു. സമ്മേളനത്തിൽ വനിതാസംരംഭകയായ നവ്യബേക്കറി ഡയറക്ടർ ശ്രീമതി ജിജി ബിജുവിനെ ആദരിക്കുകയും, ജിജി ബിജു തന്റെ അനുഭവങ്ങൾ പങ്കുവച്ചുകൊണ്ട് നവസംരംഭകരംഗത്തേക്ക് അമ്മമാർ കടന്നുവരണമെന്ന് ഓർമ്മിപ്പിക്കുകയും അഭിവന്ദ്യ പിതാവ് പാരിതോഷികം നൽകി ജിജി ബിജുവിനെ അഭിനന്ദിക്കുകയും ചെയ്തു. രൂപതാ വികാരി ജനറാൾ വെരി റവ. ഫാ. ബോബി അലക്സ് മണ്ണംപ്ലാക്കലും ഈ സമ്മേളനത്തിന് ആശംസകൾ നേർന്നു. പ്രസ്തുത സമ്മേളനത്തിന് രൂപതാ ഡയറക്ടർ സ്വാഗതം അരുളുകയും സെക്രട്ടറി മിനി കരിയിലകുളം റിപ്പോർട്ട് അവതരിപ്പിക്കുകയും പ്രസിഡന്റ് മേരിക്കുട്ടി പൊടിമറ്റത്തിൽ അധ്യക്ഷത വഹിക്കുകയും ആനിമേറ്റർ സി. ജ്യോതി മരിയ കൃതജ്ഞതയർപ്പിക്കുകയും ചെയ്തു.

അതോടൊപ്പം ഈ സമ്മേളനത്തിൽ 2024 ലെ മാർഗ്ഗരേഖ പ്രകാശനം ചെയ്തു. പ്രവർത്തനമികവിന്റെ അടിസ്ഥാനത്തിൽ, കട്ടപ്പന, കാഞ്ഞിരപ്പള്ളി, എരുമേലി എന്നീ മികച്ച ഫൊറോനകൾക്കും മേരികുളം, അഞ്ചിലിപ്പ, വെച്ചൂച്ചിറ, കാരികുളം, സന്യാസിയോട എന്നീ മികച്ച യൂണിറ്റുകൾക്കും സമ്മാനങ്ങളും പാരിതോഷികങ്ങളും നൽകി. രൂപതാ കലോത്സവത്തിൽ പ്രഥമസ്ഥാനം നേടിയ കലാപരിപാടികൾ സമ്മേളനത്തിൽ അവതരിപ്പിച്ചു. അതു പ്രോഗ്രാമിനെ കൂടുതൽ മനോഹരമാക്കി. റീജെന്റ് ബ്രദർ എബി നെല്ലിയാനി, ഫൊറോനാ രൂപതാ എക്സിക്യൂട്ടീവ് അംഗങ്ങൾ എന്നിവർ പ്രോഗ്രാമിന് നേതൃത്വം നൽകി. രൂപതയിലെ എല്ലാ ഇടവകകളിൽ നിന്നും എക്സിക്യൂട്ടീവ്സും ആനിമേറ്റേഴ്സും ഈ വാർഷിക സമ്മേളനത്തിൽ പങ്കെടുത്തു.

## യൂണിറ്റ് സന്ദർശനം

അമ്മമാരെ ശാക്തീകരിക്കുക എന്ന ലക്ഷ്യത്തോടെ ഡിസംബർ 17–ാം തീയതി മുളങ്കുന്ന് ഉണ്ണിമിശിഹാ ഇടവക സന്ദർശിക്കുകയും ക്ലാസുകൾ നടത്തപ്പെടുകയും ചെയ്തു. മീറ്റിംഗിന് ഇടവക വികാരി ബഹു. ഫാ. സിജു ഞള്ളിമാക്കൽ നേതൃത്വം നൽകി.

## ലീഡേഴ്സ് മീറ്റ്

ജനുവരി 15 ന് ലീഡേഴ്സ് മീറ്റ് പൊടിമറ്റം നിർമ്മല റിന്യൂവൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നു. ഓരോ ഫൊറോനയിലെയും എക്സിക്യൂട്ടീവ്സും ആനിമേറ്റേഴ്സുമാണ് ഇതിൽ പങ്കെടുക്കേണ്ടത്. പുതിയ പ്രവർത്തന വർഷത്തെ മാർഗ്ഗരേഖ വിശദീകരണവും വനിതാ സംരംഭങ്ങൾ തുടങ്ങുവാനുള്ള പ്രത്യേക പരിശീലനവുമാണ് ലീഡേഴ്സ് മീറ്റിന്റെ ലക്ഷ്യം.

## പ്രചോദിനി 2024

സ്ത്രീകളുടെ വ്യക്തിത്വവികസനവും നേതൃത്വ പരിശീലനവും ലക്ഷ്യം വയ്ക്കുന്ന പ്രചോദിനി പ്രോഗ്രാം ഈ വർഷം ഹൈറേഞ്ച്, ലോറേഞ്ച്, തെക്കൻ മേഖല ഇങ്ങനെ മൂന്നു മേഖലകളിൽ വച്ചാണ് നടത്തപ്പെടുന്നത്. ഇടവകകളിൽ നിന്നും പ്രചോദിനി പ്രോഗ്രാമിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവരുടെ പേരുകൾ ജനുവരി 15 ന് മുമ്പായി ഫാമിലി അപ്പസ്തോലേറ്റിന്റെ രൂപതാ ഓഫീസിൽ എത്തിക്കേണ്ടതാണ്.

**ഫാ. സെബാസ്റ്റ്യൻ പുളിക്കക്കുന്നേൽ**
**അസി. ഡയറക്ടർ**

**ഫാ. മാത്യു ഓലിക്കൽ**
**ഡയറക്ടർ**

# മേരിമാതാ മൈനർ സെമിനാരി

നവംബർ 29 - ഡിസംബർ 8

ആഘോഷമായ കൊന്തനമസ്ക്കാരം

ഡിസംബർ 2023

8 അമലോത്ഭവത്തിരുനാളിൽ ബഹു. ജസ്റ്റിൻ പഴേപറമ്പിലച്ചൻ പരിശുദ്ധ കുർബാനയർപ്പിച്ച് സന്ദേശം നല്കി.

15-16 ഡിസംബർ മാസത്തെ വൈദികവിദ്യാർത്ഥികളുടെ മാസധ്യാനത്തിന് ചെങ്കൽ തിരുഹൃദയപ്പള്ളി വികാരി ഫാ. ഡോ. വിൽഫിച്ചൻ തെക്കേവയലിൽ ധ്യാനചിന്തകൾ പങ്കുവച്ചു.

18 മൈലാപ്പൂരിലെ മാർസ്ലീവായുടെ തിരുനാളിൽ റെക്ടർ ഫാ. ഡോ. സെബാസ്റ്റ്യൻ കൊല്ലംകുന്നേൽ പരിശുദ്ധ കുർബാനയർപ്പിച്ച് സന്ദേശം നല്കി.

20 2023 ലെ ക്രിസ്മസ് ആഘോഷം 'ഫ്രോയിഡെ 2K23' (Joy) നടത്തപ്പെട്ടു. മേരി മാതാ മൈനർ സെമിനാരിയുടെ പ്രഥമ റെക്ടർ ബഹു. മാത്യു ഏറത്തേടത്തച്ചൻ ക്രിസ്മസ് സന്ദേശം നല്കി ക്രിസ്മസ് കേക്ക് മുറിച്ചു. തുടർന്ന് 2023 ലെ കലാകായിക മത്സരം 'തൈജസം 2K23' മത്സരവിജയികൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു. കലാസന്ധ്യയോടെ ആഘോഷങ്ങൾ സമാപിച്ചു.

21 സീറോ മലബാർ ഹയരാർക്കി സ്ഥാപനത്തിന്റെ ശതാബ്ദി ആഘോഷത്തിന്റെ ഭാഗമായി ഫാ. സെബാസ്റ്റ്യൻ കൊല്ലംകുന്നേൽ പരി. കുർബാന അർപ്പിച്ച് സന്ദേശം നല്കി.

21-31 ക്രിസ്മസ് അവധി

21-22 രൂപതയിലെ മേജർ സെമിനാരി വിദ്യാർത്ഥികളുടെ ക്രിസ്മസ്

സമ്മേളനം സെമിനാരിയിൽ വച്ച് നടത്തപ്പെട്ടു. രൂപതാധ്യക്ഷൻ അഭിവന്ദ്യ ജോസ് പുളിക്കൽ പിതാവ് പരിശുദ്ധ കുർബാന യർപ്പിച്ച് സന്ദേശം നല്കുകയും സമ്മേളനത്തിൽ സംബന്ധി ക്കുകയും ചെയ്തു.

28-30 8 മുതൽ 12 വരെ ക്ലാസുകളിലെ ആൺകുട്ടികൾക്കായുള്ള ദൈവവിളിക്യാമ്പ് 'താബോർ 2K23' സെമിനാരിയിൽ വച്ച് നടത്തപ്പെട്ടു.

**'താബോർ 2K23' ദൈവവിളിക്യാമ്പ്**

8 മുതൽ 12 വരെ ക്ലാസുകളിലെ ആൺകുട്ടികൾക്കായി നട ത്തപ്പെട്ട 'താബോർ 2K23' സെമിനാരി വൈസ് റെക്ടർ റവ. ഫാ. ആന്റണി കുഴുപ്പിൽ ഉദ്ഘാടനം ചെയ്തു. ക്യാമ്പ് ദിവസങ്ങളിൽ അഭിവന്ദ്യ മാത്യു അറയ്ക്കൽ പിതാവും രൂപതാധ്യക്ഷൻ അഭിവന്ദ്യ ജോസ് പുളിക്കൽ പിതാവും പരിശുദ്ധ കുർബാന അർപ്പിച്ച് ക്യാമ്പ് അംഗങ്ങൾക്ക് സന്ദേശം നല്കി. പ്രോട്ടോസിഞ്ചെല്ലൂസ് പെരിയ ബഹു. ജോസഫ് വെള്ളമറ്റം, റെക്ടർ ഫാ. സെബാസ്റ്റ്യൻ കൊല്ലം കുന്നേൽ, വൊക്കേഷൻ പ്രമോട്ടർ ഫാ. തോമസ് (ജിക്കു) നരിപ്പാറ, ശ്രീ. സെബാസ്റ്റ്യൻ താന്നിക്കൽ എന്നിവർ ക്ലാസുകൾ നയിച്ചു. സെമി നാരി വിദ്യാർത്ഥികൾ ക്യാമ്പിന് നേതൃത്വം നല്കി. 78 കുട്ടികൾ ക്യാമ്പിൽ പങ്കെടുത്തു.

**ഇടവകസന്ദർശനം**

ഡിസംബർ മാസത്തിൽ കാഞ്ഞിരപ്പള്ളി, വഞ്ചിമല, എലിവാ ലിക്കര ഇടവകകൾ സന്ദർശിച്ച് 5 മുതൽ 12 ക്ലാസുകളിലെ കുട്ടി കൾക്ക് 'കത്തോലിക്കാ സഭയിലെ വിവിധ ജീവിതാന്തസുകൾ' എന്ന വിഷയത്തെ അധികരിച്ച് ക്ലാസ് നൽകുകയും സംശയനിവാരണം നടത്തുകയും ചെയ്തു.

**ഫാ. സെബാസ്റ്റ്യൻ കൊല്ലംകുന്നേൽ**
**റെക്ടർ**



# മാർത്തോമാശ്ലീഹാ ദയാറ നല്ലതണ്ണി

- 24 പേരുടെ മാസധ്യാനം
- ഒരു CMI വൈദികന്റെ ഒരു മാസത്തെ ധ്യാനം
- ഒരു സന്യാസ വൈദികന്റെ SSIC 5 ദിവസത്തെ ധ്യാനം
- 16 പേരുടെ നസ്രാണിമാർഗ്ഗം ചർച്ചാ ക്ലാസ്
- ഒരു കുടുംബത്തിന്റെ 2 ആഴ്ചത്തെ ധ്യാനം
- ചങ്ങനാശ്ശേരി 2 CMC സിസ്റ്റേഴ്സിന്റെ ഒരു മാസത്തെ ധ്യാനം
- ഒരു അൽമായന്റെ മൂന്നു ദിവസത്തെ ധ്യാനം

**ഫാ. സേവ്യർ കൂടപ്പുഴ**
Ph : 04869-299207

# കാത്തലിക് കരിസ്മാറ്റിക് നവീകരണം

### കെ.എ.സി. മീറ്റിംഗ്

2023 നവംബർ 29, 30 തീയതികളിലായി എമ്മാവൂസിൽ നടന്ന കെ.എ.സി. മീറ്റിംഗിൽ സോണിൽ നിന്നും 4 പ്രതിനിധികൾ സംബന്ധിച്ചു. സെക്രട്ടറി റിപ്പോർട്ട് അവതരിപ്പിച്ചു.

### സോണൽ സേവനസമിതി

05-12-2023 കാഞ്ഞിരപ്പള്ളി കരിസ്മാറ്റിക് ഓഫീസിൽ ബഹു. ഡയറക്ടറച്ചന്റെ നേതൃത്വത്തിൽ സോണൽ സേവന സമിതി കൂടി ഭാവിപദ്ധതികൾക്ക് രൂപം കൊടുത്തു.

### ജൂബിലേവൂസ് 2026 – സഹസ്രദിന ചെയിൻ മദ്ധ്യസ്ഥപ്രാർത്ഥന

കേരളത്തിൽ കത്തോലിക്കാ കരിസ്മാറ്റിക് നവീകരണം ആരംഭിച്ചതിന്റെ സുവർണ്ണജൂബിലി വർഷമായ 2023 ന് മുന്നോടിയായി നടത്തപ്പെടുന്ന "ജൂബിലേവൂസ് 2026" എല്ലാ മാസവും എട്ടാം തീയതി കാഞ്ഞിരപ്പള്ളി സോണിൽ ഓരോ ഇടവകകളിൽ നടത്തപ്പെടുന്നു. ഈ മാസം ഡിസംബർ 8-ാം തീയതി പഴയകൊരട്ടി സെന്റ് മേരീസ് ദൈവാലയത്തിൽ നടത്തപ്പെട്ടു. ഡയറക്ടർ ഫാ. കുര്യാക്കോസ് വടക്കേടത്ത്, സിസ്റ്റർ ഗ്രീറ്റി SMS കൃപാലയം എന്നിവർ സന്ദേശങ്ങൾ നൽകി.

### സൗത്ത് സെൻട്രൽ സബ് റീജിയൻ മീറ്റ്

ഡിസംബർ 14-ാം തീയതി കോട്ടയം സെന്റ് ആന്റണീസ് ദൈവാലയത്തിൽ വച്ച് നടത്തപ്പെട്ട സൗത്ത് സെൻട്രൽ സബ് റീജിയൻ കൂട്ടായ്മയിൽ സോണിൽ നിന്നും പ്രതിനിധികൾ സംബന്ധിച്ചു.

## കാത്തലിക് കരിസ്മാറ്റിക് ഗ്രാന്റ് കോൺഫറൻസ്

2024 ജനുവരി 26,27,28 തീയതികളിൽ മുരിങ്ങൂർ ഡിവൈൻ ധ്യാനകേന്ദ്രത്തിൽ വച്ച് നടത്തപ്പെടുന്നു.

## LSS പരിശീലനം

ഓൺലൈനിൽ LSS ന്റെ അടുത്ത ബാച്ചിന്റെ പരിശീലനം ആരംഭിച്ചു.

## ബൈബിൾ കോഴ്സ്

കാഞ്ഞിരപ്പള്ളി രൂപത കത്തോലിക്കാ കരിസ്മാറ്റിക് നവീകരണ മുന്നേറ്റത്തിന്റെ നേതൃത്വത്തിൽ ബൈബിൾ പഠന പരിശീലനം 2024 ജനുവരി മാസം 2–ാം തീയതി ചൊവ്വാഴ്ച രൂപതാ പാസ്റ്ററൽ സെന്ററിൽ രാവിലെ 10 മണിക്ക് അഭിവന്ദ്യ രൂപതാധ്യക്ഷൻ മാർ ജോസ് പുളിക്കൽ ഉദ്ഘാടനം നിർവ്വഹിക്കുന്നതാണ്. റവ. ഡോ. റോബിൻ ചെല്ലന്തറയിലും വടവാതൂർ സെമിനാരിയിലെ പ്രൊഫസറുമാരുമാണ് ക്ലാസുകൾ നൽകുക.

## ആവേ മരിയാ ശുശ്രൂഷ

കാഞ്ഞിരപ്പള്ളി രൂപതയുടെ പഴയകൊരട്ടി ആവേമരിയാ പ്രാർത്ഥനാലയത്തിൽ 01/12/2023 ആദ്യവെള്ളിയാഴ്ച ഏകദിനധ്യാനത്തിൽ ഡയറക്ടർ ഫാ. കുര്യാക്കോസ് വടക്കേടത്ത് ദിവ്യബലി അർപ്പിച്ച് വചനസന്ദേശം നല്കി. ഡിസംബർ മാസത്തെ വെള്ളിയാഴ്ച ശുശ്രൂഷകൾക്ക് മുണ്ടക്കയം സബ്സോൺ നേതൃത്വം നൽകി.

**ഫാ. കുര്യാക്കോസ് വടക്കേടത്ത്**

**ഡയറക്ടർ**

# മരിയൻ റിട്രീറ്റ് സെന്റർ

**കൃപാഭിഷേകം ആദ്യശനി ബൈബിൾ കൺവെൻഷൻ**

2023 ഡിസംബർ രണ്ടിന് രാവിലെ 9 മുതൽ വൈകുന്നേരം 3 വരെ കൃപാഭിഷേകം ആദ്യശനി ബൈബിൾ കൺവെൻഷൻ നടത്തി. ധ്യാനകേന്ദ്രം ഡയറക്ടർ ബഹുമാനപ്പെട്ട ഡൊമിനിക് വാളന്മനാൽ അച്ചൻ നയിച്ച കൺവെൻഷനിൽ ആയിരങ്ങൾ പങ്കെടുത്തു.

റവ. ഫാദർ റോബിൻസ് മറ്റത്തിൽ, റവ. ഫാ. അനൂപ് പൊയ്യാനിയിൽ, റവ. ഫാ. ചാക്കോച്ചൻ കളപ്പുരയിൽ, ബ്ര.ജെയ്സൺ, ബ്ര. ജോസ്സി, ബ്ര. വിൻവി എന്നിവർ ശുശ്രൂഷകളിൽ സഹായിച്ചു.

**നാഷണൽ & ഇന്റർനാഷണൽ കൃപാഭിഷേകം കൺവെൻഷൻസ്**

**ബെൽത്തങ്ങാടി രൂപതാ കൃപാഭിഷേകം ബൈബിൾ കൺവെൻഷൻ**

2023 ഡിസംബർ ആറു മുതൽ പത്ത് വരെ മംഗലാപുരം, ബെൽത്തങ്ങാടി, തോട്ടത്താടി സെന്റ് ആന്റണിസ് ഫൊറോനാ പള്ളിയിൽ ബെൽത്തങ്ങാടി രൂപതാ കൃപാഭിഷേകം ബൈബിൾ കൺവെൻഷൻ നടത്തി. മരിയൻ ധ്യാനകേന്ദ്രം ഡയറക്ടർ ബഹുമാനപ്പെട്ട ഡോമിനിക് വാളന്മനാൽ അച്ചൻ കൺവെൻഷൻ നയിച്ചു. ബെൽത്തങ്ങാടി രൂപതാ ബിഷപ് അഭിവന്ദ്യ മാർ ലോറൻസ് മൂക്കുഴി കൺവെൻഷൻ ഉൽഘാടനം ചെയ്തു.

ബഹുമാനപ്പെട്ട തോമസ് അറയ്ക്കൽ അച്ചൻ, ബ്ര. ജെയ് സൺ, ബ്ര. വിൻവി, ബ്ര. ജോസ്സി, ബ്ര. തോമസ് ജോസ് തുടങ്ങിയവർ നേതൃത്വം നൽകി.

## പാലാ രൂപതാ കൃപാഭിഷേകം ബൈബിൾ കൺവെൻഷൻ

2023 ഡിസംബർ 19 മുതൽ 23 വരെ തിയതികളിൽ 41 -ാമത് പാലാ രൂപതാ കൃപാഭിഷേകം ബൈബിൾ കൺവെൻഷൻ പാലാ സെന്റ് തോമസ് കോളേജ് ഗ്രൗണ്ടിൽ വച്ച് നടത്തി. അണക്കര മരിയൻ ധ്യാനകേന്ദ്രം ഡയറക്ടർ ബഹുമാനപ്പെട്ട ഡോമിനിക് വാളന്മനാൽ അച്ചൻ കൺവെൻഷൻ നയിച്ചു. രൂപതാ മെത്രാൻ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് കൺവെൻഷൻ ഉൽഘാടനം ചെയ്തു. അഭിവന്ദ്യ മാർ ജോസഫ് പള്ളിക്കാപ്പറമ്പിൽ ആധ്യക്ഷ്യം വഹിച്ചു. ചിക്കാഗോ മുൻ ബിഷപ് അഭിവന്ദ്യ മാർ ജേക്കബ് അങ്ങാടിയത്ത് വിശുദ്ധ കുർബാന അർപ്പിച്ചു സന്ദേശം നൽകി. റവ. ഫാ. റോബിൻസ് മറ്റത്തിൽ, റവ. ഫാ. അനൂപ് പൊയ്യാനിയിൽ, റവ. ഫാ ജേക്കബ് തൈച്ചേരിയിൽ, റവ. ഫാ. ജെയിംസ്, ബ്രദർ ജെയ്സൺ, ബ്രദർ ജോസ്സി, ബ്രദർ വിൻവി തുടങ്ങിയവർ നേതൃത്വം നൽകി.

## കൃപാബാല്യം രണ്ടാം ശനി കൺവെൻഷൻ

2023 ഡിസംബർ ഒൻപതാം തിയതി ശനിയാഴ്ച രാവിലെ 9 മണി മുതൽ വൈകുന്നേരം 3 മണി വരെ കുട്ടികൾക്കായി കൃപാബാല്യം കൺവെൻഷൻ മരിയനിൽ നടത്തി.

## കൃപാനുഭവ ഏകദിന ഉപവാസ കൺവെൻഷൻ

ഡിസംബർ മാസം 9, 16, 23, 30 തീയതികളിൽ രാവിലെ 9 മുതൽ വൈകുന്നേരം 3 വരെ ഏകദിന കൺവെൻഷൻ മരിയൻ ധ്യാനകേന്ദ്രത്തിൽ വെച്ച് നടത്തി. റവ. ഫാ റോബിൻസ് മറ്റത്തിൽ, റവ. ഫാ. അനൂപ് പൊയ്യാനിയിൽ തുടങ്ങിയവർ ശുശ്രൂഷകളിൽ സഹായിച്ചു.

## മദ്ധ്യസ്ഥ പ്രാർത്ഥനാ സഹായം

ഞായർ ഒഴികെയുള്ള എല്ലാ ദിവസങ്ങളിലും രാവിലെ 9 മുതൽ വൈകുന്നേരം 5 വരെ മധ്യസ്ഥപ്രാർത്ഥനയ്ക്കായി ധ്യാന കേന്ദ്രത്തിൽ ഫോണിലൂടെ ബന്ധപ്പെടാനുള്ള സൗകര്യം ക്രമീകരിച്ചിരിക്കുന്നു. ഫോൺ : 04868-253300, മൊബൈൽ. 9656141917

**Grace Anointing in Shalom International TV**

Shalom International TVയുടെ ചാനലിലൂടെ ബഹുമാനപ്പെട്ട ഡൊമിനിക് വാളൻമനാൽ അച്ചൻ GRACE ANOINTING എന്ന ഇംഗ്ലീഷ് ശുശ്രൂഷ എല്ലാ വെള്ളിയാഴ്ചകളിലും ഉച്ചകഴിഞ്ഞ് 3.30 (ET/ADET/GMT, ശനിയാഴ്ച 2 am IST) നടത്തുന്നു.

**Resurrection**

Resurrection എന്ന ശുശ്രൂഷയിലൂടെ ബഹു. ഡൊമിനിക് വാളന്മനാൽ അച്ചൻ FrDominicValanmanal എന്ന യൂട്യൂബ് ചാനലിലൂടെ ദൈവവചനം പങ്കുവയ്ക്കുന്നു.

**കൃപാഭിഷേകം ടെലിവിഷൻ ശുശ്രൂഷകൾ**

എല്ലാ ആഴ്ചയിലും ശാലോം ടിവിയിൽ പറുദീസ എന്ന പേരിൽ ഞായർ ഉച്ചയ്ക്ക് 1:30നും, തിങ്കൾ വൈകിട്ട് 5 മണിക്കും, വ്യാഴം രാവിലെ 6:30നും, കൂടാതെ ഗുഡ്നെസ് ടിവിയിൽ വെള്ളിയാഴ്ച രാവിലെ 6:30നും, ചൊവ്വാഴ്ച രാവിലെ 6:30നും ടെലിവിഷൻ ശുശ്രൂഷകൾ നടത്തപ്പെടുന്നു.

**അണക്കര മരിയൻ ധ്യാനകേന്ദ്രത്തിൽ വരും മാസത്തിൽ നടക്കുന്ന ശുശ്രൂഷകൾ:**

**കൃപാനുഭവ റെസിഡൻഷ്യൽ റിട്രീറ്റ്**

1. ജനുവരി മാസം 6–ാം തീയതി ശനിയാഴ്ച മുതൽ 11–ാം തീയതി വ്യാഴാഴ്ച വരെ. ബുക്കിംഗ് തീയതി : ഡിസംബർ 18
2. ജനുവരി മാസം 27–ാം തീയതി ശനിയാഴ്ച മുതൽ ഫെബ്രുവരി 1–ാം തീയതി വ്യാഴാഴ്ച വരെ. ബുക്കിംഗ് തീയതി : ജനുവരി 9

**ഫാ. ഡൊമിനിക് വാളന്മനാൽ**
**(ഡയറക്ടർ)**

**ഫാ. സ്കറിയ മറ്റത്തിൽ**
**(അസി. ഡയറക്ടർ)**



# സന്യസ്തർ

## കർമ്മലീത്താ സന്യാസിനി സമൂഹം (CMC)

- ഡിസംബർ 2 ന് 15 -ാമത് ഓൾ കേരള ചാവറ പ്രസംഗ മത്സരം കാഞ്ഞിരപ്പള്ളി ഇൻഫന്റ് ജീസസ് പബ്ലിക് സ്കൂളിൽ വച്ച് നടത്തി. സമാപന സമ്മേളനത്തിൽ ബഹുമാനപ്പെട്ട പ്രൊവിൻഷ്യൽ സുപ്പീരിയർ സിസ്റ്റർ എലിസബത്ത് സാലി എവർ റോളിംഗ് ട്രോഫിയും ക്യാഷ് അവാർഡും വിജയികൾക്ക് നൽകി.
- ഡിസംബർ 2 ന് ചാവറ എവുപ്രാസിയ വിശുദ്ധപദ പ്രഖ്യാപന ദിനാചരണത്തോടനുബന്ധിച്ച് അമല പ്രോവിൻസിന്റെ മാനേജ്മെന്റിന്റെ കീഴിലുള്ള സ്ക്കൂളുകളുടെ കലോത്സവം കാഞ്ഞിരപ്പള്ളി ഇൻഫന്റ് ജീസസ് സ്കൂളിൽ വച്ച് നടത്തി. ഡോ. സി. കാർമലി കലോത്സവം ഉദ്ഘാടനം നടത്തി. സമാപന സമ്മേളനത്തിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ സി. എലിസ ബത്ത് സാലി സമ്മാനങ്ങൾ വിതരണം ചെയ്തു.
- ഡിസംബർ 9 ന് നടന്ന പാസ്റ്ററൽ കൗൺസിൽ മീറ്റിങ്ങിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ സി. എലിസബത്ത് സാലി പങ്കെടുത്തു.
- ഡിസംബർ 15 ന് പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് സോഷ്യൽ വർക്ക് ആനിമേറ്റേഴ്സ് സിസ്റ്റേഴ്സിന്റെ മീറ്റിങ് നടന്നു
- ഡിസംബർ 15 ന് പ്രൊവിൻഷ്യൽഹൗസിൽ വച്ച് ഫാദർ ക്ലീറ്റസ് സി എം ഐ യുടെ നേതൃത്വത്തിൽ നൈറ്റ് വിജിൽ നടത്തി.
- ഡിസംബർ 26 ന് പൊടിമറ്റം സെന്റ് മേരീസ് ഓഡിറ്റോറിയത്തിൽ വച്ച്നടന്ന യുവശക്തി സംഗമത്തിൽ ജൂനിയർ സിസ്റ്റേഴ്സ് പങ്കെടുത്തു

- ഡിസംബർ 26 മുതൽ കാഞ്ഞിരപ്പള്ളി സെന്റ് മേരീസ് മഠത്തിൽ വച്ച് ആലുവ ജനറലേറ്റിൽ നിന്നുള്ള സി.ആർ.ടി സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ ധ്യാനം നടത്തി
- ഡിസംബർ 26 മുതൽ പൊടിമറ്റം പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് ഫോർമേഷൻ ഡേ നടത്തി. വിവിധ കലാപരിപാടികളും മത്സരങ്ങളും മാതാപിതാക്കളുടെ സംഗമവും സംഘടിപ്പിക്കപ്പെട്ടു
- 25 നോമ്പിന്റെ ചൈതന്യത്തിൽ എല്ലാ മഠങ്ങളിലെയും സിസ്റ്റേഴ്സ് 25 വീടുകൾ സന്ദർശിക്കുകയുണ്ടായി. അർഹതപ്പെട്ട കുടുംബങ്ങൾക്ക് 25 ഭക്ഷണപ്പൊതികൾ നൽകി.
- തലശ്ശേരി രൂപതയിലെ ആൽഫ തിയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും 10 സിസ്റ്റേഴ്സ് BTh നേടി. ഈ വർഷത്തെ ബാച്ചിൽ കാഞ്ഞിരപ്പള്ളി മഠാംഗമായ സിസ്റ്റർ സോണിയ മരിയ CMC ഒന്നാം റാങ്ക് കരസ്ഥമാക്കി തിളക്കമാർന്ന വിജയം നേടി.

## ക്ലാരിസ്റ്റ് സന്യാസിനി സമൂഹം (FCC)

- ആലുവ ജനറലേറ്റിൽവെച്ചു നടന്ന വൊക്കേഷൻ പ്രൊമോട്ടേഴ്സിന്റെ മീറ്റിംഗിൽ സി. നിർമ്മൽ മരിയ, സി.ഷാരോൺ എന്നിവർ സംബന്ധിച്ചു.
- മദർ ജനറൽ റവ. സി. ലിറ്റി പ്രൊവിൻഷ്യൽ ഹൗസിലും, നിർമ്മൽ ജ്യോതി നൊവിഷ്യേറ്റ് ഹൗസിലും ഔദ്യോഗിക സന്ദർശനം നടത്തി.
- പ്രൊവിൻഷ്യൽ ഹൗസിൽ വെച്ചു നടത്തപ്പെട്ട സുപ്പീരിയേഴ്സ് മീറ്റിംഗിൽ മദർ ജനറൽ റവ. സി. ലിറ്റി ക്ലാസെടുത്തു.
- രൂപതാ പാസ്റ്ററൽ കൗൺസിൽ മീറ്റിംഗിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ റവ. സി. അമല പങ്കെടുത്തു.
- മൂന്ന് നോവിസസ് കാനോനിക നൊവിഷ്യേറ്റ് പൂർത്തിയാക്കി. രണ്ട് നോവിസസ് ഇരിങ്ങാലക്കുട പ്രൊവിൻസിൽ കാനോനിക നൊവിഷ്യേറ്റിൽ പ്രവേശിച്ചു.

- രൂപതാ എസ്.എം.വൈ.എം ന്റെ നേതൃത്വത്തിൽ നടത്തിയ നസ്രാണി യുവശക്തിയിൽ സിസ്റ്റേഴ്സ് പങ്കെടുത്തു.
- കട്ടപ്പന ഇടവകയിൽ നടന്ന ഹോം മിഷനിൽ സിസ്റ്റേഴ്സ് പങ്കെടുത്തു.
- കോട്ടയം ഡിസ്ട്രിക്റ്റ് ജയിലിലേയും, പൊൻകുന്നം സബ് ജയിലിലേയും ജയിൽ ദിനത്തോടനുബന്ധിച്ച് എരുമേലി നിർമ്മല പബ്ലിക് സ്കൂളിലെ അദ്ധ്യാപകരും വിദ്യാർത്ഥികളും ചേർന്ന് വിവിധ കലാപരിപാടികൾ അവതരിപ്പിക്കുകയും, പീരുമേട് സബ്ജയിൽ സന്ദർശിക്കുകയും ചെയ്തു.

## ആരാധനാ സന്യാസിനി സമൂഹം (SABS)

- സെന്റ് ജോസഫ്സ് സ്കൂളിലെ കുട്ടികളും അധ്യാപകരും ഏയ്ഞ്ചൽസ്‌വില്ല സന്ദർശിച്ച് ഏയ്ഞ്ചൽസ്‌വില്ലയിലെ കുട്ടികളോട് ചേർന്ന് കലാപരിപാടികൾ അവതരിപ്പിക്കുകയും ഒരുദിവസം അവരോടൊത്ത് ചിലവഴിക്കുകയും അവരുടെ ഉന്നമനത്തിനായി സാമ്പത്തികസഹായം നൽകുകയും ചെയ്തു.
- ജനറലേറ്റിൽ സമ്മേളിച്ച GPC മീറ്റിംഗിൽ ബഹു. പ്രൊവിൻഷ്യളമ്മ, സി. ദീപ നീറുവേലിൽ, സി. അമല കിടങ്ങത്താഴെ എന്നിവർ പങ്കെടുത്തു.
- രൂപതാ പാസ്റ്ററൽ കൗൺസിൽ മീറ്റിംഗിൽ ബഹു. പ്രൊവിൻഷ്യലമ്മ സംബന്ധിച്ചു.
- കാഞ്ഞിരപ്പള്ളി പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെട്ട ജീസസ് ഫ്രറ്റേണിറ്റിയുടെ മീറ്റിംഗിൽ സി. ടിൻസി വരകുകാലായിൽ, സി. മേഴ്സിറ്റ കരിയിലക്കുളം എന്നിവരും കാഞ്ഞിരപ്പള്ളി രൂപതയും വിൻസെൻഷ്യൽ സന്യാസസഭയും സംയുക്തമായി അതിഥി തൊഴിലാളികൾക്കുവേണ്ടി 'ദോസ്ത്' എന്ന പേരിൽ സെന്റ് ഡോമിനിക്സ് ഹയർ സെക്കണ്ടറി സ്കൂളിൽ സംഘടിപ്പിക്കപ്പെട്ട സെമിനാറിൽ സി. കുസുമം, സി. ഡോ. ലിസ് മരിയ എന്നിവരും സംബന്ധിച്ചു.
- ജീസസ് ഫ്രറ്റേണിറ്റിയുടെ നേതൃത്വത്തിൽ പൊൻകുന്നം

സബ്ജയിലിൽ സംഘടിപ്പിക്കപ്പെട്ട ജയിൽദിനാചരണത്തിലും ക്രിസ്തുമസ് ആഘോഷത്തിലും സിസ്റ്റേഴ്സ് പങ്കെടുത്തു.

- കാഞ്ഞിരപ്പള്ളി ജനറൽ ആശുപത്രിയിൽ നവംബർ മാസത്തിൽ ജനിച്ച കുട്ടികൾക്കായി സംഘടിപ്പിച്ച 'ക്രിസ്മസ്' പരിപാടിയിൽ ബഹു. പ്രൊവിൻഷ്യളമ്മ പങ്കെടുത്തു. സെന്റ് ജോസഫ്സ് സ്കൂളിലെ കുട്ടികൾ കരോൾഗാനം അവതരിപ്പിച്ചു.
- ഓർഫനേജ് അസോസിയേഷന്റെ സ്റ്റേറ്റ് എക്സിക്യൂട്ടീവ് മീറ്റിംഗിൽ സി. ആൻസ് മാത്യു സംബന്ധിച്ചു.
- ഇടയിരിക്കപ്പുഴ ഹെൽത്ത് സെന്ററിന്റെയും കോട്ടയം മെഡിക്കൽ കോളേജിന്റെയും നേതൃത്വത്തിൽ കുന്നുംഭാഗം സാൻജോ ഓൾഡ് ഏയ്ജ് ഹോമിൽ സൗജന്യ തിമിര നിർണ്ണയ ക്യാമ്പ് സംഘടിപ്പിച്ചു.

## സെന്റ് ജോൺ ഓഫ് ഗോഡ് സന്യാസിനി സമൂഹം (SCJG)

- ഡിസംബർ 3 മുതൽ 9 വരെ കട്ടപ്പന സെന്റ് ജോർജ് ഫൊറോനാ ഇടവകയിൽ നടത്തിയ ഹോം മിഷനിൽ 20 സിസ്റ്റേഴ്സ് പങ്കെടുത്തു.
- ഡിസംബർ 9 ന് കാഞ്ഞിരപ്പള്ളി പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തിയ പാസ്റ്ററൽ കൗൺസിലിൽ സുപ്പീരിയർ ജനറൽ റവ. സി. നിർമ്മല കുര്യാക്കോസ് പങ്കെടുത്തു.
- ഡിസംബർ 9 മുതൽ 11 വരെ ഇരുപതേക്കർ അസിസ്സി ആശ്രമത്തിൽ വച്ച് നടത്തിയ ജീസസ് യൂത്തിന്റെ ഫോർമേഷൻ കോഴ്സ് ആയ ഫിലിപ്പ് കോഴ്സിൽ സി. ആൻസ് മരിയ പങ്കെടുത്തു.
- ഡിസംബർ 23 ന് ജീസസ് യൂത്തിന്റെ culture exchange പ്രോഗ്രാമിന്റെ ഭാഗമായി ഭൂട്ടാനിൽ നിന്നും എത്തിയ യുവജനങ്ങൾ ജനറലേറ്റ് ഭവനം സന്ദർശിച്ചു.
- ഡിസംബർ 28 മുതൽ 30 വരെ കോട്ടയം വടവാതൂർ റിന്യൂവൽ സെന്ററിൽ വച്ച് യുവജനങ്ങൾക്ക് വേണ്ടി നടത്തിയ ധ്യാനത്തിൽ സി. ആൻസ് മരിയ പങ്കെടുത്തു.

## തിരുഹൃദയ സന്യാസിനി സമൂഹം (SH)

- നവംബർ 25, ഡിസംബർ 2 എന്നീ തീയതികളിൽ 1983 to 1989, 1991 to 1998 ബാച്ചിലുള്ള സിസ്റ്റേഴ്സിന്റെ മീറ്റിംഗ് പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നടത്തി. ബഹുമാനപ്പെട്ട ഫാ. സെൽബി പുതുവീട് ക്ലാസ്സെടുത്തു.
- പരിശുദ്ധ മാതാവിന്റെ അമലോത്ഭവ തിരുനാളിൽ അഭിവന്ദ്യ മാർ ജോസ് പുളി ക്കൽ പിതാവ് ദിവ്യബലി അർപ്പിച്ച് സന്ദേശം നൽകി.
- കാഞ്ഞിരപ്പള്ളി സെന്റ് ഡോമിനിക് സ്കൂളിൽ അതിഥി തൊഴിലാളികൾക്കായി നടത്തിയ സെമിനാറിൽ സി. മേരി ഫിലിപ്പ്, സി. ബെറ്റി എന്നിവർ സംബന്ധിച്ചു.
- ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും BTH പഠനം പൂർത്തിയാക്കിയ സിസ്റ്റേഴ്സ് convacation - ന് തലശ്ശേരിക്കു പോയി. സി. ഫിലോമരിയ എസ്.എച്ച്. സെക്കന്റ് റാങ്ക് കരസ്ഥമാക്കി.
- നിർമ്മല തിയോളജി കോളേജിന്റെ കോൺവെക്കേഷനിൽ പ്രൊവിൻഷ്യൽ ടീം പങ്കെടുത്തു. പ്രൊവിൻഷ്യൽ സുപ്പീരിയർ സി. മേരി ഫിലിപ്പ് സന്ദേശം നൽകി.
- കട്ടപ്പന, അമലഗിരി എന്നിവിടങ്ങളിൽ നടത്തിയ ഹോം മിഷനിൽ സിസ്റ്റേഴ്സ് പങ്കെടുത്തു.
- പ്രൊവിൻഷ്യൽ ടീം അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവിനും അഭിവന്ദ്യ മാർ മാത്യു അറയ്ക്കൽ പിതാവിനും ക്രിസ്തുമസ് ആശംസകൾ അർപ്പിച്ചു.
- എയ്ഞ്ചൽസ് ഷോപ്പിന്റെ വെഞ്ചിരിപ്പ് കർമ്മത്തിൽ സി. മേരി ഫിലിപ്പ്, സി. ജൂലിയ എന്നിവർ പങ്കെടുത്തു.
- എല്ലാ ഞായറാഴ്ചയും ലഹരി വിമുക്ത കൂട്ടായ്മ പൊടിമറ്റത്തു വച്ച് സി. വിമലയുടെ നേതൃത്വത്തിൽ നടത്തുന്നു.
- ബറാക്ക വരുമാനദായക പദ്ധതിയുടെ ഭാഗമായി കണയങ്കവയൽ ഇടവകയിൽ സബ്സിഡി നിരക്കിൽ കോഴിക്കുഞ്ഞുങ്ങളെയും, സേക്രട്ട് ഹാർട്ട് ഫോർ വിമൻ യൂണിറ്റുകളിൽ സോപ്പ് ഉല്പന്നങ്ങളും വാങ്ങി നൽകി.

# കെ.സി.എസ്.എൽ.

KCSL സംസ്ഥാന കലോത്സവം ജനുവരി 13 നു മാവേലിക്കര യിൽ വച്ച് നടത്തപ്പെടുന്നതായിരിക്കും.

**LP കലോത്സവം**

- LP കലോത്സവം ലോറേഞ്ച് - ജനുവരി 20-ാം തീയതി പൊൻകുന്നം SH LP School ൽ വച്ച് നടത്തപ്പെടുന്നതായി രിക്കും.
- LP കലോത്സവം ഹൈറേഞ്ച് സോൺ ഫെബ്രുവരി 3 ാം തീയതി കട്ടപ്പന സെന്റ് ജോർജ് LP സ്കൂളിൽ വച്ച് നടത്തപ്പെടുന്നതാ യിരിക്കും.

**ഫാ. ജോർജ് അനന്തക്കാട്ട്**
**ഡയറക്ടർ**

---

## സന്യസ്തർ

**തിരുഹൃദയ സന്യാസിനി സമൂഹം (SH)**

- കോട്ടയം ഹെൻറി ബേക്കർ സ്കൂളിൽ വച്ചു നടന്ന എൻ.ജി.ഒ. കോൺഫെഡറേഷന്റെ ജില്ലാതല മീറ്റിംഗിൽ വിമൽ ജ്യോതി സോഷ്യൽ സർവ്വീസ് സൊസൈറ്റിയിൽ നിന്നും സോഷ്യൽ വർക്ക് കൗൺസിലർ സി. ലിസ്ബത്ത്, പ്രോഗ്രാം മാനേജർ രഞ്ജിത് ഐസക്ക് എന്നിവർ പങ്കെടുത്തു. എൻ.ജി.ഒ. കോൺഫെഡറേഷൻ വഴി 50% സാമ്പത്തിക സഹായത്തോടെ 5 വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് വാങ്ങി നൽകി.
- ഇൻകം ടാക്സ് ഡിപ്പാർട്ട്മെന്റ് കോട്ടയത്തു വച്ചു നടത്തിയ "ഇൻകം ടാക്സ് നിയമത്തിലെ പുതിയ ഭേദഗതികൾ" എന്ന ഏകദിന Outreach പ്രോഗ്രാമിൽ 8 സിസ്റ്റേഴ്സ് പങ്കെടുത്തു.

# കത്തോലിക്കാ കോൺഗ്രസ് (A.K.C.C.)

**അതിജീവനയാത്രയ്ക്ക് സ്വീകരണം നൽകി**

കത്തോലിക്കാ കോൺഗ്രസിന്റെ നേതൃത്വത്തിൽ ഗ്ലോബൽ പ്രസിഡന്റ് അഡ്വ. ബിജു പറയന്നിലം നയിക്കുന്ന 'അതിജീവന യാത്ര'യ്ക്ക് 19-12-2023 ൽ കാഞ്ഞിരപ്പള്ളി രൂപതയിൽ സ്വീകരണം നൽകി. വന്യമൃഗശല്യത്തിന് ശാശ്വതപരിഹാരം കണ്ടെത്തുക, റബർ, നെല്ല്, നാളികേരം തുടങ്ങിയ കാർഷിക ഉല്പന്നങ്ങൾക്ക് ന്യായവില ലഭ്യമാക്കുക, കൃഷിനാശത്തിന് കർഷകർക്ക് നഷ്ടപരിഹാരം നൽകുക, ജസ്റ്റിസ് ജെ.ബി. കോശി കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉയർത്തിക്കൊണ്ട് ഡിസംബർ 11 ന് കാസർകോഡ് നിന്നാണ് അതിജീവനയാത്ര ആരംഭിച്ചത്.

ഡിസംബർ 19 ന് 2 മണിക്ക് രൂപതാ അതിർത്തിയായ കപ്പാട് ജംഗ്ഷനിൽ കപ്പാട് മാർസ്ലീവാ പള്ളി വികാരി ഫാ. ആന്റണി മണിയങ്ങാട്ട് ജാഥാ ക്യാപ്റ്റനെ ഹാരമണിയിച്ച് സ്വീകരിച്ചു. അസി.വികാരി ഫാ. റോണി മഠത്തിപ്പറമ്പിൽ, കത്തോലിക്കാ കോൺഗ്രസ് പാലാ രൂപത ഡയറക്ടർ ഫാ. വർഗീസ് ഞാറക്കുന്നേൽ, പാലാ രൂപത പ്രസിഡന്റ് ഇമ്മാനുവൽ നിധീരി, ജാഥാ ക്യാപ്റ്റൻ അഡ്വ. ബിജു പറയന്നിലം എന്നിവർ പ്രസംഗിച്ചു. തുടർന്ന് കാഞ്ഞിരപ്പള്ളി കുരിശുകവലവഴി മുണ്ടക്കയത്ത് എത്തിയ അതിജീവനയാത്രയ്ക്ക് മുണ്ടക്കയം ബസ് സ്റ്റാൻഡ് ഗ്രൗണ്ടിൽ സ്വീകരണം നൽകി. രൂപത പ്രസിഡന്റ് ജോമി കൊച്ചുപറമ്പിലിന്റെ അദ്ധ്യക്ഷതയിൽ രൂപത വികാരി ജനറാൾ ഫാ. ബോബി അലക്സ് മണ്ണംപ്ലാക്കൽ സമ്മേളനം ഉദ്ഘാടനം

ചെയ്തു. രൂപത ഡയറക്ടർ ഫാ. മാത്യു പാലക്കുടി ആമുഖസന്ദേശം നൽകി. മുണ്ടക്കയം ഫൊറോന ഡയറക്ടർ ഫാ. ജെയിംസ് മുത്തനാട്ട് സ്വാഗതം ആശംസിച്ചു. ഗ്ലോബൽ വൈസ് പ്രസിഡന്റ് ഡോ. ജോസുകുട്ടി ഒഴുകയിൽ, രൂപത ജനറൽ സെക്രട്ടറി ജോസഫ് പണ്ടാരക്കളം, ഫൊറോന പ്രസിഡന്റ് ടോം സെബാസ്റ്റ്യൻ, മുണ്ട ക്കയം യൂണിറ്റ് പ്രസിഡന്റ് സണ്ണി തുരുത്തിപ്പള്ളി, സണ്ണി വെട്ടു കല്ലേൽ, ലില്ലിക്കുട്ടി മണിയാക്കുപാറ എന്നിവർ പ്രസംഗിച്ചു.

കാഞ്ഞിരപ്പള്ളിയിൽ അക്കരപ്പള്ളി മൈതാനിയിൽ നിന്നും പേട്ടക്കവല ചുറ്റി നടത്തിയ റാലിക്ക് അഭിവന്ദ്യ രൂപതാധ്യക്ഷൻ മാർ ജോസ് പുളിക്കൽ, ജാഥാ ക്യാപ്റ്റൻ അഡ്വ. ബിജു പറയന്നിലം തുടങ്ങിയവർ നേതൃത്വം നൽകി. തുടർന്ന് രൂപത പ്രസിഡന്റ് ജോമി കൊച്ചുപറമ്പിലിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സ്വീകരണസമ്മേളനം രൂപതാധ്യക്ഷൻ മാർ ജോസ് പുളിക്കൽ ഉദ്ഘാടനം ചെയ്തു. കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ ഡയറക്ടർ ഫാ. ഫിലിപ്പ് കവി യിൽ, രൂപത ഡയറക്ടർ ഫാ. മാത്യു പാലക്കുടി, ഗ്ലോബൽ ഭാരവാ ഹികളായ ഡോ. ജോസുകുട്ടി ഒഴുകയിൽ, ടെസി ബിജു പാഴിയാ ങ്കൽ, രാജേഷ് ജോൺ, ബെന്നി ആന്റണി, സണ്ണിക്കുട്ടി അഴകമ്പ്രാ യിൽ, ഫിലിപ്പ് പള്ളിവാതുക്കൽ എന്നിവർ പ്രസംഗിച്ചു. കണമല യിൽ കാട്ടുപോത്തിന്റെ ആക്രമണത്തിൽ കൊല്ലപ്പെട്ട പ്ലാവനക്കുഴി തോമസ് ആന്റണി, പുറത്തയിൽ തോമസ് ചാക്കോ എന്നിവരുടെ ഭാര്യമാരായ ലൈസാമ്മ, ആലീസ് എന്നിവരും പങ്കെടുത്തു. ഡിസം ബർ 22 ന് തിരുവനന്തപുരത്ത് സെക്രട്ടറിയേറ്റ് മാർച്ചോടെ അവ സാനിച്ച അതിജീവനയാത്രയുടെ സമാപനസമ്മേളനത്തിൽ കാഞ്ഞി രപ്പള്ളി രൂപതയിൽ നിന്നും അംഗങ്ങൾ പങ്കെടുത്തു.

**മുണ്ടക്കയം യൂണിറ്റിൽ 1000 അംഗങ്ങളെ ചേർത്തു**

കത്തോലിക്ക കോൺഗ്രസ് മുണ്ടക്കയം ഇടവകയിൽ 1000 അംഗങ്ങളെ സംഘടനയിൽ ചേർത്തുകൊണ്ട് ചരിത്രം കുറിച്ചു.

ഡിസംബർ 7 ന് മുണ്ടക്കയം ഫൊറോനപള്ളിയിൽ ചേർന്ന യോഗത്തിൽ ഫൊറോന വികാരി ഫാ. ജെയിംസ് മുത്തനാട്ട്, യൂണിറ്റ് പ്രസിഡന്റ് സണ്ണി തുരുത്തിപ്പള്ളി, സെക്രട്ടറി ജോസ് ജേക്കബ് കല്ലൂർ, മൈക്കിൾ മാത്യു നടുപ്പറമ്പിൽ എന്നിവർ ചേർന്ന് രൂപത പ്രസിഡന്റ് ജോമി കൊച്ചുപറമ്പിലിന് രേഖകൾ കൈമാറി. രൂപത ഡയറക്ടർ ഫാ. മാത്യു പാലക്കുടി, ട്രഷറർ ജോജോ തെക്കുംചേരിക്കുന്നേൽ, മുണ്ടക്കയം ഫൊറോന പ്രസിഡന്റ് ടോം സെബാസ്റ്റ്യൻ, നിർമ്മലഗിരി യൂണിറ്റ് പ്രസിഡന്റ് ഷെർലി ജോർജ് നെല്ലിമല, സണ്ണി വെട്ടുകല്ലേൽ (കോരുത്തോട്), ജോയ് പുളിക്കൽ (വണ്ടൻപതാൽ) തുടങ്ങിയവർ പങ്കെടുത്തു.

**നേതൃയോഗം**

അതിജീവനയാത്രയുടെ ക്രമീകരണങ്ങൾക്കായി ഡിസംബർ 13 ന് പാസ്റ്ററൽ സെന്റർ അനക്സ് ഹാളിൽ ചേർന്ന രൂപത, ഫൊറോന, യൂണിറ്റ് ഭാരവാഹികളുടെ നേതൃയോഗം രൂപത ഡയറക്ടർ ഫാ. മാത്യു പാലക്കുടി ഉദ്ഘാടനം ചെയ്തു. രൂപത പ്രസിഡന്റ് ജോമി കൊച്ചുപറമ്പിൽ അദ്ധ്യക്ഷത വഹിച്ചു. ടെസി ബിജു പാഴിയാങ്കൽ, ജോസഫ് പണ്ടാരക്കളം, സണ്ണിക്കുട്ടി അഴകമ്പ്രായിൽ, ജോജോ തെക്കുംചേരിക്കുന്നേൽ, ടോമിച്ചൻ പാലമുറി, റെന്നി ചക്കാലയിൽ തുടങ്ങിയവർ പ്രസംഗിച്ചു.

ഡിസംബർ 16 ന് മുണ്ടക്കയം വ്യാകുലമാതാ ഫൊറോനാഹാളിൽ നടന്ന അവലോകനയോഗം വികാരി ഫാ. ജെയിംസ് മുത്തനാട്ട് ഉദ്ഘാടനം ചെയ്തു. ടോം സെബാസ്റ്റ്യൻ, ജോയി പുളിക്കൽ, സണ്ണി തുരുത്തിപ്പള്ളി എന്നിവർ പ്രസംഗിച്ചു.

**ഫാ. മാത്യു പാലക്കുടി**
**ഡയറക്ടർ**

# തേനി മിഷൻ വാർത്തകൾ

- ഭവനസന്ദർശനങ്ങളും ആതുരശുശ്രൂഷാസഹായങ്ങളും പതിവുപോലെ നടത്തുന്നു.
- മധുരയിൽ നടന്ന ക്രിസ്മസ് ആഘോഷങ്ങളിൽ അച്ചനും സിസ്റ്റർമാരും പങ്കെടുത്തു.

**കമ്പം മിഷൻ**

- മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ആശുപത്രിയിലെ സംഘം കമ്പം തിരുവള്ളുവർ കോളനിയിൽ സൗജന്യ മെഡിക്കൽ ക്യാമ്പ് നടത്തി. ആശുപത്രി അധികൃതർക്കും ഡോക്ടർ തോമസ് ചാണ്ടിക്കും സ്ററാഫിനും നന്ദി.
- ക്രിസ്മസിനോടനുബന്ധിച്ച് തക്കല രൂപതാദ്ധ്യക്ഷൻ മാർ ജോർജ് രാജേന്ദ്രൻ കമ്പം മിഷൻ സന്ദർശിച്ചു. ക്രിസ്മസ് സന്ദേശം നല്കി കേക്ക് മുറിച്ച് സന്തോഷം പങ്കുവച്ചു. ആങ്കൂർപാളയം വില്ലേജിൽ സന്ദർശനം നടത്തി പ്രാർത്ഥിക്കയും കേക്ക് മുറിച്ച് നല്കുകയും ഗ്രാമത്തലവൻ ശ്രീ. ധർമർ, ചെയർമാൻ ശ്രീ. പരമശിവൻ മുതലായവരെ സന്ദർശിച്ച് സന്തോഷം പങ്കിടുകയും ചെയ്തു. കാഞ്ഞിരപ്പള്ളി രൂപത പ്രോട്ടോ സിഞ്ചെല്ലൂസ് ബഹു. വെള്ളമററം അച്ചനും കുമളി ഫൊറോന വികാരി ബഹു. പൂവത്താനിക്കുന്നേലച്ചനും സന്നിഹിതരായിരുന്നു.
- തക്കല രൂപതയുടെ തിരുനെൽവേലി, കയത്താർ, വിരുതു നഗർ മിഷൻ സ്റ്റേഷനുകളിൽനിന്ന് അച്ചന്മാരും സിസ്റ്റർമാരും കമ്പം മിഷനിൽ സന്ദർശനം നടത്തി.
- ക്രിസ്മസ് ദിനാഘോഷത്തിന്റെ ഭാഗമായി ജങ്കാൾപട്ടി മിഷനിൽ, സമീപവാസികളെ വിളിച്ചു കൂട്ടി ക്രിസ്മസ് ദിന സന്ദേശം നല്കി, കലാപരിപാടികൾ നടത്തുകയും വിരുന്നു നൽകുകയും ചെയ്തു.

**ഫാ. ജോസ് തട്ടാംപറമ്പിൽ**
**തേനി മിഷൻ ഡയറക്ടർ**

# മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റൽ

## യൂറോളജി ഡിപ്പാർട്ട്മെന്റ് ആരംഭിക്കുന്നു

മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റൽ യൂറോളജി ഡിപ്പാർട്ട്മെന്റിൽ ജനുവരി ഒന്നു മുതൽ ഡോ. സിജു C. S (MBBS, MS General Surgery, MCH Urology) ചാർജ് എടുക്കുന്നു.എല്ലാ തിങ്കളാഴ്ച ദിവസങ്ങളിലും വ്യാഴാഴ്ച ദിവസങ്ങളിലും വൈകുന്നേരം നാലുമണി മുതൽ 6 മണിവരെ ഡോക്ടറുടെ സേവനം ലഭ്യമാണ്. മൂത്രമൊഴിക്കാൻ ഉണ്ടാകുന്ന തടസ്സം, മൂത്രനാളിയിലെ അണുബാധ,ബെനിൻ പ്രോസ്റ്റാറ്റിക് ഹൈപ്പർപ്ലാസിയ എന്നിവയും മൂത്രസഞ്ചിയിലെ ക്യാൻസർ, വൃക്കയിലെ കല്ലുകൾ, ജന്മനായുള്ള തകരാറുകൾ, ആഘാതം എന്നിവയുടെ ചികിത്സയും യൂറോളജി വിഭാഗത്തിൽ കൈകാര്യം ചെയ്യുന്നു.

## ഇ.എൻ.ടി വിഭാഗത്തിലേക്ക് പുതിയ ഡോക്ടർ

മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റൽ ഇ.എൻ.ടി ഡിപ്പാർട്ട്മെന്റിലേക്ക് പുതിയതായി ഡോക്ടർ ഗീതി കൃഷ്ണ എസ്. (MBBS, MS- ENT) ജനുവരി 15 മുതൽ ചാർജ് എടുക്കുന്നു. തിങ്കൾ മുതൽ ശനി വരെയുള്ള ദിവസങ്ങളിൽ രാവിലെ 9 മണി മുതൽ ഒരു മണി വരെയും തിങ്കൾ മുതൽ വെള്ളി വരെയുള്ള ദിവസങ്ങളിൽ വൈകുന്നേരം നാലുമണി മുതൽ 6 മണി വരെയും ഡോക്ടറുടെ സേവനം ഹോസ്പിറ്റലിൽ ലഭ്യമാണ്. കൂടാതെ സീനിയർ കൺസൾട്ടന്റ് ഡോക്ടർ കുഞ്ചെറിയ തോമസിന്റെ (MBBS, MS ENT, DLO) ഓ.പി തിങ്കൾ, ബുധൻ, വെള്ളി ദിവസങ്ങളിൽ രാവിലെ 9 മണി മുതൽ 12 മണി വരെ ഹോസ്പിറ്റലിൽ ലഭ്യമാണ്.

## Hands For Dialysis - സ്നേഹക്കുറി

ഡയാലിസിസ് രോഗികളുടെ ചികിത്സാ സഹായത്തിനായി ഡിസംബർ 1 മുതൽ ഡിസംബർ 23 വരെ ഹോസ്പിറ്റലിൽ ക്രൗഡ് കളക്ഷൻ നടത്തപ്പെട്ടു. ഹോസ്പിറ്റലിലെ ഡോക്ടേഴ്സ്, നേഴ്സുമാർ, ജീവനക്കാർ, സന്ദർശകർ എന്നിവർ Hands For Dialysis ൽ പങ്കാളികളായി. പ്രസ്തുത പരിപാടിയുടെ ഉദ്ഘാടനം ബഹുമാനപ്പെട്ട ഡോ. കുഞ്ചെറിയ തോമസ് നിർവഹിച്ചു. എല്ലാ ആഘോഷങ്ങളിലും ഡയാലിസിസ് രോഗികളെ കൂടെ പരിഗണിക്കുന്ന എം.എം.ടി ഹോസ്പിറ്റൽ ജീവനക്കാരുടെ മനോഭാവം തെളിയിക്കുന്നത് കൂടിയായിരുന്നു ഈ പരിപാടി. Hands For Dialysis എന്ന ആശയത്തോടെ ഡയാലിസിസ് രോഗികളെ സഹായിക്കുന്നതിനായി എം.എം.ടി ഹോസ്പിറ്റൽ ആവിഷ്കരിച്ചിരിക്കുന്ന വിവിധ പദ്ധതിയിലൂടെ ഡയാലിസിസ് രോഗികളെ സഹായിച്ചു വരുന്നു. ഡയാലിസിസ് രോഗികളെ സഹായിക്കുന്നതിനായി താഴെ നൽകിയിരിക്കുന്ന ബാങ്ക് അക്കൗണ്ട് കഴിയുന്നതാണ്.

Federal Bank

A/c No.: 13970100011641

Name : Director and Treasurer

IFSC : FDRL0001397

## കട്ടപ്പന ഫൊറോന എസ് എം വൈ എമ്മിന്റെ സഹായഹസ്തം – 'കരുതൽ'

കട്ടപ്പന ഫൊറോന SMYM-ന്റെ നേതൃത്വത്തിൽ 'കരുതൽ' എന്ന പേരിൽ മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റലിലെ ഡയാലിസിസ് രോഗികൾക്ക് ചികിത്സാ സഹായം നൽകുന്നതിനായി ഫൊറോനയിലെ ഇടവകകളിൽ നിന്നും ന്യൂസ് പേപ്പർ ചലഞ്ച് വഴി സ്വരൂപിച്ച തുക കട്ടപ്പന ഫൊറോന എസ്.എം.വൈ.എം. ഡയറക്ടർ ബഹുമാനപ്പെട്ട ഫാ. നോബൽ പൊടിമറ്റത്തിൽ, എസ്.എം.വൈ.എം.

ഫൊറോനാ പ്രസിഡന്റ് ആൽബിൻ മണ്ണഞ്ചേരിൽ എന്നിവരുടെ നേതൃത്വത്തിൽ ഹോസ്പിറ്റലിലെ ഡയാലിസിസ് യൂണിറ്റിനെ ഏൽപ്പിച്ചു. ഡയാലിസിസ് രോഗികൾക്ക് സമൂഹം നൽകേണ്ട പരിഗണനയുടെ പ്രാധാന്യം യോഗത്തിൽ ഫാദർ നോബിൾ പൊടിമറ്റത്തിൽ വിശദീകരിച്ചു. എസ്.എം.വൈ.എം. ഡയാലിസിസ് രോഗികൾക്ക് നൽകുന്ന പരിഗണനയ്ക്ക് ഹോസ്പിറ്റൽ ഡയറക്ടർ ബഹുമാനപ്പെട്ട ഫാദർ സോജി കന്നാലിൽ ഹോസ്പിറ്റലിന്റെ പേരിലുള്ള നന്ദി അറിയിച്ചു.

**സെന്റ് വിൻസന്റ് ഡി പോൾ സൊസൈറ്റിയുടെ സഹായഹസ്തം**

സെന്റ് വിൻസന്റ് ഡി പോൾ സെൻട്രൽ കൗൺസിൽ കാഞ്ഞിരപ്പള്ളിയുടെ ആഭിമുഖ്യത്തിൽ മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റലിലെ നിർധനരായ ഡയാലിസിസ് രോഗികൾക്കായി അമ്പതിനായിരം രൂപ വരുന്ന ഡയാലിസിസ് കിറ്റുകൾ നൽകി സഹായിച്ചു. ഡയാലിസിസ് രോഗികളുടെ എണ്ണത്തിലുള്ള വർദ്ധനവും അവർക്കുണ്ടാകുന്ന സാമ്പത്തിക ബുദ്ധിമുട്ടുകളും നേരിട്ടു മനസ്സിലാക്കിയ സെന്റ് വിൻസന്റ് ഡി പോൾ സൊസൈറ്റി ഡയാലിസിസ് രോഗികൾക്ക് ഒരു കൈത്താങ്ങ് ആവുക എന്ന ലക്ഷ്യത്തോടെയാണ് ഈ ഉദ്യമത്തിന് ഇറങ്ങിത്തിരിച്ചിരിക്കുന്നത്.

**SMYM തുലാപ്പള്ളിയുടെ സഹായഹസ്തം**

എസ്.എം.വൈ.എം. തുലാപ്പള്ളി യൂണിറ്റിന്റെ നേതൃത്വത്തിൽ മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റലിലെ ഡയാലിസിസ് രോഗികളെ സഹായിക്കുന്നതിനായി ഒരു രൂപ ചലഞ്ച് നടത്തുകയും അതിലൂടെ ലഭിച്ച തുക ഡയാലിസിസ് രോഗികളുടെ ചികിത്സയ്ക്കായി മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റലിൽ ഡയാലിസിസ് യൂണിറ്റിൽ ഏൽപ്പിച്ചു. എസ്.എം.വൈ.എം തുലാപ്പള്ളി യൂണിറ്റ് പ്രസിഡന്റ് എഡ്വിൻ പുളിയനാട്ട്, വൈസ് പ്രസിഡന്റ് ടോംസി ഇടപ്പാടി, സെക്രട്ടറി ആൽബിൻ തോട്ടത്തിൽ,

കൗൺസിലർ ടോബിൻ ഇടപ്പാടിയിൽ എന്നിവരുടെ സാന്നിധ്യത്തിൽ ചികിത്സാ സഹായം ഹോസ്പിറ്റൽ ഡയാലിസിസ് യൂണിറ്റിനെ ഏൽപ്പിച്ചു.

**ക്രിസ്മസ് ആഘോഷം**

തിരുപ്പിറവിയുടെ സന്ദേശം നൽകിക്കൊണ്ട് ഡിസംബർ 22-ന് ഹോസ്പിറ്റലിൽ ക്രിസ്മസ് ആഘോഷം നടത്തപ്പെട്ടു. അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻ പിതാവ് സമ്മേളനം ഉദ്ഘാടനം ചെയ്ത് ക്രിസ്മസ് സന്ദേശം നൽകി. സ്നേഹത്തിന്റെയും കരുതലിന്റെയും മുഖമായി എം.എം.ടി ഹോസ്പിറ്റൽ കൂടുതൽ വിപുലപ്പെടുന്നതിലെ സന്തോഷം പിതാവ് യോഗത്തിൽ പങ്കുവെച്ചു. ഹോസ്പിറ്റലിൽ ജീവനക്കാരുടെയും എം.എം.ടി സ്കൂൾ ഓഫ് നേഴ്സിങ് വിദ്യാർത്ഥി കളുടെയും കലാപരിപാടികൾ ക്രിസ്മസ് ആഘോഷങ്ങൾക്ക് നിറമേകി.

**SKAN മൊബൈൽ**

മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റലിൽ റേഡിയോളജി ഡിപ്പാർട്ട്മെന്റിലേക്ക് പുതിയതായി പോർട്ടബിൾ എക്സ്റേ മെഷീൻ സൗകര്യം ഏർപ്പെടുത്തി. രോഗനിർണയത്തിൽ നിർണായ പങ്കുവഹിക്കുന്ന റേഡിയോളജി ഡിപ്പാർട്ട്മെന്റിന്റെ സേവനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുവാൻ SKAN മൊബൈൽ പോർട്ടബിൾ എക്സ് മിഷൻ വഴി സാധിക്കുന്നു. ഇതുവഴി കിടപ്പുരോഗികൾക്ക് റൂമുകളിൽ വച്ചുതന്നെ എക്സ്റേ സൗകര്യം ഉപയോഗപ്പെടുത്താവു ന്നതാണ്. അൾട്രാ സൗണ്ട് സ്കാനിംഗ് സൗകര്യം തിങ്കൾ മുതൽ ശനിവരെയുള്ള ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് 1 മണി വരെയും CT സ്കാനിംഗും എക്സ്റേ സൗകര്യവും 24 മണി ക്കൂറും ലഭ്യമാണ്. റേഡിയോളജി ഡിപ്പാർട്ട്മെന്റിൽ റേഡിയോളജിസ്റ്റ് ഡോ. കൃഷ്ണൻ ജെ.എസ്. തിങ്കൾ മുതൽ ശനി വരെയുള്ള ദിവസങ്ങളിൽ 9 മണി മുതൽ ഒരു മണി വരെ ഉണ്ടായിരിക്കുന്നതാണ്.

**നെറ്റിത്തൊഴു - മെഡിക്കൽ ക്യാമ്പ്**

നെറ്റിത്തൊഴു സെന്റ് ഇസിദോർ ദേവാലയത്തിന്റെ ആഭിമുഖ്യത്തിൽ സൗജന്യ ഓർത്തോപീഡിക് ജനറൽ മെഡിസിൻ മെഡിക്കൽ ക്യാമ്പ് നടത്തപ്പെട്ടു. നെറ്റിത്തൊഴു സെന്റ് ഇസിദോർ ദൈവാലയത്തിന്റെ പാരിഷ് ഹാളിൽ വച്ച് നടന്ന മെഡിക്കൽ ക്യാമ്പ് ഇടവക വികാരി ബഹുമാനപ്പെട്ട ഫാ. തോമസ് കിളിരൂപ്പറമ്പിൽ ഉദ്ഘാടനം ചെയ്തു. മെഡിക്കൽ ക്യാമ്പിന് ഓർത്തോപീഡിക് സർജൻ ഡോ. അഡോൾഡ് ജോർജും (MBBS, MS Ortho), കമ്മ്യൂണിറ്റി മെഡിസിനിൽ നിന്നും ഡോ. ക്രിസ്റ്റി മരിയ (MBBS, MD Community Medicine) എന്നിവർ നേതൃത്വം നൽകി. ക്യാമ്പിൽ കൺസൽട്ടേഷൻ, മരുന്നുകൾ, BMD ടെസ്റ്റ് തുടങ്ങിയവ സൗജന്യമായിരുന്നു.

**മെഡിക്കൽ ക്യാമ്പ് - തേനി മിഷൻ**

തമിഴ്നാട് തേനി മിഷന്റെയും, തമിഴ്നാട് കമ്പം എസ്.എച്ച് കോൺവെന്റിന്റെയും നേതൃത്വത്തിൽ സൗജന്യ ജനറൽ മെഡിസിൻ മെഡിക്കൽ ക്യാമ്പ് നടത്തപ്പെട്ടു. തമിഴ്നാട് കമ്പത്തുവച്ച് നടത്തപ്പെട്ട മെഡിക്കൽ ക്യാമ്പിൽ ജനറൽ മെഡിസിൻ വിഭാഗത്തിൽ നിന്നും ഡോക്ടർ തോമസ് ചാണ്ടി (MBBS) നേതൃത്വം നൽകി. ക്യാമ്പിൽ കൺസൽട്ടേഷൻ, മരുന്നുകൾ തുടങ്ങിയവ സൗജന്യമായിരുന്നു.

**ഫാ. ജോസഫ് കന്നാലിൽ**
**ഡയറക്ടർ**

# ഡി.സി.എം.എസ്.

- ഡി.സി.എം.എസ്. രൂപത എക്സിക്യൂട്ടീവ് യോഗം 10-ാം തീയതി ഞായറാഴ്ച പാസ്റ്ററൽ സെന്റർ ഓഫീസിൽ വച്ചു നടത്തപ്പെട്ടു.
- എ.കെ.സി.സി. (അഖില കേരള കത്തോലിക്ക കോൺഗ്രസ്) നടത്തിയ അതിജീവനയാത്ര കാഞ്ഞിരപ്പള്ളിയിൽ എത്തിയപ്പോൾ ഡി.സി.എം.എസ്. സംഘടനയിൽ നിന്ന് അംഗങ്ങൾ പങ്കെടുക്കുകയും അഭിസംബോധന ചെയ്യുകയും ചെയ്തു.
- ഡിസംബർ 28-ാം തീയതി വൈകിട്ട് നടത്തിയ K.C.C. (കാഞ്ഞിരപ്പള്ളി കൾച്ചറൽ സെന്റർ) പ്രോഗ്രാമിൽ പ്രതിനിധികൾ പങ്കെടുത്തു.
- ഡിസംബർ 17-ാം തീയതി കോട്ടയത്ത് ലൂർദ്ദ് ചർച്ച് ഹാളിൽ വച്ച് ദളിത് ക്രൈസ്തവ ഏകോപനസമിതി യോഗത്തിൽ ഡയറക്ടറും പ്രസിഡന്റും പങ്കെടുത്തു. സമ്മേളനം KCBC, SC, ST/BC ചെയർമാൻ ബിഷപ് ഗീവർഗീസ് മാർ അപ്രേം പിതാവ് ഉദ്ഘാടനം ചെയ്തു.
- 21-ാം തീയതി വ്യാഴാഴ്ച തിരുവനന്തപുരത്ത് വെമ്പായം ഇടവക പള്ളിയിൽ വച്ച് മുൻ സംസ്ഥാന ട്രഷറർ എൻ. ദേവദാസ് സാറിന്റെ ചരമവാർഷികദിന പ്രാർത്ഥനയിലും വിശുദ്ധ കുർബാനയിലും രൂപതയിൽനിന്നും പ്രതിനിധികൾ പങ്കെടുത്തു.

**ഫാ. ജോസുകുട്ടി ഇടത്തിനകം**
**ഡയറക്ടർ**

# ലീജിയൻ ഓഫ് മേരി

ലീജിയൻ ഓഫ് മേരി കാഞ്ഞിരപ്പള്ളി കമ്മീസിയത്തിന്റെ 455-ാമതും കൂരിയായുടെ 912-ാമതും സമ്മേളനം 2023 ഡിസംബർ 9-ാം തീയതി പാസ്റ്ററൽ സെന്റർ അനക്സിൽ പ്രസിഡന്റ് സി. ലൂസി ജോസഫ് തെക്കേവയലിന്റെ അദ്ധ്യക്ഷതയിൽ കൂടി.

പ്രാരംഭപ്രാർത്ഥനയും ജപമാലയും കഴിഞ്ഞ് ലീജിയൻ നിയമഗ്രന്ഥത്തിൽ നിന്നും അദ്ധ്യക്ഷൻ ജ്ഞാനവായന നടത്തി. മുൻ സമ്മേളനത്തിന്റെ മിനിറ്റ്സ് സെക്രട്ടറി ബ്രദർ ജേക്കബ് തോമസ് ചെറിയമുക്കട വായിച്ചു. സമ്മേളനത്തിൽ സന്നിഹിതരായ കമ്മീസിയം ഭാരവാഹികൾക്കും കൂരിയ പ്രസീദിയം ഭാരവാഹികൾക്കും മറ്റ് സൈനികർക്കും അദ്ധ്യക്ഷ പരിശുദ്ധ അമ്മയുടെ നാമത്തിൽ സ്വാഗതം ആശംസിച്ചു.

ഉണ്ണീശോയെ വരവേൽക്കാനായി നോമ്പ് എടുക്കുമ്പോൾ സഭയിലെ ഇപ്പോഴത്തെ പ്രശ്നങ്ങൾക്കുവേണ്ടിയും തിന്മയുടെയും മയക്കുമരുന്നിന്റെയും പുറകെ പോകുന്ന യുവജനങ്ങൾക്കായും പ്രത്യേകം പ്രാർത്ഥിക്കണമെന്ന് അധ്യക്ഷ തന്റെ പ്രഭാഷണത്തിൽ സൈനികരെ ഓർമ്മിപ്പിച്ചു.

ലീജിയൻ നിയമഗ്രന്ഥത്തിലെ അദ്ധ്യായം 39, പേജ് 420 "സൈനികർ വിധികർത്താവായിരിക്കരുത്" എന്ന ഭാഗത്തെ ആസ്പദമാക്കി കാഞ്ഞിരപ്പള്ളി സമാധാനത്തിന്റെ രാജ്ഞി പ്രസീദിയം പ്രസിഡന്റ് ബ്രദർ ജേക്കബ് തോമസ് ചെറിയമുക്കട നയിച്ച ചർച്ചയിൽ മറ്റ് അംഗങ്ങളും പങ്കുചേർന്ന് സംസാരിച്ചു.

കമ്മീസിയത്തിന്റെ അടുത്ത സമ്മേളനം 2024 ജനുവരി 13-ാം →



# ഫ്രാൻസിസ്കൻ അല്മായസഭ

കാഞ്ഞിരപ്പള്ളി രൂപത ഫ്രാൻസിസ്കൻ അൽമായ സഭയുടെ പ്രതിമാസ മീറ്റിംഗ് 2023 നവംബർ 12-ാം തീയതി ഉച്ചകഴിഞ്ഞ് 2.30 ന് രൂപതാ ഓഫീസിനടുത്ത ഹാളിൽ ചേരുകയുണ്ടായി. രൂപതാ പ്രസിഡന്റ് ബ്രദർ ജോസ് തോമസ് വെട്ടത്ത് അദ്ധ്യക്ഷത വഹിച്ചു. ഫ്രാൻസിസ്കൻ അൽമായ സഭയുടെ പ്രാരംഭപ്രാർത്ഥനകൾക്ക് രൂപതാ ഫോർമേറ്റർ ബ്രദർ ജോസ് കിഴക്കേത്തലയ്ക്കൽ നേതൃത്വം വഹിച്ചു. അനുഗ്രഹപ്രഭാഷണം രൂപതാഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ കളത്തിപ്പറമ്പിൽ OFM (Conv) നിർവ്വഹിച്ചു. സ്നേഹസന്ദേശം റവ. സി. റോസിലിറ്റ് എഫ്.സി.സി. അറിയിച്ചു. രൂപതാ സെക്രട്ടറി ബ്രദർ തോമസ് ചാക്കോ മുൻയോഗ റിപ്പോർട്ടും കാലിക വിഷയങ്ങളും അവതരിപ്പിച്ചു.

രൂപതയിലെ ഫ്രാൻസിസ്കൻ ഭാതൃത്വങ്ങളുടെ പ്രതിനിധികൾ അവരുടെ ഇടവകകളിൽ അവർ നടത്തിയ പ്രവർത്തനങ്ങളുടെ റിപ്പോർട്ടുകൾ സമർപ്പിച്ചു. സഭയിലേക്കു പുതിയതായിട്ടുള്ള അർത്ഥി സ്വീകരണം സഭാവസ്ത്ര സ്വീകരണം തുടങ്ങിയ കർമ്മപരിപാടികൾ നടന്നുകൊണ്ടിരിക്കുന്നു.

→

## ലീജിയൻ ഓഫ് മേരി

തീയതി ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് രൂപതാ പാസ്റ്ററൽ സെന്റർ അനക്സിൽ വച്ച് കൂടുന്നതാണ്. സമാപനപ്രാർത്ഥനകൾ, ദൈവദാസൻ ഫ്രാങ്ക് ഡഫിനെ വിശുദ്ധനെന്ന് നാമകരണം ചെയ്യുന്നതിനുവേണ്ടിയുള്ള പ്രാർത്ഥന എന്നിവയോടെ സമ്മേളനം സമാപിച്ചു.

**സെക്രട്ടറി**



# വിൻസെൻഷ്യൻ വേദി

സെൻട്രൽ കൗൺസിലിന്റെ ഒരു യോഗം 2023 നവംബർ 23-ാം തീയതി സി.സി. ഓഫീസിൽ പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ കൂടുകയുണ്ടായി.

**ഓസാനാം ഫെസ്റ്റ്**

ജൂണിയർ കോൺഫറൻസ് അംഗങ്ങൾക്കായുള്ള മത്സരങ്ങൾ 2023 ഡിസംബർ മാസം 29-ാം തീയതി വെള്ളിയാഴ്ച രാവിലെ 9.30 ന് രജിസ്ട്രേഷനോടുകൂടി ആരംഭിക്കുന്നതാണ്. കുട്ടികളെ പങ്കെടുപ്പിക്കുവാനുള്ള ക്രമീകരണങ്ങൾ സീനിയർ കോൺഫറൻസ് അംഗങ്ങൾ ആനിമേറ്റേഴ്സുമാരുമായി ആലോചിച്ച് നടത്തേണ്ടതാണ്.

സെൻട്രൽ കൗൺസിൽ യുവജന പ്രതിനിധികളായി ചേമ്പളം കോൺഫറൻസ് അംഗം ജോബി എബ്രാഹം വട്ടമറ്റത്തിൽ, പാണപിലാവ് കോൺഫറൻസ് അംഗം ഉല്ലാസ് വി.റ്റി. വടക്കേകണ്ണംപള്ളി, സി.സി. വനിതാ പ്രതിനിധികളായി മുണ്ടക്കയം കോൺഫറൻസ്

---

## ഫ്രാൻസിസ്കൻ അല്മായസഭ

ദൈവവചനത്തിലൂടെ വെളിപ്പെടുത്തപ്പെട്ട യുഗാന്ത്യലക്ഷണങ്ങൾ കണ്ടു തുടങ്ങിയതിനാൽ വി. ഫ്രാൻസീസ് അസ്സീസിയെപോലെ സഭയെ ജീർണാവസ്ഥയിൽ നിന്നും കരകയറ്റി ദൈവത്തിനു സ്വീകാര്യമായ ചുളിവും കളങ്കവുമില്ലാത്ത മണവാട്ടിയാക്കി മാറ്റാൻ നമുക്കും ശ്രമിക്കാം. പ്രാർത്ഥിക്കാം.

ട്രഷറർ ബ്രദർ ജോജോ ആന്റണി കിഴക്കേത്തലയ്ക്കലിന്റെ കൃതജ്ഞതാപ്രകാശനത്തിനുശേഷം ചായസൽക്കാരത്തോടെ 4.45 pm ന് യോഗം അവസാനിച്ചു.

**സെക്രട്ടറി**

അംഗങ്ങളായ ലില്ലിക്കുട്ടി ജോസഫ് മലമാക്കൽ, ആനിയമ്മ ബാബു പുത്തൻപുരയ്ക്കൽ റാന്നി എ.സി. പ്രസിഡന്റായ സുരേഷ് തോമസ് ശാന്തിനിലയം എന്നിവർ സി.സി. അംഗങ്ങളായി സത്യപ്രതിജ്ഞ ചെയ്തു. മുൻയോഗ റിപ്പോർട്ട് സെക്രട്ടറി അവതരിപ്പിച്ചു. ട്രഷറർ കണക്കുകൾ അവതരിപ്പിച്ചു. റിപ്പോർട്ടും കണക്കുകളും യോഗം ചർച്ച ചെയ്തു പാസ്സാക്കി. എല്ലാ എ.സി. പ്രസിഡന്റുമാരും എ.സി.കളുടെ പ്രവർത്തനം അവലോകനം നടത്തി.

എ.സി.കളുടെ സംയുക്ത സമ്മേളനത്തിൽ എല്ലാ കോൺഫറൻസുകളും അവരുടെ റിപ്പോർട്ടും കണക്കുകളും അവതരിപ്പിക്കണമെന്നും എ.സി. പ്രസിഡന്റുമാർ കോൺഫറൻസ് സന്ദർശനം ഊർജ്ജിതമാക്കണമെന്നും പ്രസിഡന്റ് ഓർമ്മപ്പെടുത്തി.

**വാർഷികധ്യാനം**

ലോറേഞ്ചിലെ വാർഷികധ്യാനം 03-12-2023 ഞായറാഴ്ച രാവിലെ 9.30 ന് രജിസ്ട്രേഷനോടുകൂടി ആരംഭിച്ചു. പെരിയ ബഹു. വികാരി ജനറാൾ റവ. ഫാ. ബോബി അലക്സ് മണ്ണംപ്ലാക്കൽ ക്ലാസ് നയിച്ചു. ഏകദേശം 275 അംഗങ്ങൾ പങ്കെടുത്ത ധ്യാനം/ക്ലാസ് ഉച്ചക്ക് ഒരു മണിക്ക് സമാപന പ്രാർത്ഥനയ്ക്കും ഉച്ചഭക്ഷണത്തിനും ശേഷം പര്യവസാനിച്ചു.

ഹൈറേഞ്ചിലെ വാർഷികധ്യാനം 17-12-2023 ഞായറാഴ്ച രാവിലെ 10 മണിക്ക് രജിസ്ട്രേഷനോടുകൂടി കട്ടപ്പന കൃപാലയം വിൻസെൻഷ്യൻ ധ്യാനകേന്ദ്രത്തിൽ ജപമാലയോടെ ആരംഭിച്ചു. ധ്യാനകേന്ദ്രം ഡയറക്ടർ റവ. ഫാ. ഷിന്റോ അഡ്മിനിസ്ട്രേറ്റർ റവ. ഫാ. ജോസഫ് എന്നിവരുടെ നേതൃത്വത്തിൽ ദിവ്യകാരുണ്യ ആരാധനയും ക്ലാസും നടത്തി. ബഹു. അച്ചന്മാരുടെ തൈലാഭിഷേക ശുശ്രൂഷയോടെ ധ്യാനം/ക്ലാസ് 1.15 പി.എം. ന് സമാപിച്ചു. 150 ൽ പരം അംഗങ്ങൾ പങ്കെടുത്ത ധ്യാനം ഉച്ചഭക്ഷണത്തോടുകൂടി സമംഗളം പര്യവസാനിച്ചു.

**AC സമ്മേളനങ്ങൾ**

ചിറക്കടവ് ACയുടെ 2023-24 വർഷത്തെ മൂന്നാമത് സംയുക്ത സമ്മേളനം ഇളങ്ങോയി ഹോളി ക്രോസ് കോൺഫറൻസിന്റെ ആഭിമുഖ്യത്തിൽ ഇളങ്ങോയി പള്ളിയിൽ ജപമാലയോടെ ആരംഭിച്ചു.

തുടർന്ന് പാരീഷ് ഹാളിൽ നടന്ന യോഗത്തിൽ AC പ്രസിഡന്റ് ഷാജി ജേക്കബ് മഞ്ഞാടിയിൽ അദ്ധ്യക്ഷത വഹിച്ചു.

ഹോളി ക്രോസ് കോൺഫറൻസ് അംഗം സിബി ലൂക്കോസ് സ്വാഗതം ആശംസിച്ചു. AC പ്രസിഡന്റ് ഷാജി ജേക്കബ് അധ്യക്ഷപ്രസംഗം നടത്തി. ട്രീസാ ഷൈൻ, മേരി ഷൈൻ എന്നീ കുട്ടികൾ മനോഹരമായ ഗാനം ആലപിച്ചു. ഇടവക വികാരി ബഹു. ഫാ. സോണി മണക്കാട്ട് അനുഗ്രഹപ്രഭാഷണം നടത്തി. തുടർന്ന് AC സെക്രട്ടറി മുൻയോഗ റിപ്പോർട്ട് അവതരിപ്പിച്ചു. AC യുടെ കണക്കുകൾ ട്രഷറർ അവതരിപ്പിച്ചു റിപ്പോർട്ടും കണക്കുകളും യോഗം പാസ്സാക്കി.

എല്ലാ കോൺഫറൻസുകളും ത്രൈമാസ റിപ്പോർട്ട് അവതരിപ്പിച്ചു. കോൺഫറൻസ്കളുടെ അവലോകനവും നടന്നു. സി.സി. പ്രസിഡന്റും സെക്രട്ടറിയും യോഗത്തിൽ സംബന്ധിച്ചു. 64 അംഗങ്ങൾ പങ്കെടുത്തു. നന്ദിപ്രകാശനത്തിനുശേഷം സ്നേഹവിരുന്നോടെ യോഗം സമംഗളം പര്യവസാനിച്ചു.

റാന്നി എ.സി.യുടെ 2023-2024 വർഷത്തെ മൂന്നാമത് സംയുക്തസമ്മേളനം 09-12-2023 ശനിയാഴ്ച 2.30 പി.എം. ന് ഇടമൺ സെന്റ് മേരീസ് കോൺഫറൻസിന്റെ ആഭിമുഖ്യത്തിൽ പള്ളിയിൽ ജപമാലയോടെ ആരംഭിച്ചു.

തുടർന്ന് പാരീഷ് ഹാളിൽ നടന്ന യോഗത്തിൽ കോൺഫറൻസ് വൈസ് പ്രസിഡന്റ് ജോസ് ആലപ്പാട്ട് സ്വാഗതം ആശംസിച്ചു. എ.സി. പ്രസിഡന്റ് സുരേഷ് തോമസ് ശാന്തിനിലയം അധ്യക്ഷപ്രസംഗം നടത്തി. ബഹു. വികാരി ഫാ. ജേക്കബ് കൈപ്പൻപ്ലാക്കൽ അനുഗ്രഹപ്രഭാഷണം നടത്തി. സി.സി. പ്രസിഡന്റ് ജോൺ മാത്യു തൊമ്മിത്താഴെ, സെക്രട്ടറി സിബി മാത്യു കളപ്പുരയ്ക്കൽ, സി.സി. അംഗം ടോമി ജോസഫ് മണിയമ്പ്രായിൽ എന്നിവർ യോഗത്തിൽ സംബന്ധിച്ചു. സി.സി. പ്രസിഡന്റ് മുഖ്യപ്രഭാഷണം നടത്തി. എ.സി. സെക്രട്ടറി റിപ്പോർട്ടും എ.സി. ട്രഷറർ കണക്കുകളും അവതരിപ്പിച്ചത് പാസ്സാക്കി. തുടർന്ന് കോൺഫറൻസുകളുടെ ത്രൈമാസ റിപ്പോർട്ടും കണക്കുകളും അവതരിപ്പിക്കുകയും അവലോകനം നടത്തുകയും ചെയ്തു. യോഗത്തിൽ 38 അംഗങ്ങൾ സംബന്ധിച്ചു. സമാപനപ്രാർത്ഥനയോടെ യോഗം 4.30 ന് സമംഗളം പര്യവസാനിച്ചു.

**സെക്രട്ടറി**

# ആരോഗ്യപുനരധിവാസ മദ്യവിരുദ്ധ സമിതി

**ലഹരിവിമോചനധ്യാനം**

ഡിസംബർ 10 മുതൽ 17 വരെ മദ്യം നിറുത്താനാഗ്രഹിക്കുന്നവർക്കായുള്ള ധ്യാനം നടത്തി. 50 ആൾക്കാർ പങ്കെടുത്തു. 1500 രൂപ ധ്യാനചിലവിനു മതിയാകുന്നില്ല എന്ന് വിലയിരുത്തി. ഓരോ ധ്യാനത്തിലും കുറഞ്ഞത് 15000 രൂപ നഷ്ടമുണ്ടെങ്കിലും ധ്യാനത്തിൽ 80 ശതമാനം വിജയം ഉള്ളതിനാൽ ധ്യാനം തുടരുകയാണ്.

ചികിത്സയ്ക്ക് Deadiction സെന്ററിൽ 20000 മുതൽ 40000 രൂപാവരെ ചിലവാകുന്നിടത്തു 1500 രൂപ നൽകി ഒരു മാസം ഒരു ലഹരി അടിമയെ എങ്കിലും ധ്യാനത്തിൽ പങ്കുചേരാൻ അയയ്ക്കണമേ.

ഡിസംബർ 12, 23 എന്നീ തീയതികളിൽ കോട്ടയം ജില്ലാ ജയിലിൽ ക്രിസ്മസ് സന്ദേശം നൽകി. ഡയറക്ടർ സെബാസ്റ്റ്യൻ പെരുനിലം അച്ചനും, സി. ടെസ്സി മരിയയുടെ നേതൃത്വത്തിൽ നിർമല പബ്ലിക് സ്കൂൾ ടീച്ചേഴ്സ്, വിദ്യാർഥികൾ എന്നിവരും പങ്കുചേർന്നു.

പൊൻകുന്നം ജയിലിൽ അഭിവന്ദ്യ ജോസ് പുളിക്കൽ പിതാവ് 22.12.23 ൽ സന്ദർശിച്ചു സന്ദേശം നൽകി. തദവസരത്തിൽ ഫാ. സെബാസ്റ്റ്യൻ പെരുനിലം, സി. ടെസ്സി മരിയ, എഫ്.സി.സി., എസ്.എ.ബി.എസ്. സിസ്റ്റേഴ്സ്, നിർമല പബ്ലിക് സ്കൂൾ ടീച്ചേഴ്സ്, വിദ്യാർഥികൾ എന്നിവർ പങ്കുചേർന്നു.

22-12-2023 ൽ പീരുമേട് ജയിലിൽ ഫാ. സെബാസ്റ്റ്യൻ പെരുനിലം, F.C.C Sisters സന്ദർശിച്ചു ആശംസകൾ അർപ്പിച്ചു.

23-ന് പാലാ ജയിലിൽ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പെരുനിലം സന്ദേശം നൽകി.

**ഫാ. സെബാസ്റ്റ്യൻ പെരുനിലം**
**ഡയറക്ടർ**

# വിമല പബ്ലിക്കേഷൻസ്

**പുത്തൻപുസ്തകങ്ങൾ**

**1. ജീവിതത്തിന്റെ രുചിക്കൂട്ടുകൾ: ജിന്റോ മാത്യു**

പേജ് :256/ വില: 240/ എഡിഷൻ:1

നമ്മുടെ പരാജയങ്ങളും കുറവുകളും പോരായ്മകളുമൊക്കെ നിഴലുകൾ പോലെയാണ്. പ്രകാശം കടന്നുവരുമ്പോൾ താനേ നീങ്ങിപ്പോകുന്നവ. ദൈവത്തിന് ജീവിതത്തിൽ ഒന്നാംസ്ഥാനം നൽകിയാൽ നാമൊരിടത്തും രണ്ടാമതാകില്ല. ഇത്തരത്തിൽ പ്രതികൂലസാഹചര്യങ്ങളോടു പൊരുതി വിജയിച്ചവരുടെ അനുഭവങ്ങൾ കോർത്തിണക്കി ലളിതമായ പദവിന്യാസത്തിലും മനോഹരശൈലിയിലുമുള്ള രചന. ദൈവത്തേയും ആത്മീയതയേയും കൂട്ടുപിടിച്ചുകൊണ്ട് ഒരാൾക്ക് എങ്ങനെ ജീവിതവിജയം നേടാനാവും എന്ന സദ്വാർത്ത പകർന്നു നൽകുന്ന സവിശേഷകൃതി.

**2. ആദർശങ്ങളുടെ കഥകൾ: ഫാ. ഡേവീസ് കാച്ചപ്പിള്ളി CMI**

പേജ് :40/ വില: 50/ എഡിഷൻ:1

കുട്ടികൾക്ക് വായിക്കാനും പഠിക്കാനും പറഞ്ഞുകൊടുക്കാനും മഹാന്മാരുടെ ജീവിതപാഠങ്ങൾ. തലമുറകൾക്ക് വഴിവിളക്കുകളായ ആദർശകഥകൾ. ലളിതമായ ഭാഷയിൽ ആവിഷ്കരിച്ചിരിക്കുന്ന ചെറുഗ്രന്ഥം അധ്യാപകർക്കും കുട്ടികൾക്കും ഏറെ ഉപകാരപ്രദം. സമ്മാനമായി നൽകാനും ഉത്തമം.

## 3.Christmas Stories : Shaji Malippara

**( Translated by Manjusha Kunnath)**

പേജ് :48/ വില: 60/ എഡിഷൻ:1

ഉണ്ണീശോയുടെ ഉണ്ണിക്കഥകൾ എന്ന കൃതിയുടെ ഇംഗ്ലീഷ്ഭാഷാ വിവർത്തനം. കുട്ടികൾക്ക് വായിച്ചുകൊടുക്കുവാനും വായിക്കാനും രസകരമായ കഥകൾ. ഉണ്ണീശോയോടുള്ള സൗഹൃദത്തിൽ വിശുദ്ധിയിൽ വളർന്നു വരുവാൻ പ്രചോദിപ്പിക്കുന്ന കഥകൾ. ജന്മദിനത്തിലും മറ്റ് വിശേഷാവസരങ്ങളിലും സമ്മാനം നൽകാൻ ഉത്തമമായ ചെറുകഥകളുടെ സമാഹാരം.

**പണിപ്പുരയിൽ**

1. ഈ രാവ് തീരും മുമ്പ് : ഫാ. ഡാനിയേൽ പൂവണ്ണത്തിൽ
2. കത്തോലിക്കാമതബോധനം നൂറ്റാണ്ടുകളിലൂടെ:
   ഡോ. സേവ്യർ കൊച്ചുപറമ്പിൽ
3. അതിജീവനത്തിന്റെ സുവിശേഷം:
   ഫാ.ആന്റണി പാറക്കടവിൽ
4. സഹിതം : ഫാ. ജോയി ചെഞ്ചേരിൽ

**ഫാ. ജസ്റ്റിൻ മതിയത്ത്**

**ഡയറക്ടർ**

# Special Care Homes & Charitable Institutions (SEARCH)

**ആശാനിലയം സ്പെഷ്യൽ സ്കൂൾ**

പാമ്പാടി സെന്റ് ജോൺ ഓഫ് ഗോഡിൽ വച്ച് നടത്തപ്പെട്ട ബ്രദർ ഫോർത്തൂനാത്തൂസ് മെമ്മോറിയൽ ഓൾ കേരള ഇന്റർ സ്പെഷ്യൽ സ്കൂൾ ഫുട്ബോൾ ടൂർണ്ണമെന്റിൽ Lower Ability വിഭാഗത്തിൽ ആശാനിലയം സ്പെഷ്യൽ സ്കൂൾ രണ്ടാം സ്ഥാനം കരസ്ഥമാക്കി.

**International Day of Persons with Disabilities**

ഡിസംബർ 3 ന് ആഘോഷിക്കുന്ന ഒരു യു.എൻ. ദിനമാണ് വികലാംഗരുടെ അന്താരാഷ്ട്ര ദിനം അഥവാ വേൾഡ് ഡിസേബിൾഡ് ഡേ.

സാമൂഹിക ജീവിതത്തിൽ ഭിന്നശേഷിയുള്ളവർ നേരിടുന്ന അസമത്വവും വിവേചനവും അവസാനിപ്പിക്കുക എന്ന ലക്ഷ്യത്തിലാണ് ഐക്യരാഷ്ട്രസഭ ഇങ്ങനെയൊരു ദിനം ആഘോഷിക്കാൻ തീരുമാനിച്ചത്. സമൂഹത്തിന്റെ പ്രത്യേക പരിഗണനയും സുസ്ഥിരമായ പരിചരണവും അർഹിക്കുന്നവരാണ് ഭിന്നശേഷിക്കാർ. ഭിന്നശേഷിക്കാരുടെ സമഗ്രമായ അഭിവൃദ്ധിക്കും ഉന്നമനത്തിനുമായി വേറിട്ട കർമ്മപദ്ധതികൾ കാലഘട്ടത്തിന് അനുസൃതമായി എക്കാലത്തും ഏയ്ഞ്ചൽസ് വില്ലേജിലും (ആശാനിലയം സ്പെഷ്യൽ സ്കൂൾ) ചെയ്തുവരുന്നു.

ഈ ദിനം ഏവരേയും ഓർമ്മപ്പെടുത്തുവാനും സാമൂഹിക ചുറ്റുപാടുകളിൽ അവബോധം ഉണർത്തുവാനുമുള്ള വിവിധ പരിപാടികൾ നടത്തി.

ലോകഭിന്നശേഷി ദിനാചരണത്തിന്റെ ഭാഗമായി കുന്നുംഭാഗം സെന്റ് ജോസഫ് പബ്ലിക് സ്കൂളിലെ വിദ്യാർത്ഥികളും അധ്യാപകരും ചേർന്ന് സന്ദർശനം നടത്തുകയും വിവിധ കലാപരിപാടികൾ നടത്തുകയും ചെയ്തു.

എയ്ഞ്ചൽസ് വില്ലേജ് ആശാനിലയം സ്പെഷ്യൽ സ്കൂളിൽ നിന്നും ചങ്ങനാശ്ശേരി ആശാഭവൻ സ്പെഷ്യൽ സ്കൂളിൽ വച്ചു നടത്തപ്പെട്ട Talent Fest - ൽ നാലു ടീമുകൾ പങ്കെടുക്കുകയും ക്രാഫ്റ്റ് വർക്കിൽ സമ്മാനങ്ങൾ കരസ്ഥമാക്കുകയും ചെയ്തു.

**Angels' Family Meet**

എല്ലാ മാസത്തിലെയും രണ്ടാം ശനിയാഴ്ച ഏയ്ഞ്ചൽസ് വില്ലേജിലെ ചാപ്പലിൽ രാവിലെ 9 മുതൽ ഉച്ചകഴിഞ്ഞ് 1 മണിവരെ ഗാനശുശ്രൂഷ, കുമ്പസാരം, മധ്യസ്ഥപ്രാർഥന, സൗഖ്യപ്രാർഥന, ജപമാല, വി. കുർബാന, കൗൺസിലിംഗ് എന്നീ ശുശ്രൂഷകൾ നടത്തപ്പെടുന്നു. കാഞ്ഞിരപ്പള്ളി രൂപതയുടെ കീഴിലുള്ള ഏയ്ഞ്ചൽസ് വില്ലേജിൽ രൂപതാ ഫാമിലി അപ്പോസ്റ്റോലേറ്റിന്റെ സഹകരണത്തോടെ നടത്തപ്പെടുന്ന ഈ കൂട്ടായ്മാപ്രാർഥനയിൽ ഏവരേയും നമ്മുടെ മക്കളോടൊപ്പം ദൈവത്തെ സ്തുതിച്ചാരാധിക്കാൻ സ്വാഗതം ചെയ്യുന്നു.

**മത്സ്യ വിപണന കേന്ദ്രം - നല്ല സമറായൻ ആശ്രമം പുളിമാവ്**

ഉൾനാടൻ മത്സ്യസമ്പത്തും മത്സ്യകൃഷിയും വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെയും കർഷകർ ഉല്പാദിപ്പിക്കുന്ന മത്സ്യം കൃത്യസമയത്ത് ലാഭകരമായി വിറ്റഴിക്കുന്നതിനും പൊതുജനങ്ങൾക്ക് വിഷരഹിതമായ മത്സ്യവിഭവങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്തുടനീളം 25 മത്സ്യവിപണന കേന്ദ്രങ്ങൾ ഫിഷറീസ് വകുപ്പ് സ്ഥാപിച്ചിട്ടുണ്ട്. ഇതിൽ ഉൾപ്പെടുന്ന ഒരു യൂണിറ്റാണ് കാഞ്ഞിരപ്പള്ളി മത്സ്യകർഷക ക്ലബ് ആരംഭിച്ചിരിക്കുന്നത്.

പുളിമാവ് നല്ലസമറായൻ ആശ്രമത്തിന്റെ കെട്ടിടത്തിൽ സ്ഥാപിച്ചിരിക്കുന്ന മത്സ്യക്ലബിന്റെ മത്സ്യവിപണനകേന്ദ്രം 2023

ഡിസംബർ 20-ാം തീയതി ബുധനാഴ്ച രാവിലെ 9.30 ന് ബഹു. ഗവ. ചീഫ് വിപ്പ് ഡോ. എൻ. ജയരാജ് നിർവ്വഹിച്ചു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ. കെ.ആർ. തങ്കപ്പന്റെ അദ്ധ്യക്ഷതയിൽ നടന്ന ചടങ്ങിൽ കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി അജിത രതീഷ്, കാഞ്ഞിരപ്പള്ളി രൂപതാ വികാരി ജനറാൾ വെരി റവ. ഫാ. ജോസഫ് വെള്ളമറ്റം, ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ മെമ്പർമാർ, മറ്റ് ജനപ്രതിനിധികൾ എന്നിവർ പ്രസംഗിച്ചു. ഫാ. റോയി മാത്യു വടക്കേൽ (ഡയറക്ടർ, വി കെയർ സെന്റർ) നന്ദി അർപ്പിച്ചു.

**ഏയ്ഞ്ചൽസ് ഷോപ്പ് (മാലാഖമാരുടെ കട) ഉത്ഘാടനം ചെയ്തു**

കാഞ്ഞിരപ്പള്ളി രൂപതാ അധ്യക്ഷൻ അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവിന്റെ പ്രാർഥന ആശീർവാദങ്ങളോടു കൂടി തുടക്കം കുറിച്ചു. ഏയ്ഞ്ചൽ ഷോപ്പ് ഉത്ഘാടനം ബഹു. ചീഫ് വിപ്പ് ഡോ. എൻ. ജയരാജ് നിർവ്വഹിച്ചു. തുടർന്ന് നടത്തപ്പെട്ട പൊതുചടങ്ങിൽ ഏയ്ഞ്ചൽസ് വില്ലേജ് ഡയറക്ടർ റവ. ഫാ. റോയി മാത്യു വടക്കേൽ ഏവർക്കും സ്വാഗതം ആശംസിക്കുകയും കാഞ്ഞിരപ്പള്ളി രൂപതാ സിഞ്ചെല്ലൂസ് വെരി റവ. ഫാ. ബോബി അലക്സ് മണ്ണംപ്ലാക്കൽ, വാഴൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ. വി.പി. റെജി, വാർഡ് മെമ്പർ ശ്രീമതി ജിജി നടുവത്താനി, സ്പെഷ്യൽ എഡ്യൂക്കേഷൻ സീനിയർ കൺസൾട്ടന്റ് ഡോ. എ.റ്റി. ത്രേസ്യാക്കുട്ടി, സ്പിരിചൽ ഡയറക്ടർ റവ. ഫാ. ജോസഫ് കുന്നത്തുപുരയിടത്തിൽ എന്നിവർ ആശംസകൾ അർപ്പിച്ചു. ആശാനിലയം പ്രിൻസിപ്പൽ സി. ലിറ്റി സേവ്യർ നന്ദി പ്രകാശിപ്പിച്ചു.

**ഫാ. റോയി മാത്യു വടക്കേൽ**
**ഡയറക്ടർ**

# മലനാട് ഡവലപ്പ്മെന്റ് സൊസൈറ്റി

**ഭവനനിർമ്മാണ സഹായം**

നിർദ്ധനരായ ഭവനരഹിതർക്ക് വീട് നിർമ്മിക്കുവാൻ 6,50,000/- രൂപ ധനസഹായമായി നൽകി.

**മറ്റ് സഹായങ്ങൾ**

ഭക്ഷ്യസഹായം, വിദ്യാഭ്യാസസഹായം, ഗ്രാമവികസനം എന്നീ ഇനങ്ങളിൽ സൊസൈറ്റി 6,08,653/- രൂപ ചിലവഴിച്ചു.

**മലനാട് ജീവകാരുണ്യ പദ്ധതി**

മലനാട് ഡെവലപ്പ്മെന്റ് സൊസൈറ്റി ഇടവകകൾ തോറും നടപ്പിലാക്കുന്ന കരുതൽ, സാന്ത്വനം പദ്ധതികൾക്കായും ചികിത്സാസഹായമായും 5,47,500/- രൂപ ചിലവഴിച്ചു.

**കാലിത്തീറ്റ സബ്സിഡി**

മലനാട് ഡെവലപ്പ്മെന്റ് സൊസൈറ്റിയിൽ ഉത്പാദിപ്പിക്കുന്ന പോഷകസമൃദ്ധമായ കാലിത്തീറ്റ മലനാട് മിൽക്ക് സൊസൈറ്റികൾ വഴി സബ്സിഡി നിരക്കിൽ ക്ഷീരകർഷകർക്ക് വിതരണം ചെയ്തു വരുന്നു. മികച്ചയിനം കന്നുകുട്ടികളുടെ പരിപോഷണവും, ക്ഷീരകർഷകരുടെ വരുമാന വർദ്ധനവും ലക്ഷ്യമാക്കി നടപ്പിലാക്കുന്ന ഈ പദ്ധതിക്കായി 2,99,480/- രൂപ ചിലവഴിച്ചു.

**നേഴ്സറി ടീച്ചേഴ്സ് സമ്മേളനം**

രാരീരം പാഠ്യപദ്ധതിയുമായി സഹകരിച്ച് പ്രവർത്തിക്കുന്ന നേഴ്സറി സ്കൂളിലെ അദ്ധ്യാപികമാരുടെ സമ്മേളനം എം.ഡി.എ

# ഇൻഫാം

- ഇൻഫാം കാർഷിക താലൂക്ക് ഡയറക്ടർമാരുടെ സമ്മേളനം ഡിസംബർ 19–ാം തീയതി ഉച്ചകഴിഞ്ഞ് രണ്ടരയ്ക്ക് പാറത്തോട് കേന്ദ്ര ഓഫീസിൽ ചേർന്നു
- ഇൻഫാം കാഞ്ഞിരപ്പള്ളി കാർഷിക ജില്ല എക്സിക്യൂട്ടീവ് സമ്മേളനം ഡിസംബർ 20 നു പാറത്തോട് ഇൻഫാം കേന്ദ്ര ഓഫീസിൽ വച്ച് നടന്നു

**ഫാ. തോമസ് മറ്റമുണ്ടയിൽ**
**ഡയറക്ടർ**

---

## മലനാട് ഡവലപ്മെന്റ് സൊസൈറ്റി

സിൽ നടന്നു. 50 നേഴ്സറി സ്കൂളുകളിൽ നിന്നായി 74 ടീച്ചേഴ്സ് പങ്കെടുത്തു.

**തേൻ വിതരണം**

രാരീരം പാഠ്യപദ്ധതിയിൽ ഉൾപ്പെട്ട നേഴ്സറി സ്കൂളിലെ കുട്ടികൾക്ക് നൽകുന്നതിനായി സൊസൈറ്റിയിൽ നിന്നും 76 കിലോ തേൻ നൽകി.

**ഫാ. തോമസ് മറ്റമുണ്ടയിൽ**
**സെക്രട്ടറി**

# പീരുമേട് ഡെവലപ്മെന്റ് സൊസൈറ്റി

പീരുമേട് ഡെവലപ്മെൻറ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ നവംബർ, ഡിസംബർ മാസങ്ങളിലായി ഗ്രാമതലങ്ങളിൽ നടത്തിയ വിവിധ വികസനപ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ.

**പിഡിഎസ് ഓർഗാനിക് സ്പൈസസ്**

**കയറ്റുമതി:** പി ഡി എസ് ഓർഗാനിക് സ്പൈസസിൽ നിന്നും കഴിഞ്ഞമാസം നടന്ന കയറ്റുമതികൾ: യു എസ് എ : 5, ജർമ്മനി : 1, ഫ്രാൻസ് : 2

**അതിഥി സർട്ടിഫിക്കേഷൻ**

ഓർഗാനിക് സർട്ടിഫിക്കേഷന്റെ ഭാഗമായി 18/11/2023 മുതൽ 25/11/2023 വരെ അതിഥി സർട്ടിഫിക്കേഷൻ നടത്തിയ ഫീൽഡ് ഓഡിറ്റ് കംപ്ലീറ്റ് ചെയ്തു.

ഓർഗാനിക് സർട്ടിഫികേഷന്റെ ഭാഗമായി ഇ യൂ, ജെ എ എസ്, നത്തൂർ ലാൻഡ് ഫെയർ, എന്നിവയുടെ ഓഡിറ്റ് കംപ്ലീറ്റ് ചെയ്തു.

**പി ഡി എസ് സഹ്യാദ്രി ആയുർവേദ ഡിവിഷൻ**

സഹ്യാദ്രിയുടെ അടുത്ത മാസത്തേക്കുള്ള ബുക്കിംഗ് രജിസ്റ്റർ ചെയ്തു.

ആയുർവേദ ഹോസ്പിറ്റലിൽ നവംബർ 22ന് പുതിയ ലേഡി

ഡോക്ടർ ചാർജ് എടുത്തു. ഡോക്ടർ സ്നേഹ മരിയ മാത്യു ബി.എ.എം. എസ് ആണ് ചാർജ് എടുത്തത്.

സഹ്യാദ്രി ആയുർവേദ മ്യൂസിയം സന്ദർശിക്കുവാനായി ഏലപ്പാറ പഞ്ചായത്ത് എൽ.പി. സ്കൂളിലെ വിദ്യാർത്ഥികളും അധ്യാപകരും എത്തിച്ചേർന്നു.

പേറ്റന്റ് പ്രോഡക്റ്റ് മാർക്കറ്റിങ്ങിനു വേണ്ടി ഡിസ്ട്രിബ്യൂട്ടേഴ്സിനെ കണ്ടെത്തുവാനുള്ള ചർച്ചകൾ ഡയറക്ടർ അച്ചന്റെ നേതൃത്വത്തിൽ സഹ്യാദ്രി മാർക്കറ്റിംഗ് ടീമുമായി നടത്തിവരുന്നു.

മധ്യപ്രദേശിൽ ആയുർവേദ മരുന്നുകൾ വിതരണം ചെയ്യുന്നതിനായി അവിടെയുള്ള ഡിസ്ട്രിബ്യൂഷൻ കമ്പനിയുമായുള്ള ചർച്ചകൾ നടന്നുവരുന്നു

കോട്ടയം, ഇടുക്കി, എറണാകുളം ജില്ലകളിൽ ആയുർവേദ മരുന്നുകൾ വിതരണം ചെയ്തു വരുന്നു.

**സഹ്യാദ്രി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്**

**വാട്ടർ & സോയിൽ ടെസ്റ്റിംഗ് ലാബ്**

സാമ്പിളുകൾ പരിശോധിച്ചത്: സോയിൽ: 17, ആയുർവേദ സാമ്പിൾ: 48, വാട്ടർ: 8

ട്രൈക്കോഡർമ 50kg, സ്യൂഡോമോണസ് 12 kg പുതുതായി ഉത്പാദിപ്പിച്ചു.

ട്രൈക്കോഡർമ 30kg വിൽപ്പന നടത്തി.

കമ്പോസ്റ്റ് 300 kg ഉല്പാദിപ്പിച്ചത് 119 kg വിറ്റഴിച്ചു.1500 kg നിലവിൽ സ്റ്റോക്ക് ഉണ്ട്.

**ഇക്കോ ഫാം**

**ഹരിതകഷായം**

പുതിയതായി 150 ലിറ്റർ ഉത്പാദിപ്പിച്ചു, 750 ലിറ്റർ കർഷകർക്കായി വിതരണം ചെയ്തു.

കുരുമുളക് തൈകൾ 2800 സ്റ്റോക്ക് ഉള്ളതിൽ 310 എണ്ണം വിൽപ്പന നടത്തുകയും ചെയ്തു.

**ഗാർഡൻ**

ഗാർഡനിൽ ഈ മാസം 1397 തൈകൾ വിറ്റഴിച്ചു. പുതുതായി 1704 തൈകൾ ഉത്പാദിപ്പിച്ചു.

**കമ്മ്യൂണിറ്റി ഡെവലപ്മെന്റ് ഡിപ്പാർട്ട്മെന്റ്**

**റീജിയണൽ മീറ്റിംഗ്**

പി.ഡി.എസ് വിവിധ ഗ്രാമങ്ങളിൽ നടത്തിവരുന്ന വികസന പ്രവർത്തനങ്ങളെ വിലയിരുത്തുക, ഭാവി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക എന്ന ലക്ഷ്യത്തോടുകൂടി എല്ലാ മാസവും നടത്തപ്പെടുന്ന മീറ്റിങ്ങുകൾ പതിവുപോലെ കട്ടപ്പന, കുമളി, പീരുമേട്, കാഞ്ഞിരപ്പള്ളി, എരുമേലി റീജണൽ ഓഫീസുകളിൽ വച്ച് നടത്തപ്പെടുകയുണ്ടായി. വിവിധ ഗ്രാമങ്ങളിൽ നിന്നുള്ള പ്രതിനിധികൾ മീറ്റിങ്ങിൽ പങ്കെടുത്ത റിപ്പോർട്ട് അവതരിപ്പിച്ചു.

പീരുമേട് ഡെവലപ്മെന്റ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ജിൽസൺ ജെയിംസ് കുന്നത്ത് പുരയിടം, ജോയിന്റ് ഡയറക്ടർ ഫാ. ബ്രിജേഷ് പുറ്റുമണ്ണിൽ എന്നിവർ മീറ്റിങ്ങുകൾക്ക് നേതൃത്വം നൽകി. റീജണൽ കോഡിനേറ്റേഴ്സ് മീറ്റിംഗിൽ സന്നിഹിതരായിരുന്നു.

**യൂണിറ്റ് വാർഷികം**

പീരുമേട് ഡെവലപ്മെന്റ് സൊസൈറ്റിയുടെ കാഞ്ഞിരപ്പള്ളി റീജിയണിലെ നെയ്യാട്ടുശ്ശേരി യൂണിറ്റിൽ യൂണിറ്റ് ഡയറക്ടർ ആയ ഫാ. ജോൺ വെട്ടുവയലിന്റെ അധ്യക്ഷതയിൽ വാർഷികാഘോഷ പരിപാടികൾ ഭംഗിയായി നടത്തപ്പെട്ടു. പീരുമേട് ഡെവലമെന്റ്

സൊസൈറ്റി ജോയിന്റ് ഡയറക്ടർ ഫാ. ബ്രിജേഷ് പുറ്റുമണ്ണിൽ വാർഷികാഘോഷം ഉദ്ഘാടനം ചെയ്തു

പീരുമേട് ഡെവലപ്മെന്റ് സൊസൈറ്റിയുടെ കുമളി റീജിയണിലെ കുഴിത്തൊളു യൂണിറ്റിൽ യൂണിറ്റ് ഡയറക്ടർ ആയ ഫാ. ജോർജ് കപ്പിയാങ്കലിന്റെ അധ്യക്ഷതയിൽ വാർഷികാഘോഷ പരിപാടികൾ ഭംഗിയായി നടത്തപ്പെട്ടു. പി.ഡി.എസ് ജോയിന്റ് ഡയറക്ടർ ഫാ. ബ്രിജേഷ് പുറ്റുമണ്ണിൽ വാർഷികാഘോഷ പരിപാടികൾ ഉദ്ഘാടനം ചെയ്തു.

**കർഷക ഉത്പാദക കമ്പനി**

നബാർഡ്, എൻ.സി.ഡീ.സി എന്നീ ഏജൻസികളുമായി സഹകരിച്ച് പി.ഡി.എസ് നേതൃത്വത്തിൽ നടപ്പിലാക്കിവരുന്ന കർഷക കമ്പനികളുടെ പ്രവർത്തനങ്ങൾ നല്ല രീതിയിൽ മുന്നോട്ടു പോകുന്നു.

നബാർഡിന്റെ സഹകരണത്തോടെ കേരളത്തിലെ 12 ജില്ലകളിലെ 25 ബ്ലോക്കുകളിലായി രൂപീകരിച്ച 25 കർഷക കമ്പനികളുടെ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയായി.

എൻ.സി.ഡി.സി യുടെ സഹായസഹകരണത്തോടെ കോഴിക്കോട് ഇടുക്കി ജില്ലകളിലായി രൂപീകരിച്ച 7 കർഷക സൊസൈറ്റികളിൽ 2 കർഷക സൊസൈറ്റികളുടെ രജിസ്ട്രേഷൻ പൂർത്തിയായി പ്രവർത്തനം ആരംഭിച്ചു.

**വനജ്യോതിസ്**

പദ്ധതിപ്രദേശം കോഴിമല, കണ്ണംപടി, കൊമ്പുകുത്തി, ആദിവാസി കോളനികൾ .

ആദിവാസി കുടുംബങ്ങളുടെ സമഗ്രവികസനം ലക്ഷ്യമാക്കി ക്കൊണ്ട് നടപ്പിലാക്കിവരുന്ന വനജ്യോതിസ് പദ്ധതിയിലുൾപ്പെടുത്തി ഈ മാസം നടപ്പിലാക്കിയ പ്രവർത്തനങ്ങൾ .

| | | |
|---|---|---|
| മഴവെള്ള സംഭരണി | : | 1 |
| ചെറുതേനീച്ചപ്പെട്ടി | : | 560/ |
| കിണർ റീചാർജിങ് | : | 1 |
| കല്ല് കയ്യാല | : | 214 $m^2$ |

**പരിശീലനം നൽകി**

**ചെറുതേനീച്ച വളർത്തൽ**

പീരുമേട് ഡെവലപ്മെന്റ് സൊസൈറ്റിയുടെ വനജ്യോതിസ് പദ്ധതിയുമായി സഹകരിച്ച് മുണ്ടക്കയം റീജിയണിലെ പെരുവന്താനം യൂണിറ്റിൽ ചെറുതേനീച്ച വളർത്തലിനെകുറിച്ച് പരിശീലന ക്ലാസ് നടത്തുകയുണ്ടായി. പരിശീലനത്തിൽ പങ്കെടുത്തവർക്ക് ചെറുതേനീച്ചപ്പെട്ടി വിതരണം ചെയ്യുന്നതായിരിക്കും.

**ഇന്റൺഷിപ്പ് പ്രോഗ്രാം**

സാമൂഹിക പ്രവർത്തകർക്കു വേണ്ടിയുള്ള പരിശീലനത്തിന്റെ ഭാഗമായി 2 കോളേജുകളിൽ നിന്നായി 2 വിദ്യാർത്ഥികൾ പി.ഡി. എസിൽ ഇന്റൺഷിപ്പ് പൂർത്തിയാക്കി വരുന്നു.

**സാമ്പത്തിക സഹായങ്ങൾ**

കുടുംബ വികസന പ്രവർത്തനങ്ങളുടെ ഭാഗമായി പീരുമേട് ഡെവലപ്മെൻറ് സൊസൈറ്റി വഴിയായും പി ഡി എസ് ഫാമിലി സ്പോൺസർഷിപ് പ്രോഗ്രാം വഴിയായും ഈമാസം നൽകിയ സാമ്പത്തിക സഹായങ്ങൾ

| | | |
|---|---|---|
| വിദ്യാഭ്യാസ സഹായം | : | 325842/- |
| ഭവന നിർമ്മാണം | : | 187000/- |
| വരുമാനദായക പ്രവർത്തനങ്ങൾ | : | 1610000/- |
| ചികിത്സാ സഹായം | : | 48000/- |

**കൗൺസിലിംഗ് സേവനം**

പീരുമേട് ഡെവലപ്മെന്റ് സൊസൈറ്റിയുടെ കട്ടപ്പന ഫാമിലി കൗൺസിലിംഗ് നവംബർ, ഡിസംബർ മാസങ്ങളിലായി 22 കേസുകൾ രജിസ്റ്റർ ചെയ്തു. ഇവർക്ക് ആവശ്യമായ കൗൺസിലിംഗ് സേവനവും ഇതര സഹായങ്ങളും ഈ സെന്ററിൽ നിന്നും നൽകി വരുന്നു.


**ആരോഗ്യ ഇൻഷുറൻസ് പദ്ധതി**

ന്യൂ ഇന്ത്യ അഷ്വറൻസ് കമ്പനിയുടെ സഹായത്തോടെ പി.ഡി. എസ് നടത്തുന്ന യൂണിവേഴ്സൽ ഹെൽത്ത് ഇൻഷുറൻസ് പദ്ധതിയിൽ 304 കുടുംബങ്ങൾ അംഗത്വമെടുത്തു. ആശുപത്രിയിൽ കിടന്നുള്ള ചികിത്സ സഹായമായി 2 യൂണിറ്റിൽ 2 പേർക്ക് 14860/- രൂപ വിതരണം ചെയ്തു.

വെള്ളിലാംകണ്ടം : 14860/

**ഫാ. ജിൽസൺ ജെയിംസ് കുന്നത്തുപുരയിടം**

**ഡയറക്ടർ**



# രൂപതാവാർത്തകൾ

**മാർ ജോസ് പുളിക്കൽ**

**ഡിസംബർ 2023**

01 കുന്നോത്ത് ഗുഡ് ഷെപ്പേർഡ് മേജർ സെമിനാരിയിൽ വിശുദ്ധ കുർബാന അർപ്പിച്ചു.

02 പാലാ രൂപത ശാന്തിഗിരി ഇടവകയിൽ വിശുദ്ധ കുർബാന അർപ്പിച്ചു.

– തമ്പലക്കാട് പെനുവേൽ ഇമ്മാനുവേൽ ആശ്രമത്തിൽ മംഗളവാർത്ത ധ്യാനത്തിൽ സന്ദേശം നൽകി.

– കാഞ്ഞിരപ്പള്ളി കുന്നുംഭാഗത്ത് ഏദെൻ പബ്ലിക്ക് സ്കൂൾ സംഘടിപ്പിച്ച "റൺ ഫോർ ജസ്റ്റീസ്" കൂട്ടയോട്ടം ഫ്ളാഗ് ഓഫ് ചെയ്തു.

2–3 മേരികുളം സെന്റ് ജോർജ് ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

4–6 പി.ഒ.സി. യിൽ കെ.സി.ബി.സി. സമ്മേളനത്തിൽ പങ്കെടുത്തു.

7 പത്തനംതിട്ട ഇടവകയിൽ വിശുദ്ധ കുർബാന അർപ്പിക്കുകയും നവീകരിച്ച പാരീഷ്ഹാൾ ആശീർവദിക്കുകയും ചെയ്തു.

8 ചോറ്റി നിർമലാരം ഫ്രാൻസിസ്കൻ ആശ്രമത്തിൽ വിശുദ്ധ കുർബാന അർപ്പിച്ചു.

– ആനിക്കാട് ഇടവകയിൽ മാതൃവേദി നിർമ്മിച്ചു നൽകിയ വീട് ആശീർവദിക്കുകയും പുതിയ വീടിന് തറക്കല്ലിടുകയും ചെയ്തു.

– പാസ്റ്ററൽ സെന്ററിൽ ഫാ. ജേക്കബ് പനംതോട്ടത്തിന്റെ 'ദൈവാനുഭൂതിയുടെ സുഭാഷിതങ്ങൾ' എന്ന പുസ്തകം പ്രകാശനം ചെയ്തു.

9 പൊടിമറ്റം എസ്.എച്ച്. പ്രൊവിൻഷ്യൽ ഹൗസിൽ വിശുദ്ധ കുർബാന അർപ്പിച്ചു.

– പാസ്റ്ററൽ കൗൺസിൽ സമ്മേളനത്തിൽ സംബന്ധിച്ചു.

9–10 കണയങ്കവയൽ സെന്റ് മേരീസ് ഇടവകയിൽ അജപാലനസന്ദർശനം നടത്തി.

11 പൊടിമറ്റത്ത് മാതൃവേദിയുടെ രൂപതാവാർഷികയോഗത്തിൽ പങ്കെടുത്തു.

– കാഞ്ഞിരപ്പള്ളി കത്തീഡ്രലിൽ ലൂർദ്സ് ചാരിറ്റബിൾ ട്രസ്റ്റ് ഉദ്ഘാടനം ചെയ്തു.

– പ്രിസൺ മിനിസ്ട്രി ഓഫ് ഇന്ത്യയുടെ ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു.

12 പാസ്റ്ററൽ സെന്ററിൽ വിശുദ്ധ കുർബാന അർപ്പിച്ചു.

– വാളാർഡിയിൽ പുതുക്കിപണിത സിസ്റ്റേഴ്സ് ഓഫ് ചാരിറ്റിയുടെ കോൺവെന്റ് ആശീർവദിച്ചു.

13 സഹ്യാദ്രി ക്രെഡിറ്റ് സൊസൈറ്റിയുടെ എക്സിക്യൂട്ടീവ് മീറ്റിംഗിൽ പങ്കെടുത്തു.

– മംഗലപ്പുഴ മേജർ സെമിനാരിയിൽ ഫാ. ജോൺ കുന്നപ്പള്ളി സിമ്പോസിയം ഉദ്ഘാടനം ചെയ്ത് സംസാരിച്ചു.

14 മംഗലപ്പുഴ മേജർ സെമിനാരിയിൽ വിശുദ്ധ കുർബാന അർപ്പിച്ചു.

15 പൊടിമറ്റം മംഗളവാർത്ത ദയറായിൽ വിശുദ്ധ കുർബാന അർപ്പിച്ചു.

– കാഞ്ഞിരപ്പള്ളിയിൽ മടുക്കക്കുഴി ഡെന്റൽ ക്ലിനിക്ക് ആശീർവദിച്ചു.

16–17 കമ്പംമേട്ട് സെന്റ് ജോസഫ് ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

17 കട്ടപ്പനയിൽ എക്യുമെനിക്കൽ ക്രിസ്മസ് ആഘോഷത്തിൽ പങ്കെടുത്തു.

18 നിർമ്മല തിയോളജിക്കൽ കോളേജിന്റെ കോൺവൊക്കേഷൻ ചടങ്ങിൽ സംബന്ധിച്ചു.

– കണ്ണിമല ഇടവകയിൽ പരേതയായ അന്നമ്മ വാലുമണ്ണേലിന്റെ മൃതസംസ്കാരശുശ്രൂഷയുടെ ദൈവാലയത്തിലെ കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു.

19 പാസ്റ്ററൽ സെന്ററിൽ സംയുക്ത വൈദികസമ്മേളനത്തിൽ സംബന്ധിച്ചു.

– കാഞ്ഞിരപ്പള്ളിയിൽ എ.കെ.സി.സി. അതിജീവനയാത്രയുടെ സ്വീകരണചടങ്ങിൽ സംസാരിച്ചു.

– കുന്നുംഭാഗം ഇടവകയിൽ ബഹു. സേവ്യർ കൊച്ചുപറമ്പിൽ അച്ചന്റെ പൗരോഹിത്യ സുവർണ്ണജൂബിലി ആഘോഷത്തിൽ പങ്കെടുത്തു.

– എൽ.ആർ.സി. യുടെ ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു.

20 കുന്നുംഭാഗം ജനറൽ ആശുപത്രിയിൽ നടന്ന 'ക്രിഡ്സ്മസ്' ക്രിസ്തുമസ് ആഘോഷം ഉദ്ഘാടനം ചെയ്ത് സംസാരിച്ചു.

– പാസ്റ്ററൽ സെന്ററിൽ സി. ലിസ്ബി എസ്.സി.ജെ.ജി. യുടെ സന്യാസസമർപ്പണ രജതജൂബിലി ആഘോഷത്തിൽ സംബന്ധിച്ചു.

21 സീറോ മലബാർ ഹയരാർക്കി സ്ഥാപനത്തിന്റെ നൂറാം വാർഷികത്തോടനുബന്ധിച്ച് കാഞ്ഞിരപ്പള്ളി കത്തീഡ്രലിൽ വിശുദ്ധ കുർബാന അർപ്പിച്ചു.

– ഇഞ്ചിയാനി ഇടവകയിൽ ഒരു ഭവനം ആശീർവദിച്ചു.

– ചെങ്കല്ലിൽ ആരംഭിച്ച 'ഏയ്ഞ്ചൽസ് ഷോപ്പ്' ആശീർവദിച്ചു.

- പൊടിമറ്റം മൈനർ സെമിനാരിയിൽ മേജർ സെമിനാരി വൈദികവിദ്യാർത്ഥികളുടെ കൂട്ടായ്മയിൽ പങ്കെടുത്തു.

22 പൊടിമറ്റം മൈനർ സെമിനാരിയിൽ വിശുദ്ധ കുർബാന അർപ്പിച്ചു. മേജർ സെമിനാരി വിദ്യാർത്ഥികളുമായി സംവദിച്ചു.

- പൊൻകുന്നം സബ് ജയിലിൽ നടന്ന ക്രിസ്തുമസ് ആഘോഷത്തിൽ സംബന്ധിച്ചു.

- കാഞ്ഞിരപ്പള്ളി പാസ്റ്ററൽ സെന്ററിൽ ക്രിസ്തുമസ് ആഘോഷത്തിൽ സംബന്ധിച്ചു.

- കണ്ണിമല ഇടവകയിൽ പരേതരായ നോബിൾ വടക്കേൽ, ജെഫിൻ പാലക്കൽ എന്നിവരുടെ മൃതസംസ്കാര ശുശ്രൂഷയുടെ ദൈവാലയത്തിലെ കർമ്മങ്ങൾക്ക് കാർമ്മികത്വം നൽകി.

- കാഞ്ഞിരമറ്റം ഇടവകയിൽ പരേതനായ ചെരിപുറത്ത് സി. ജെ. സെബാസ്റ്റ്യന്റെ ഭവനത്തിലെത്തി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

23 ചങ്ങനാശ്ശേരിയിൽ അതിരൂപതാ പാസ്റ്ററൽ കൗൺസിൽ ഉദ്ഘാടനം ചെയ്ത് സംസാരിച്ചു.

- കാഞ്ഞിരപ്പള്ളി കത്തീഡ്രലിൽ 'ശാന്തിദൂത് - 2023' ൽ പങ്കെടുത്തു.

24 കാഞ്ഞിരപ്പള്ളി കത്തീഡ്രലിൽ തിരുപ്പിറവി കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു.

25 മാന്തറ സെന്റ് ആന്റണീസ് പള്ളിയിൽ ക്രിസ്തുമസിനോടനുബന്ധിച്ച് നടത്തപ്പെട്ട ധ്യാനത്തിൽ സന്ദേശം നൽകി.

26 കാഞ്ഞിരപ്പള്ളിയിൽ തലവടി കുടുംബയോഗസുവർണ്ണജൂബിലി സമ്മേളനത്തിൽ പങ്കെടുത്തു.

- പൊടിമറ്റത്ത് 'നസ്രാണി യുവശക്തി' സമ്മേളനത്തിൽ സംബന്ധിച്ചു.

- ഇളങ്ങോയി ഇടവകയിൽ പരേതനായ വെട്ടുവേലിൽ വി.ജെ. ജോസിന്റെ മൃതസംസ്കാര ശുശ്രൂഷയുടെ ഭവനത്തിലെ കർമ്മത്തിൽ സംബന്ധിച്ച് സന്ദേശം നൽകി.

27 കൊല്ലമുള ഇടവക ഡീ. ഞൊണ്ടിമാക്കൽ തോമസിന്റെ ശുശ്രൂഷാ പൗരോഹിത്യ സ്വീകരണത്തിൽ കാർമ്മികത്വം വഹിച്ചു.

- എരുത്വാപ്പുഴ ഇടവകയിൽ പുതുതായി നിർമ്മിച്ച കുരിശടി ആശീർവദിച്ചു.

28 അമലഗിരി ഇടവകയിൽ ഡീ. ചേനപുരയ്ക്കൽ തോമസിന്റെ ശുശ്രൂഷാ പൗരോഹിത്യ സ്വീകരണത്തിൽ കാർമ്മികത്വം വഹിച്ചു.

- കാഞ്ഞിരപ്പള്ളി കൾച്ചറൽ സെന്ററിന്റെ ക്രിസ്തുമസ് ആഘോഷത്തിൽ സംബന്ധിച്ചു.

29 കാക്കനാട് സെന്റ് തോമസ് മൗണ്ടിൽ പ്രതിഭാസംഗമത്തിൽ പങ്കെടുത്തു.

- ഇഞ്ചിയാനി ഇടവകയിൽ ഇടവകദിനാഘോഷങ്ങളിൽ പങ്കെടുത്തു.

30 പൊടിമറ്റം മൈനർ സെമിനാരിയിൽ ദൈവവിളി ക്യാമ്പിനോടനുബന്ധിച്ച് വിശുദ്ധ കുർബാന അർപ്പിച്ചു.

- കാരികുളം ഇടവകയിൽ കൊള്ളിക്കുളവിൽ കുടുംബയോഗ സമ്മേളനത്തിൽ സംബന്ധിച്ചു.

- പ്ലാച്ചേരി ഇടവകയിൽ ഡീ. ചാത്തനാട്ട് ജേക്കബിന്റെ ശുശ്രൂഷാപൗരോഹിത്യ സ്വീകരണത്തിൽ കാർമ്മികത്വം വഹിച്ചു.

31 പൊടിമറ്റത്ത് ഒരു വിവാഹം ആശീർവദിച്ചു.

- കാഞ്ഞിരപ്പള്ളി കത്തീഡ്രൽ ഇടവക പരേതനായ കുന്നത്ത് കെ.ജെ. ജോർജിന്റെ ഭവനത്തിലെത്തി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

## മാർ മാത്യു അറയ്ക്കൽ
## ഡിസംബർ 2023

04 കോട്ടയം ലൂർദ് പള്ളിയിൽ ഒരു ചരമവാർഷികാചരണത്തിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നല്കുകയും സെമിത്തേരിയിലെയും അതേത്തുടർന്നുള്ള പ്രാർത്ഥനാശുശ്രൂഷകളിലും കാർമ്മികത്വം വഹിക്കുകയും ചെയ്തു.

08 പീരുമേട് ഇടവക ദൈവാലയത്തിൽ പരിശുദ്ധ അമലോത്ഭവ മാതാവിന്റെ തിരുനാൾ ദിനത്തിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നല്കി.

11 ഇടുക്കി കളക്ടറേറ്റിൽ കേരള മുഖ്യമന്ത്രിയുടെ നവകേരള സദസ്സിലെ പൗരപ്രമുഖരുടെ മീറ്റിംഗിൽ പങ്കെടുത്തു.

12 മരിയൻ കോളേജിലെത്തി കേരള മന്ത്രിസഭാംഗങ്ങൾക്കൊപ്പമുള്ള ഉച്ചഭക്ഷണത്തിൽ പങ്കാളിയായി.

13 കണ്ണിമലയിടവകയിൽ വാലുമണ്ണേൽ കുടുംബത്തിലെത്തി ബഹു. ഡാർവിനച്ചന്റെ പരേതയായ മാതാവിനായി ഒപ്പീസ് പ്രാർത്ഥന നടത്തി.

19 രൂപതാ ജോയിന്റ് പ്രീസ്റ്റ് കോൺഫ്രൻസിലെത്തി ക്രിസ്മസ് Gathering - ൽ പങ്കാളിയായി.

– കുന്നുംഭാഗം വികാരിയായ ബഹു. സേവ്യർ കൊച്ചുപറമ്പിലച്ചന്റെ പൗരോഹിത്യ സുവർണ്ണജൂബിലി സമ്മേളനം ഉത്ഘാടനം ചെയ്ത് സന്ദേശം നല്കി.

20 കണ്ണിമല ഇടവകയിൽ പരേതയായ റോസമ്മ പഴയതോട്ടത്തിന്റെ മൃതസംസ്കാരകർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു.

22 കുന്നുംഭാഗം സെന്റ് ജോസഫ്സ് സ്കൂളിലെത്തി ക്രിസ്മസ് സന്ദേശം നൽകുകയും മധുരം പങ്കുവയ്ക്കുകയും ചെയ്തു.

– ഹോളി ഏഞ്ചൽസ് കോളേജിലെത്തി ക്രിസ്മസ് മീറ്റിംഗിൽ പങ്കെടുത്ത് സന്ദേശം നൽകി.

23 കത്തീഡ്രൽ ഇടവകയുടെ ശാന്തിദൂത് - ക്രിസ്മസ് റാലി Flag off ചെയ്തു.

25 മാങ്ങാപ്പാറ ഇടവകദൈവാലയത്തിൽ ക്രിസ്മസ് തിരുക്കർമ്മങ്ങൾ പരികർമ്മം ചെയ്ത് വി. ബലിയർപ്പിച്ച് സന്ദേശം നൽകി.

26 ചെങ്കൽ ഇടവകയിൽ ആഘോഷമായ വി. കുർബാന സ്വീകരണദിനത്തിലെ വിശുദ്ധ കുർബാനയ്ക്ക് നേതൃത്വമേകി.

\- എം.പി. ശശി തരൂരിനോടൊപ്പം കാഞ്ഞിരപ്പള്ളി അമൽ ജ്യോതി കോളേജിൽ വച്ചു നടന്ന Agri Entrepreneurs മീറ്റിംഗിൽ പങ്കെടുത്തു.

27 കാഞ്ചിയാർ ഇടവകയിൽ ഡീക്കൻ ജോസഫ് ഇരുപ്പക്കാട്ടിന്റെ തിരുപ്പട്ടസ്വീകരണ കർമ്മങ്ങൾ പരികർമ്മം ചെയ്തു.

28 പ്രാദേശിക നേതാക്കൾക്കായി നല്കപ്പെട്ട ക്രിസ്മസ് സ്നേഹവിരുന്നിൽ പങ്കെടുത്തു.

29 രൂപതാ മൈനർ സെമിനാരിയിൽ നടത്തപ്പെട്ട ദൈവവിളിക്യാമ്പിൽ വിശുദ്ധ കുർബാനയർപ്പിച്ച് സന്ദേശം നല്കി.

30 വെച്ചൂച്ചിറ ഇടവകയിൽ ഡീക്കൻ തോമസ് കണ്ടത്തിലിന്റെ തിരുപ്പട്ട സ്വീകരണകർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു.

\- പൂഞ്ഞാർ - മണിയംകുന്ന് ഇടവകത്തിരുനാൾദിനത്തിലെ വിശുദ്ധ കുർബാനയർപ്പിച്ച് സന്ദേശമേകി.

31 വെളിച്ചിയാനി ഇടവകയിൽ പരേതനായ ജോസ് തോമസ് വളയത്തിലിന്റെ മൃതസംസ്കാരകർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു.

# BISHOP'S ENGAGEMENTS
## MAR JOSE PULICKAL
## January - 2024

| Date | Programme | Place | Time |
|---|---|---|---|
| 1 | Ordination | Neyyattusserry | 9.00 am |
| 2 | Inauguration, Biblical Theology Course | Pastoral Centre | 10.30 am |
| - | Jubilee Celebration | Kottayam | 2.15 pm |
| 3 | Silver Jubilee Conclusion, St. Marys' HSS | Vellarmkunnu | 9.30 am |
| - | Blessing, High School Building | Peruvanthanam | 2.00 pm |
| 4 | Jubilee Celebration | Mundakayam | 11.00 am |
| 5 | Shrine Blessing | Elikulam | 4.15 pm |
| 6 | Baptism | Erumely | 7.30 am |
| - | Vestition, SD Congregation | Changanacherry | 10.30 am |
| 8-13 | Syro Malabar Synod | | |
| 14 | Holy Qurbana and Jubilee Celebration | Elangoi | 9.30 am |
| 15 | Leader's Meet, Matruvedi | Podimattom | 11.30 am |
| 16 | Presbyteral Council | Pastoral Centre | 10.00 am |

| | | | |
|---|---|---|---|
| 17 | Jubilee Celebration, St. George HSS | Kattappana | 10.00 am |
| - | Baptism | Valiyathovala | 12.30 pm |
| - | Holy Qurbana and Convent Blessing, DARE - Medical Mission Sisters | Peerumadu | 3.00 pm |
| 19 | Anniversary, Citadel | Ranni | 5.00 pm |
| 20 | Marriage | Thamarakunnu | 11.00 am |
| - | Golden Jubilee Celebration St. Joseph's Public School | Kunnumbhagam | 2.30 pm |
| - | Holy Qurbana, Presbyteral Blessing | Tharakanattukunnu | 5.30 pm |
| 21 | Betrothal | Athirampuzha | 12.00 pm |
| 22 | Meeting | Angels' Village | 11.00 am |
| 22-23 | Regional Bishops' Conference | Kottayam | |
| 23 | New Priests' Reception and Orientation Program | Pastoral Centre | 7.00 pm |
| 24 | Holy Qurbana | Pastoral Centre | 6.30 am |
| 25 | Holy Qurbana and Blessing Adoration Chapel - Ave Maria | Koratty Old | 4.30 pm |
| 26 | Nilackal Theerthadanam | Thulappally | 10.30 am |
| 27 | Golden Jubilee Celebration | Kanjirapally | 11.00 am |
| 31-Feb 07 | CBCI | | |



കാഞ്ഞിരപ്പള്ളി രൂപതയുടെ സ്ഥാപനം
വിമല ബുക്ക്ഹൗസ്
കാഞ്ഞിരപ്പള്ളി
ദൈവാലയത്തിന്
ആവശ്യമായ
വിവിധ
സാധനങ്ങളുടെ
വിപുലമായ
ശേഖരങ്ങൾ
സഹ്യാദ്രി
MDS
We Care
ഉൽപ്പന്നങ്ങൾ
ഇവിടെ ലഭ്യമാണ്
Contact Number : 8589985731

# 2024 ജനുവരി – പിറവി – ദനഹാ കാലങ്ങൾ

| | | |
|---|---|---|
| 1 | തിങ്കൾ | ഫിലി 2:5–11 , യോഹ 5:19–23 |
| 2 | ചൊവ്വ | ഹെബ്രാ 3:1–6; യോഹ 1:19–28. |
| 3 | ബുധൻ | 1 പത്രോ 4:12–19; മത്താ 5:1– 12. |
| 4 | വ്യാഴം | റോമാ 3:21–26; ലൂക്കാ 3:1–9. |
| 5 | വെള്ളി | ശ്ലീഹ 1:12–14 (1:1–14); ലൂക്കാ 1:39–45 |
| 6 | ശനി | ദനഹാത്തിരുനാൾ<br>പുറ 19:16–25; ജോയേ 2:28–32;<br>2 തിമോ 1:6–10; മർക്കോ 1:1–11. |
| 7 | ഞായർ | ✠ ദനഹാ ഒന്നാം ഞായർ<br>പുറ 33:18–23; സെഫാ 3:14–20;<br>2 പത്രോ 1:16–21; യോഹ 1:45–51. |
| 8 | തിങ്കൾ | 2 കോറി 12:1–10; മത്താ 4:1–11. |
| 9 | ചൊവ്വ | റോമാ 1:13–17; ലൂക്കാ 4:14–22. |
| 10 | ബുധൻ | 2 തിമോ 3:10–17; ലൂക്കാ 4:23–30. |
| 11 | വ്യാഴം | ഫിലി 1:12–18; യോഹ 3:22–30. |
| 12 | വെള്ളി | ശ്ലീഹ 12:1–11; മത്താ 14:1–12. |
| 13 | ശനി | റോമാ 9:30–33; യോഹ 10:31–39. |
| 14 | ഞായർ | ✠ ദനഹാ രണ്ടാം ഞായർ<br>പുറ 3:9–16; പ്രഭാ 18:1–14;<br>വെളി 1:4–8; യോഹ 8:21–30. |
| 15 | തിങ്കൾ | എഫേ 1:15–23; യോഹ 3:31–36. |
| 16 | ചൊവ്വ | 1 യോഹ 3:1–10; മർക്കോ 1:21–28. |
| 17 | ബുധൻ | വെളി 19:5–10; യോഹ 2:1–12. |
| 18 | വ്യാഴം | 1 കോറി 6:12–20; യോഹ 2:13–25. |
| 19 | വെള്ളി | ഗലാ 1:11–24; യോഹ 21:15–19. |
| 20 | ശനി | 2 തിമോ 2:1–5; മത്താ 10:24–33. |
| 21 | ഞായർ | ✠ ദനഹാ മൂന്നാം ഞായർ<br>നിയ 31:1–8; ഏശ 41:8–16;<br>ഫിലി 3:4–16; മർക്കോ 3:7–19. |
| 22 | തിങ്കൾ | യൂദാ 1:20–25; മത്താ 9:9–13. |
| 23 | ചൊവ്വ | യാക്കോ 5:13–20; യോഹ 1:29–34. |
| 24 | ബുധൻ | 1 പത്രോ 4:1–11; ലൂക്കാ 7:36–50. |
| 25 | വ്യാഴം | 3 യോഹ 1:1–8; ലൂക്കാ 15:1–10. |
| 26 | വെള്ളി | വെളി 4:1–11; ലൂക്കാ 8:4–15. |
| 27 | ശനി | റോമാ 10:5–13; മർക്കോ 1:40–45. |
| 28 | ഞായർ | ✠ ദനഹാ നാലാം ഞായർ<br>ഉത്പ 29:1–14; 2 രാജാ 17:24–28;<br>ഹെബ്രാ 6:1–12; യോഹ 4:1–26. |
| 29 | തിങ്കൾ | 2 കോറി 5:17–21; യോഹ 4:27–30, 39–42. |
| 30 | ചൊവ്വ | 1 തെസ 1:2–6; യോഹ 8:37–47. |
| 31 | ബുധൻ | 1 കോറി 7:29–35; ലൂക്കാ 10:38–42. |

Edited and printed by Rev. Fr. Kurian Thamarasserry, Chancellor,
Pastoral Centre, Kanjirapally, Ph:04828-205200, 9447080520, Fax : 04828-205200
E-mail : kthamarassery@gmail.com
Layout : Smarts Kanjirapally - 203850 Printing : Amala offset Kanjirapally 204654